D157:3M76:32
32H5

MUL
165426

Anuradha

# അനുരാധ

FEB 1949

അനുവാദകൻ,

ആർ. നാരായണപ്പണിക്കർ,

ബി. ഏ., എൽ. ററി.

R. Narayana Panikkar

സമ്പാദകൻ

ആർ. ററി. പിള്ള ആൻഡ് സൺസ്,

ചാല—തിരുവനന്തപുരം

1121

Price Re. 1

UNIVERSITY LIBRARY
20 JUL 1955

ഒന്നാംപതിപ്പ്—കാപ്പി 1000.

Sreedhara ptg house, Tvm.

ശ്രീധര പ്രിൻറിംഗ് ഹൌസ്, തിരുവനന്തപുരം.

165426
38354
0157:3M76:3%
32H5

Copy right reserved by the Publishers.

20 JUL 1955
MADRAS

# അവതാരിക

---

ശരച്ചന്ദ്രൻെറ മൂന്നു കൃതികൾ ഞാൻ ഇതിനു മുമ്പു തന്നെ വിവൎത്തനം ചെയ്തുകഴിഞ്ഞു. ഇതു നാലാമത്തേതാണു്. വംഗസാഹിത്യത്തിലെ മുടിചൂടാച്ചക്രവൎത്തിയായി വാണിരുന്ന ഈ മഹാനുഭാവൻെറ എല്ലാ കൃതികളും ഭാഷയിലേക്കു തൎജ്ജമ ചെയ്താൽ കൊള്ളാമെന്നാണു് എൻെറ ആഗ്രഹം. അത്രമാത്രം അവ എൻെറ ഹൃദയത്തെ ആവൎജ്ജിച്ചിരിക്കുന്നു. അവയ്ക്കെന്തിത്ര വിശേഷം എന്നു ചോദിച്ചാൽ ഒററ വാക്യത്തിൽ മറുപടി പറയാൻ കഴിയും. ശരൽസാഹിത്യം വംഗസാഹിത്യത്തിനു മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള പരിപുഷ്ടിയും, വിശ്വസാഹിത്യത്തിനു—വിശേഷിച്ചു്, ഭാരതീയസാഹിത്യത്തിനു്, അഭൂതപൂൎവ്വമായ ഒരുണർവ്വും മഹനീയമായ ഒരാദൎശവും നല്കി—അതു തന്നെയാണു് അതിനുള്ള മഹിമ.

വംഗദേശീയർ ശരച്ചന്ദ്രനെ തങ്ങളുടെ ഏകസാഹിത്യാചാൎയ്യരായി അഭിഷേകം ചെയ്തുവെങ്കിൽ, ഉത്തരഭാരതത്തിലെ മററു ദേശക്കാർ, പ്രത്യേകിച്ചു്, ഹിന്ദിയിലേയും ഗുജറാത്തിയിലേയും വിശിഷ്ടസാഹിത്യകാരന്മാർ, തൽകൃതികളെ ഒരൊററ എണ്ണം പോലും വിടാതെ ഭാഷാന്തരീകരിച്ചു് അവ വഴിക്കു ബംഗാളിൽ പ്രചലിതങ്ങളായ വിശിഷ്ടസാഹിത്യവാസനകളെ ഉത്തരഭാരതം മുഴുവനും വ്യാപിപ്പിച്ചു. അദ്ദേഹത്തിന്റെ കലാമുദ്ര പതിയാത്ത ഒരു വിശിഷ്ടകൃതി പോലും ഉത്തരഭാരതത്തിൽ ഇല്ലെന്നു പറ

യത്തക്ക ഒരു നില വന്നുകൂടിയിരിക്കുന്നു. അത്ര്യ്ക്കു് അപ്രതിഹതമായിരുന്നു അദ്ദേഹത്തിന്റെ പ്രേരണാശക്തി. അടുത്തകാലത്തുണ്ടായിട്ടുള്ള ദ്രാവിഡകൃതികൾ വായിച്ചു നോക്കിയാൽ, ആ പ്രേരണാശക്തി അല്പാല്പമായിട്ടെങ്കിലും ദാക്ഷിണാത്യഭൂമിയിലും സംക്രമിച്ചിട്ടുണ്ടെന്നുകാണാം. ശരൽ ബാബു നവ്യഭാരതത്തിന്റെ ഒരു വിശിഷ്ടസൃഷ്ടിയായിരുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ ഭാരതത്തിന്റെ സജീവമായ ചിത്രം നമുക്കു കാണ്മാൻ സാധിക്കുന്നു. അധുനാതനസമുദായം എന്ന പോലെ തന്നെ, അദ്ദേഹത്തിന്റെ വിമൃഷ്ടരുചിസമ്പന്നമായ ഹൃദയവും, പുതുമയ്ക്കും പഴമയ്ക്കും തമ്മിലുള്ള നിരന്തരസംഗ്രാമത്തിനു രംഗഭൂവായിരുന്നു. ഈ സംഗ്രാമത്തിന്റെ ഫലമായി യാഥാസ്ഥിതികത്വത്തിന്റേയും ഉൽപതിഷ്ണുതയുടേയും മധ്യകക്ഷ്യാവർത്തിയായ ഒരു പുതിയ ഭാരതത്തിന്റെ സൃഷ്ടിക്കായി തന്റെ തൂലികയെ അദ്ദേഹം പ്രയോഗിച്ചു. അതു പൂർണ്ണഫലപ്രാപ്തിയിലെത്തും മുമ്പുതന്നെ ഹതവിധി അദ്ദേഹത്തിനെ അപഹരിച്ചുകളഞ്ഞു.

അദ്ദേഹത്തിന്റെ ഏതു കൃതി വായിച്ചു നോക്കിയാലും യാഥാസ്ഥിതികത്വവും ഉൽപതിഷ്ണുതയും ഭംഗിയായി സമ്മേളിച്ചിരിക്കുന്നതു കാണാം. ആധുനികപരിഷ്കാരത്തിന്റെ തിരത്തള്ളലിൽ അലിഞ്ഞൊലിച്ചു തുടങ്ങിയ ഗാർഹസ്ഥ്യജീവിതശുദ്ധിയേയും ഗ്രാമീണജീവിതത്തിന്റെ നിർദ്ദോഷതയേയും ഓർത്തു നിർവ്യാജമായ കണ്ണീരൊലിപ്പിക്കുന്നതിനോടുകൂടിത്തന്നെ അദ്ദേഹം ആചാരശൃംഖലാബദ്ധമായ സമുദായത്തിൽ കുടുങ്ങി നിതാന്തദുരിതവും അസ്വ

തന്ത്രതയും അനുഭവിക്കുന്ന അബലാജനങ്ങളുടേയും, ജാതി വ്യത്യാസത്താൽ ക്ലേശിക്കുന്ന പതിതജനങ്ങളുടേയും മോചനത്തിനുവേണ്ടി തീവ്രവാദികളിൽ മാത്രം കാണുന്ന തീക്ഷ്ണതയോടുകൂടി വാദിക്കുന്നു. പതിതരോടും ചാരിത്രഹീനന്മാരോടും അദ്ദേഹം ഏതാണ്ടൊരു അനുകമ്പയോടുകൂടിയാണ് വർത്തിച്ചിരുന്നതെന്നും, അതു് ഒരു വലിയ പോരായ്മയാണെന്നും ചില പുരോഭാഗികൾ—പക്ഷെ അവരധികമില്ല—പഴിക്കാറുണ്ടു്. ഒരു കഥയുടെ പേരുതന്നെ 'ചാരിത്രഹീനൻ' *എന്നാണു്. പക്ഷേ ആ ഗ്രന്ഥം വായിച്ചുനോക്കുന്ന ഏവനും—ഇന്ദ്രിയാനായത്തൻ പോലും, അതിലെ ചാരിത്രഹീനനായ നായകനോടുള്ള ബഹുമാനത്തിലും സ്നേഹത്തിലും മുഴകിപ്പോകാതിരിക്കയില്ല. അത്രയ്ക്കു വിപുലമായ സഹാനുഭൂതിയിൽ മുക്കിയ നിപുണമായ തൂലികകൊണ്ടാണു് ഈ ചരിത്രചിത്രണം സാധിച്ചിരിക്കുന്നതു്. വാസ്തവം പറയുന്നതായാൽ ഇപ്രകാരം പതിതരും അശരണരും, മർദ്ദിതരും ദൂഷിതരും—എന്നുവേണ്ട ദയനീയമായ നിലയെ പ്രാപിച്ചുപോയിട്ടുള്ള ഏവരും, ശരച്ചന്ദ്രൻെറ കൃതികളിൽ സ്ഥലം പിടിച്ചിട്ടുള്ളതുകൊണ്ടു തന്നെയാണു് അവ ജാതിമതഭേദമെന്യേ എല്ലാവരുടേയും പ്രീതിക്കു പാത്രീഭവിച്ചിരിക്കുന്നതു്.

ഈ ചെറുകഥയിൽ പാശ്ചാത്യപരിഷ്കാരം കുടിവച്ച ഒരു പഴയ കുടുംബത്തിൻേറയും നവീനാശയങ്ങൾ തൊട്ടുതെറിച്ചിട്ടുപോലും ഇല്ലെങ്കിലും മാർജ്ജിതരുചിയാ

---

* ഈ വിപുലമായ ഗ്രന്ഥം ഞാൻ തർജ്ജമ ചെയ്തു വച്ചിരിക്കുന്നു. അചിരേണ പ്രസിദ്ധപ്പെടുത്തുന്നതാണു്.

യിരിക്കുന്ന ഒരു ഗ്രാമീണകുടുംബത്തിന്റേയും ചരിത്രം മിതമായ വാക്കുകളെക്കൊണ്ടു് ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ആ രണ്ടു ചിത്രങ്ങളേയും അടുപ്പിച്ചു വച്ചു് നോക്കുന്നവരെല്ലാം ഗ്രാമീണചിത്രത്തിന്റെ മധുരിമയിൽ മുഗ്ദ്ധരായിപ്പോകാതിരിക്കയില്ല. വർണ്ണങ്ങളെല്ലാം യഥാസ്ഥാനം യഥോചിതം ചേർത്തിരിക്കുന്നതിനാൽ, ഉജ്ജ്വലത കുറവാണെങ്കിലും ചിത്രത്തിനു പരിസ്ഫുടതയും അകൃത്രിമത്വവും വർദ്ധിച്ചിട്ടുണ്ടു്. ഗ്രാമ്യജീവിതത്തിന്റെ ദോഷവശങ്ങൾ അങ്ങിങ്ങായി സ്ഫുരിപ്പിച്ചിട്ടില്ലായിരുന്നുവെങ്കിൽ, ഈ ചിത്രം ഇത്രമാത്രം ഹൃദയാവർജ്ജകമായി തീരുകയില്ലായിരുന്നുതാനും.

ഈ ചെറുകഥയെ ഇത്ര ഭംഗിയായി അച്ചടിച്ചു തന്നതിനു് ശ്രീധരപ്രസ്സധികൃതന്മാരോടും ഇതിനെ പ്രസാധനം ചെയ്യുന്ന ഭാരം കൈയേററതിനു R. T. Pillai & Sons ഉടമസ്ഥന്മാരോടും കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
12-11-1121.

ആർ. നാരായണപ്പണിക്കർ.

20 JUL 19
MADRAS

# അനുരാധ

## I

ഒരു ബാലികയുടെ വിവാഹത്തിനു് മാമൂൽക്കോടതി വിധിച്ചിട്ടുള്ള പ്രായം കഴിഞ്ഞോ ഇല്ലയോ എന്നുള്ളതിനെപ്പററി എത്ര കള്ളം പറയാൻ സാധിക്കുമോ, അതൊക്കെ പറഞ്ഞുതീൎന്ന ശേഷവും, അതിൻെറ സീമ ലംഘിക്കപ്പെടുകയും അതിനുള്ള ആശപോലും ഇങ്ങിനി വരാതവണ്ണം മാഞ്ഞുപോകയും ഇക്കാലത്തു സാധാരണമാണു്. "അയ്യയ്യോ! ഇതെന്തൊരു കഥയാണു്?" എന്നു തുടങ്ങി കണ്ണുമിഴിച്ചുകൊണ്ടു് "പെണ്ണിനു വിവാഹാലോചന ഒന്നും ആയല്ലേ?" എന്നു ചോദിക്കുന്നതിനുപോലും ഇപ്പോൾ ആൎക്കും രസം ഇല്ലാതായിരിക്കുന്നു. ഈ ഒരു വിനോദം കൂടിയും സമുദായത്തിനു് അനാവശ്യകമായിത്തോന്നിത്തുടങ്ങിയിരിക്കണം. ഇങ്ങനെ ഒരു അവസ്ഥയാണു് നമ്മുടെ പാവപ്പെട്ട അനുരാധയ്ക്കും വന്നുകൂടിയിരിക്കുന്നതു്. ഇതു പുരാതന കാലത്തെ കഥയൊന്നുമല്ല—ഇന്നത്തെ ഈ ആധുനിക യുഗത്തിലെ—കഥയാണെന്നുള്ളതാണു് അതിലെ വലിയ നേരമ്പോക്കു്. വാക്കു പറഞ്ഞും കൊടുത്തും, ജാതകം നോക്കിയും നോക്കിച്ചും, കുലശീലാദികൾ തിരക്കിയും തിരക്കിച്ചും, വൎഷങ്ങൾ പലതും കഴിഞ്ഞു; അവൾക്കു വയസ്സും മുപ്പതു തികഞ്ഞു. എന്നിട്ടും വരനൊന്നും ലഭിച്ചില്ലെന്നു പറഞ്ഞാൽ പെട്ടെന്നു ആൎക്കും വിശ്വാസം വരികയില്ലെങ്കിലും,

കാൎയ്യം പച്ചപ്പരമാൎത്ഥമാണ്. ഇന്നു കാലത്തും ജമീന്ദാരുടെ കച്ചേരിയിൽ വച്ച് ഈ സംഗതിയേപ്പററി ചൎച്ചയുണ്ടായി. പുതിയ ജമീന്ദാരുടെ പേരു് ഹരിഹരഘോഷാൽ എന്നാണു്. കൽക്കത്തെയിലാണു് സ്ഥിരതാമസം. വിജയൻ മുഖത്തു നിന്നു ചുരുട്ട താഴെ വച്ചിട്ടു് ചോദിച്ചു:— "ഗഗനചടൎജ്ജിയുടെ സഹോദരി എന്തു പറഞ്ഞു? വീട്ട് ഒഴിഞ്ഞു തരികയില്ലെന്നോ?"

ഈ വാൎത്തയും കൊണ്ടുവന്ന ആരാം പറഞ്ഞു:—"പറയാനുള്ളതൊക്കെ കൊച്ചുബാബു വരുമ്പോൾ അദ്ദേഹത്തിനോടു നേരിട്ടു പറഞ്ഞുകൊള്ളാമെന്നാണു" അവരുടെ മറുപടി."

വിജയൻ ക്രോധാവിഷ്ടനായിട്ടു പറഞ്ഞു:—എന്തു്? അക്കൂട്ടരെ ആട്ടി പ്പുറത്താക്കുന്നതിന്നു് ഞാൻ തന്നെ ചെല്ലണമെന്നാണോ ഇതിൻെറ അൎത്ഥം? ആളുകളെ അയച്ചാൽ കാൎയ്യം നടക്കുകയില്ലെന്നോ?"

അയാൾ മൌനം അവലംബിച്ചു; വിജയൻ വീണ്ടും തുടൎന്നു:—

"വിനോദ! ഇതിൽ ചോദിക്കാനും പറയാനും ഒരു ചുക്കുമില്ല; എനിക്കു് ഒന്നും കേൾക്കേണ്ടതായിട്ടും ഇല്ല. എന്നിട്ടും അതിലേക്കായി ഞാൻ തന്നെ അവളുടെ അടുക്കലേക്കു പോകണമെന്നോ? അവൾക്കു് ഇവിടെ വന്നു തടസ്സം വല്ലതുമുണ്ടെങ്കിൽ അറിയിക്കാൻ കഴികയില്ലേ?"

വിനോദൻ:—ഞാൻ ഇതു് അവരോടു് പറയാതിരുന്നില്ല

"വിനോദച്ചേട്ട! ഞാൻ ഒരു മാന്യകുടുംബത്തിലെ കന്യകയാണു്. വീടു വിട്ടു വെളിയിൽ ഇറങ്ങേണ്ടി

വന്നാൽ, അദ്ദേഹത്തിനോടു പറഞ്ഞിട്ട് എന്നെ ന്നേക്കുമായി ഇറങ്ങിപ്പൊയ്ക്കൊള്ളാം. അല്ലാതെ കൂടക്കൂടെ ഇറങ്ങാനും കേറാനും എനിക്കു സാധിക്കയില്ല" എന്നായിരുന്നു അതിനു അവർ പറഞ്ഞ മറുപടി.

"നിങ്ങൾ അവളുടെ പേരു പറഞ്ഞല്ലോ? എന്താണ്—അനുരാധയെന്നോ? പൊരുപൊരപ്പൊട്ടുന്ന പേരു തന്നെ. അതുകൊണ്ടായിരിക്കാം ഈ അഹങ്കാരമൊക്കേ."

"അതൊന്നുമല്ല, എജമാനനേ."

വിനോദൻ ആ ഗ്രാമത്തിലുള്ളവനായിരുന്നതിനാൽ അനുരാധയുടെ ദുർദ്ദശയെപ്പററി നല്ലപോലെ അറിവുള്ളവനായിരുന്നു; അയാൾ അതു വിവരിച്ചു കേൾപ്പിച്ചു. എന്നാൽ അനതിപൂർവ്വമായ ഇതിഹാസത്തിനും അതിപൂർവ്വമായ ഒരു ചരിത്രമുണ്ടു്—അതാണു് ഇപ്പോൾ പറയാൻ ഭാവിക്കുന്നതു്.

ഗണേശപുരമെന്നാണു് ഗ്രാമത്തിന്റെ നാമം. ഒരു കാലത്തു് ഈ ഗ്രാമം അനുരാധയുടെ പൂർവ്വികന്മാരുടെ വകയായിരുന്നു. അതു നിശ്ശേഷം കൈയിൽ നിന്നിട്ടു പോയിട്ടു അഞ്ചാറുകൊല്ലമേ ആയിട്ടുള്ളു. അതിലേ മുതലെടുപ്പു് പ്രതിവർഷം രണ്ടായിരം ഉറുപ്പികയിൽ കവിയുകയില്ല; എന്നാൽ അനുരാധയുടെ പിതാവായിരുന്ന അമരചടജിയുടെ നടപ്പും പെരുമാററവും ഒക്കെ ഇരുപതിനായിരം വരുമാനമുള്ളവന്റെ മട്ടിലായിരുന്നു. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ ഉത്തമർണ്ണന്മാർ താമസിക്കുന്ന ഗൃഹമുൾപ്പെടെയുള്ള സർവ്വ വസ്തുക്കളിലും ഡിക്രി സമ്പാ

ദിച്ചു. എന്നാൽ ഈ ഡിക്രി നടത്തി എടുക്കാൻ അവർ ഭയപ്പെട്ടു. അതുകൊണ്ട് അങ്ങനെ കുറേക്കാലം കഴിഞ്ഞു. അമരചടജ്ജിയുടെ പേരിൽ നാട്ടുകാർക്കൊക്കെ ഉണ്ടായിരുന്ന ബഹുമാനത്തിനുള്ള ഹേതു അദ്ദേഹത്തിൻെറ കുലമഹിമമാത്രമായിരുന്നില്ല; അദ്ദേഹത്തിൻെറ ജപതപങ്ങളും വ്രതചര്യാദികളും സർവ്വജനവിദിതമായിരുന്നു. അതിനാൽ അടിത്തട്ടു പൊളിഞ്ഞു്, അദ്ദേഹത്തിൻെറ ഗാർഹസ്ഥ്യനൌക അപവ്യയമാകുന്ന ലവണജലംകൊണ്ടു നിറഞ്ഞിട്ടും നിശ്ശേഷം മുങ്ങിപ്പോയില്ല. ഹൈന്ദവസമുദായത്തിൻെറ അന്ധവിശ്വാസമാകുന്ന വിടന്ന കപ്പൽപായിൽ അന്ധവാത്സ്യപോലെ ശക്തിയേറിയ ഭക്തിശ്രദ്ധാദിരൂപമായ കാററു് ചെന്നു പിടിച്ചിട്ടു്, ഈ ഭഗ്നനൌകയെ ഒരു വിധം തള്ളിത്തള്ളി ചട്ടജ്ജിയുടെ ആയുസ്സീമയുടെ മറുകര എത്തിച്ചുവെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. അതിനാൽ അദ്ദേഹത്തിൻെറ ജീവിതകാലം ഒരുവിധം സുഖമായിത്തന്നെ കഴിഞ്ഞുകൂടി. അദ്ദേഹം മരിച്ചതിനുശേഷം ശവദാഹാദികർമ്മങ്ങളും ശ്രാദ്ധാദി ക്രിയകളും ആഡംബരപൂർവ്വം തന്നെ നിർവ്വഹിക്കപ്പെട്ടു. എന്നാൽ അതിനോടുകൂടി സത്തിന്റെ ചരമക്രിയയും കഴിഞ്ഞുവെന്നു പറയാം. ഇത്രയും നാളായി മൂക്കുമാത്രം വെളിയിൽക്കാണിച്ചു ഉഛ്വാസം വലിച്ചുകൊണ്ടിരുന്ന ആ ഗാർഹസ്ഥ്യനൌക അതിലിരുന്ന ആഭിജാത്യമഹിമാദി വിലയേറിയ ചരക്കുകളോടുകൂടി കാലസമുദ്രത്തിൽ ആണ്ടുപോയി.

പിതാവിൻെറ മരണാനന്തരം പുത്രനായ ഗഗനനു, ഡിക്രിയിൽ പെടാത്ത ഒരു ഇടിഞ്ഞുപൊളിഞ്ഞ പൈതൃക

ഗൃഹവും മുക്കാറും ലൂണജലത്തിൽ മുങ്ങിയ ഗ്രാമസമ്പത്തും, ഏതാനും പശുമേഷകുക്കുരമാർജ്ജാരാദിജന്തുക്കളും ലഭിച്ചു. അതിനും പുറമെ പിതാവിൻെറ ദ്വിതീയ പത്നിയിൽ നിന്നു ജനിച്ചു, കൌമാരം കഴിയാറായ കന്യകയുടെ ഭാരവും അയാളുടെ തലയിൽ ആയി.

അവൾക്കു് വിവാഹാലോചന വരാതിരുന്നില്ല. ആ ഗ്രാമത്തിലെ ഒരു ഭദ്ര പുരുഷൻ വിവാഹത്തിനാലോചിച്ചു. അദ്ദേഹത്തിൻെറ പത്നി പ്രായപൂർത്തിവന്ന അഞ്ചാറു സന്താനങ്ങളെയും ബന്ധുമിത്രാദികളേയും അദ്ദേഹത്തിനെത്തന്നെയും കൈവെടിഞ്ഞിട്ടു് പരലോകത്തു വാസം ഉറപ്പിച്ചുകളഞ്ഞു. എന്തുചെയ്യാം! അതിനാൽ ഇങ്ങനെ ഒരു സൽകർമ്മം ചെയ്തു പുണ്യം സമ്പാദിക്കാമെന്നായിരുന്നു അദ്ദേഹം വിചാരിച്ചതു്.

അനുരാധ പറഞ്ഞു:— ചേട്ടാ! രാജപുത്രന്മാരാരെയും എനിക്കു വിധിച്ചിട്ടില്ല. എന്നെ അദ്ദേഹത്തിനു കല്യാണം കഴിച്ചു കൊടുക്കുക. പണമുള്ള ആളായതു കൊണ്ടു് ഉണ്ണാനും ഉടുപ്പാനുമെങ്കിലും കിട്ടുമല്ലോ.

ഗഗനൻ ആശ്ചര്യപൂർവം പറഞ്ഞു:—"ഇതെന്തൊരു കഥയാണു്! ത്രിലോചനൻെറ അടുക്കൽ പണമുണ്ടെന്നു് എനിക്കറിയാം. എന്നാൽ അയാളുടെ തകപ്പൻ കുലമര്യാദ ഉപേക്ഷിച്ചു് സതീപുരത്തിലെ ചക്രവർത്തിയുടെ വീട്ടിൽ നിന്നു് കല്യാണംകഴിച്ച കഥ നിനക്കു് അറിഞ്ഞുകൂടെ? അക്കൂട്ടരെ ഇനി ആരു ബഹുമാനിക്കും?"

സഹോദരി പറഞ്ഞു:—"മറെറാന്നും ഇല്ലെന്നിരുന്നാലും പണമുണ്ടല്ലോ ചേട്ടാ! കുലമഹിമയും വച്ചുകൊണ്ടു് പട്ടിണി കിടക്കുന്നതിനേക്കാരം, മുഷ്ടി നിറയേ ചോറം കറിയും കിട്ടുന്നതാണ് നല്ലതു്.

ഗഗനൻ ശിരശ്ചാലനപൂർവം പറഞ്ഞു:—ഒരിക്കലും അല്ല! അങ്ങനെ ഒരിക്കലും സംഭാവ്യമല്ല.

"എന്തുകൊണ്ടു് ? പറയുക; ഞാൻ കൂടി കേരംക്കട്ടെ. അച്ഛൻ ഈ മാതിരി സംഗതികളെ ഗൌരവമുള്ളതായി കരുതിയിരുന്നു. ചേട്ടൻ ഇതൊന്നും ആദരിക്കാറില്ലല്ലോ."

ഇവിടെ ഒരു സംഗതി പറയേണ്ടതായിരിക്കുന്നു. പിതാവിൻെറ ആചാരനിഷ്ഠകളൊന്നും പുത്രനിൽ ഇല്ലായിരുന്നു. മദ്യമാംസാദികളിലും തദാനുഷംഗികങ്ങളായ വിഷയങ്ങളിലും അയാരം നിശ്ശേഷം മോഹവിമുക്തനായിരുന്നെങ്കിലും, പത്നീവിയോഗാനന്തരം മറെറാരു ഗ്രാമത്തിലേ ഏതോ ഒരു നീചസ്ത്രീയേക്കൊണ്ടു തദഭാവത്തെ ഇന്നും ദൂരീകരിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള വസ്തുത സർവ്വവിദിതമാണു്.

ഗഗനന് സഹോദരിയുടെ വ്യംഗ്യഭാഷണത്തിൻെറ അർത്ഥം മനസ്സിലായി. അയാരം ഗർജ്ജിച്ചു:—"എനിക്കു് നിരർത്ഥകങ്ങളായ ആചാരങ്ങളിൽ അന്ധഭക്തിയൊന്നുമില്ല. എന്നാൽ കന്യാഗതമായ കുലാചാരത്തെ നിനക്കുവേണ്ടി തിലാഞ്ജലിചെയ്തു പതിന്നാലുതലമുറകളിലെ പിതൃക്കളെ നരകത്തിൽ പതിപ്പിക്കാൻ ഞാൻ ഒരുങ്ങേണമെന്നോ? നാമൊക്കെ കൃഷ്ണൻെറ സന്താനങ്ങളാണു്; നമുക്കു

സ്വഭാവസിദ്ധമായ കുലീനത്വമുണ്ട്—പോ പോ! ഈ മാതിരി നാറുന്ന വാക്കുകൾ നിൻെറ മുഖത്തുനിന്ന് ഇനി പുറപ്പെടരുതു്."

ഇത്രയും പറഞ്ഞിട്ട് അയാൾ സകോപം അവിടെ നിന്നുപോയി. അങ്ങനെ ത്രിലോചന ഗംഗോപാദ്ധ്യായ ൻെറ വിവാഹാലോചനയും നിലച്ചു.

ഗഗനൻ പിന്നീട് ഹരിഹരഘോഷാലിനെ ശരണം പ്രാപിച്ചു. ഈ കുലീനബ്രാഹ്മണനെ ഋണമുക്തനാക്കാതിരുന്നുകൂടല്ലോ. കൽക്കത്താ നഗരത്തിൽ തടി വ്യാപാരം നടത്തി ലക്ഷപ്രഭുവായിത്തീൎന്ന ആളാണ് ഹരിഹര ഘോഷാൽ. ഒരു കാലത്തു് അദ്ദേഹത്തിൻെറ അമ്മയുടെ പിതാമഹൻ ഈ ഗ്രാമത്തിൽ താമസിച്ചിരുന്നു. അതിനാൽ അദ്ദേഹം തൻെറ കണ്ണുകൾകൊണ്ടുതന്നെ അമരചട്ടൎജി യുടെ കുടുംബത്തിൻെറ സുദിനം കാണുകയുണ്ടായിട്ടുണ്ടെന്നു മാത്രമല്ല പല അവസരങ്ങളിലും ആ ഗൃഹത്തിൽനിന്നു വയറു നിറയേ പൂരിയും മററു മധുരദ്രവ്യങ്ങളും തിന്നിട്ടുമുണ്ടു്. പണം അദ്ദേഹത്തിന് വലിയകാൎയ്യമായിരുന്നില്ല. അതിനാൽ അദ്ദേഹം ഗഗനൻെറ അപേക്ഷയെ സ്വീകരിച്ചു് ഗണേശപുരത്തെ വിലയ്ക്കു വാങ്ങിയിട്ടു്, ചട്ടൎജികുടുംബത്തിലെ കടമെല്ലാം വീട്ടുകയും പഴയവീട്ടിനെ അവൎക്കു താമസിക്കാനായിക്കൊടുക്കയും ചെയ്തു. വെളിയിലത്തെ രണ്ടുമൂന്നു മുറികൾമാത്രം കച്ചേരിക്കായി വിട്ടിട്ടു് ശേഷമുള്ള സ്ഥലത്തു് ഗഗനനും സഹോദരിയും യഥാപൂൎവ്വം താമസിച്ചുകൊള്ളണമെന്നായിരുന്നു വ്യവസ്ഥ. ഈ വ്യവസ്ഥ കേവലം മൌഖികമായിരുന്നതേയുള്ളു താനും.

ജമീന്ദാരി വലിയ്യം വാങ്ങിയെങ്കിലും പുതിയ ജമീന്ദാരുടെ അധീനതയിൽ ഇരിക്കാൻ പ്രജകളാരും ഇഷ്ടപ്പെട്ടില്ലാ. അല്പകാലംകൊണ്ടു് അദ്ദേഹത്തിന്ന നികുതിപിരിവിന്നും മററുമായി ആളുകളെ കിട്ടാതിരിക്കത്തക്കവണ്ണം ഉള്ള ഒരു നില ഗഗനൻ വരുത്തിവച്ചു. അതിന്നശേഷം അയാൾ തന്നെ അപേക്ഷിച്ചു് ആ ഉദ്യോഗം കൈവശപ്പെടുത്തി. ഇങ്ങനെ ഗണേശപുരത്തിലെ പഴയ ഭൂസ്വാമി പുതിയ ജമീന്ദാരുടെ ഗുമസ്താവായിത്തീൎന്നു. ചുരുക്കിപ്പറഞ്ഞാൽ, അയാൾ അചിരേണ ആ നാട്ടുകാരെ എല്ലാം കൈവശപ്പെടുത്തി. ഹരിഹരഘോഷാലിന്നു ഒരു വിധത്തിൽ ജീവനും വീണു; എന്നാൽ നികുതി പിരിവിനെ സംബന്ധിച്ചിടത്തോളം പഴയരീതിതന്നെ നിലനിന്നു. ഒരു പൈസപോലും രൊക്കം പിരിയാതെ ആയി. ഈ വിധം കൊല്ലം രണ്ടു കഴിഞ്ഞു. അങ്ങനെ ഇരിക്കെ ഒരുദിവസം ഗഗനചട്ടർജിയെക്കാണ്മാനില്ല എന്ന വാൎത്ത ജമീന്ദാരുടെ അടുക്കൽ എത്തി. അദ്ദേഹം തന്റെ ആളുകളെ വിട്ടു് അന്വേഷിപ്പിച്ചു നോക്കി. വസൂലാക്കാവുന്നിടത്തോളം പണവും തട്ടിക്കൊണ്ടാണു് അയാൾ എവിടെയോ പൊയ്ക്കളഞ്ഞിരിക്കുന്നതെന്നു് ഇപ്പോൾ അദ്ദേഹത്തിന്നു മനസ്സിലായി. പോലീസിൽ അറിവുകൊടുത്തു; കോടതിയിൽ ഹൎജി ബോധിപ്പിച്ചു. അന്വേഷണങ്ങൾ എല്ലാം നടത്തിച്ചു. എന്നാൽ പണത്തിന്റെ ആകട്ടെ ഗഗനന്റെ ആകട്ടെ നിഴൽപോലും കാണ്മാൻ കഴിഞ്ഞില്ലാ. ഗഗനന്റെ സഹോദരിയായ അനുരാധയും അവളുടെ വിദൂരബന്ധുവൎഗ്ഗത്തിൽപെട്ട ഒരു സ്ത്രീയുടെ പുത്രനും ഗൃഹത്തിൽ പാൎത്തിരുന്നു. പോലീ

സൎക്കാർ യഥാനിയമം ഇവരെ രണ്ടുപേരെയും, അലട്ടിനോക്കിയിട്ടും ഒന്നും തെളിഞ്ഞില്ല.

വിജയൻ ബ്ളാത്തിക്കു പോയിട്ടു തിരിച്ചു വന്നിരിക്കയാണ്. പലകുറി പരീക്ഷയും അയാളുമായി ബല പരീക്ഷ നടത്തി നോക്കി. ഒടുവിൽ അയാൾതന്നെ തോററു വശായിപ്പോയി. അതിലേക്കു നിരവധി പണവും ജമീന്ദാർ ചെലവഴിച്ചു. പക്ഷേ എന്തുചെയ്യാം? ഫലിച്ചില്ല. പരീക്ഷ ജയിക്കാൻ സാധിച്ചില്ലെന്നു വരികിലും വിജ്ഞതയുടെ ഫലസ്വരൂപമായ സ്വഭാവത്തെ ചുട്ടെടുത്തുംകൊണ്ടു് അയാൾ രണ്ടുവൎഷത്തിൻ്റെ മുമ്പേ തിരിച്ചു പോന്നു. ബ്ളാത്തിയിൽ പാസ്സും ഫെയിലും തമ്മിൽ വ്യത്യാസം ഒന്നുമില്ലെന്നാണു് അദ്ദേഹം പറയാറുള്ളതു്. പുസ്തകങ്ങൾ വായിച്ചാൽ ഏതു കഴുതയ്ക്കും പാസ്സാകാൻ കഴിയും; ആ ഉദ്ദേശമേ ഉണ്ടായിരുന്നുള്ളുവെങ്കിൽ അയാൾക്കു ഇവിടെത്തന്നെ താമസിച്ചുകൊണ്ടു പുസ്തകങ്ങൾ വായിക്കാമായിരുന്നു. ശീമയ്ക്കു പോകേണ്ട കാൎയ്യമേ ഉണ്ടായിരുന്നില്ലല്ലോ. വീട്ടിലേക്കു തിരിച്ചു വന്നിട്ടു് അദ്ദേഹം പിതാവിൻ്റെ തടിവ്യാപാരത്തിന്നുള്ള കാല്പനിക ദുരവസ്ഥയെപ്പററി ആശങ്ക പ്രകാശിപ്പിച്ചു് അതിൻ്റെ മാനേജ്മെൻ്റ് സ്വയം കൈവശപ്പെടുത്തി. ഈ രണ്ടുകൊല്ലങ്ങൾക്കിടയിൽ അവിടുത്തെ ജോലിക്കാൎക്കെല്ലാം അദ്ദേഹത്തിൻ്റെ പേരു് കേട്ടാൽ ഭയപ്പെടുമെന്ന നിലവന്നു; അവരെല്ലാം അദ്ദേഹത്തിനെ പുലിയേക്കാൾ പേടിച്ചുംവന്നു. ജോലിത്തിരക്കുകൊണ്ടു് അദ്ദേഹത്തിന്നു ശ്വസിക്കുന്നതിന്നുള്ള സൌകൎയ്യംപോലും കിട്ടാതെയായി. അങ്ങനെ ഇരിക്കവേ ആണു് ഗണേശപുരത്തെ

സ്ഥിതിഗതികളെപ്പററി അദ്ദേഹത്തിന്ന അറിവു കിട്ടിയതു് അദ്ദേഹം പറഞ്ഞു:—"ഇതൊക്കെ അറിഞ്ഞിരുന്നുംകൊണ്ടു് ചെയ്തുവച്ചതാണു്. അപ്പൻ തുടങ്ങുന്നതെല്ലാം ഇങ്ങനെ തന്നെ വന്നുചേരും. വേറെ മാർഗ്ഗമൊന്നുമില്ലെങ്കിലും, അശ്രദ്ധനായിരിക്കുന്നതുകൊണ്ടു കാര്യങ്ങൾ വഷളാകുകയേ ഉള്ളൂ. ആ വസ്തു മുഴുവനും കൈവശപ്പെടുത്തി പുതിയ വ്യവസ്ഥ വല്ലതും ചെയ്തേ തീരൂ." അതിലേക്കുവേണ്ടിയാണു് അദ്ദേഹം ഇപ്പോൾ ഗണേശപുരത്തേക്കു വന്നിരിക്കുന്നതു്. എന്നാൽ ഇത്ര നിസ്സാരമായ കാര്യത്തിന്ന വേണ്ടി ഒരു ദിവസം മുഴുവനും ഗ്രാമത്തിൽ താമസിക്കാൻ അദ്ദേഹത്തിന്ന ക്ഷമയുണ്ടായിരുന്നില്ല. കഴിയുന്നതും വേഗത്തിൽ കാര്യങ്ങൾ ഒതുക്കീട്ടു കല്ക്കത്തയ്ക്കു തിരിച്ചു പോകണമെന്നായിരുന്നു അദ്ദേഹത്തിൻെറ മനോഗതം. എല്ലാ കാര്യങ്ങളും അദ്ദേഹം തനിച്ചു ചെയ്യേണ്ടിയിരിക്കുന്നു. എന്തുചെയ്യാം? ഒരു ചേട്ടൻ ഉണ്ടു്. അദ്ദേഹം അററോർണി ആയിരിക്കയാണു്. പോരെങ്കിൽ വലിയ സമ്പാത്ഥനും. അദ്ദേഹം ആഫീസു കാര്യങ്ങളിലും ഭാര്യാപുത്രാദികളിലും ലയിച്ചിരിക്കുന്നു. ഗൃഹകാര്യങ്ങളിൽ തീരെ അജ്ഞനുമാണു്. ഗാർഹസ്ഥ്യചക്രം തിരിക്കുന്ന ഭാരത്തിന്റെ ഒരു അംശംമാത്രം വഹിക്കേണ്ടതിന്ന പകരം, എല്ലാ കാര്യത്തിലും അദ്ദേഹത്തിന്ന പത്തുപത്തു കണ്ണുകൾ ചെലുത്തേണ്ടതായി വന്നുകൂടി. അദ്ദേഹത്തിൻെറ ഭാര്യ പ്രഭാമയി കല്ക്കത്താ സർവ്വകലാശാലയിലെ ഒരു ഗ്രാഡ്വേറ്റാണു്. വീട്ടുകാര്യങ്ങളെപ്പററി അന്വേഷിക്കാതിരിക്കുന്നതോ പോകട്ടെ. ശ്വശ്രൂശ്വശുരന്മാർ ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്ന അന്വേഷിക്കാൻ പോലും ആ മഹതിക്കു് അവസരമില്ല. അഞ്ചാറുമുറികളുള്ള

ആ വീട്ടിൽ, അവരം താമസിക്കുന്ന മുറിയിൽ മാത്രം ഗൃഹ പരിവാരത്തിൽപ്പെട്ട ആരും തന്നെ അധികമായി പ്രവേശിക്കാറില്ല. അവരംക്കു പ്രത്യേകം ഭൃത്യന്മാരുണ്ട്. അവരിൽ ഒട്ടുമുക്കാലും വിജാതീയരും വിദേശീയരുമാണു്. വലിയ ബാബുവിന്റെ നിർബന്ധപൂർവ്വമായ പിടികൊണ്ടു്, പാചകജോലിക്കു ഇതുവരെ ഒരു മുസൽമാനേ നിയമിച്ചില്ലെന്നേയുള്ളു. ഈ വിഷയത്തിൽ പ്രഭയ്ക്കു വലിയ സങ്കടമുണ്ടു താനും. എന്നാൽ ഹരിഹരഘോഷാൽ ഒരുകാലത്തു മരിച്ചു പോകാതിരിക്കയില്ലല്ലോ; അന്നു് അതിനു പ്രതികാരം ചെയ്തുകൊള്ളാമെന്നു അവരം നിശ്ചയിച്ചു. ദേവരനായ വിജയനേക്കുറിച്ചു് അവരംക്കു വലിയ അവജ്ഞയാണുണ്ടായിരുന്നതു്. എന്നാൽ അദ്ദേഹം ശീമയിൽ നിന്നു തിരിച്ചു വന്നതിനുശേഷം കുറച്ചുകാലമായിട്ടു്, അവളുടെ മനോഭാവത്തിന് അല്പം മാററം വന്നിരിക്കുന്നു. രണ്ടുമൂന്നുപ്രാവശ്യം അവരം അദ്ദേഹത്തിനെ ക്ഷണിച്ചുവരുത്തി, സ്വന്തകൈകരംകൊണ്ടു പാചകം ചെയ്തു ഡിന്നർകൊടുക്കയും ആ അവസരങ്ങളിൽ തന്റെ സഹോദരിയായ അനീതായെ പരിചയപ്പെടുത്തുകയും ചെയ്കയുണ്ടായി. ഈ അനീത ഇപ്പോരം ബീ. ഏ. ആണേഴ്സ് പാസായിട്ടു് എം. ഏ. പരീക്ഷയ്ക്കു വായിക്കയാണു്.

വിജയൻ വിധുരനാണു് തന്റെ പത്നി മരിച്ചു പോയതിനു ശേഷമാണു് അദ്ദേഹം ശീമയ്ക്കു പോയതു്. അവിടെച്ചെന്നിട്ടു്, അദ്ദേഹം എന്തു ചെയ്തു ? എന്തു ചെയ്തില്ല? ഇതൊക്കെ അന്വേഷിക്കേണ്ട ആവശ്യം നമുക്കില്ല. എന്നാൽ ഒരു കാര്യം പറയാം. തിരിച്ചു വന്നതിനു ശേഷം

സ്ത്രീജാതിയോട്ടു പൊതുവെ അദ്ദേഹത്തിനു് എന്തെന്നില്ലാത്ത ഒരു വെറുപ്പാണുണ്ടായിരുന്നതു്. വീണ്ടും കല്യാണം കഴിപ്പാൻ അമ്മ നിർബന്ധിച്ചുനോക്കി; എന്നാൽ അദ്ദേഹം ക്രൂര വാക്ശരങ്ങളെക്കൊണ്ടു് അവരെ മടക്കുകയാൽ, അതിനെപ്പററി പിന്നീടും ആരും സംസാരിക്കാതെയായി.

അദ്ദേഹം ഗണേശപുരത്തു വന്നു് ഒരു പ്രജയുടെ വെളിയിലത്തെ രണ്ടു മുറികൾ എടുത്തു് അവിടെ കച്ചേരി നടത്തിത്തുടങ്ങി. ഗഗനൻെറ വീട്ടിൽ സൂക്ഷിച്ചിരുന്നിടത്തോളമുള്ള പ്രമാണങ്ങളും രേഖകളുമൊക്കെ അവിടെ നിന്നു് ഇങ്ങോട്ടുമാററി. അനന്തരം അന്നരാധയേയും ബാലനേയും ആ വീട്ടിൽ നിന്നു മാററാനുള്ള ഉപായത്തെപ്പററി വിനോദഘോഷനുമായി ആലോചന തുടങ്ങി.

കൽക്കത്തെയിൽ നിന്നു് ഇങ്ങോട്ടു തിരിച്ചപ്പോൾ തൻെറ കൂടെ എഴെട്ടു വയസ്സു പ്രായമുള്ള പുത്രനെക്കൂടി കൊണ്ടുപോന്നിരുന്നു. പുറപ്പെടാൻ നേരത്തു് അമ്മ പറഞ്ഞു:—"മകനെ ഗ്രാമത്തിൽ പാമ്പു്, തേൾ മുതലായവയുടെ ശല്യമുണ്ടു്. കുമാരനെക്കൊണ്ടു പോരേണ്ട. അവൻ ഇവിടെ നിന്നോട്ടെ" വിജയൻ മറുപടി പറഞ്ഞു:— അമ്മേ വലിയ ചേച്ചിയുടെ പ്രസാദത്താൽ ഇവിടെ ലക്ഷ്മിക്കും മോദകത്തിനും ഒന്നും ഒരു കുറവില്ല. എന്നാൽ ഇവനെ അവരെപ്പോലെ ആക്കിവിടാതിരിക്കണേ! ഇവൻ ആപത്തിലും വിപത്തിലും ഒക്കെ ചാടി ഒരു പുരുഷനായിത്തീർന്നുകൊള്ളട്ടേ."

ശീമയിലുള്ള സായ്പന്മാരും ഇങ്ങനെ തന്നെ ഉപദേശിക്കാറുണ്ടെന്നാണല്ലോ കേൾവി. എന്നാൽ ഇവിടെ ആ

തിന്നും പുറമേ ഒരു ഗ്രന്ഥത്തംകൂടി മറഞ്ഞു കിടന്നിരുന്നു. വിജയൻ ശീമയ്ക്കു പോയപ്പോഠം ഈ മാതൃഹീനനായ ബാലൻെറ ദിവസങ്ങഠം യാതൊരു വിധത്തിലുള്ള സ്നേഹാർദ്രമായ ശുശ്രൂഷകളും കൂടാതേയാണു് കഴിഞ്ഞിരുന്നതു്. കുമാരൻെറ പിതാമഹി പ്രായേണ കിടപ്പിലായിരുന്നു; ധാരാളം ധനവിഭവങ്ങഠം ഉണ്ടായിരുന്നിട്ടും അവൻെറ കാര്യത്തിൽ ശ്രദ്ധപതിപ്പിക്കാൻ ആരെയും കണ്ടില്ല. അതിനാൽ ആ പാവം ദുരവസ്ഥയിൽ കിടന്നു തന്നെയാണ് ഇത്രയും വളൎന്നതു്. ഈ സംഗതി ശീമയിൽ നിന്ന് തിരിച്ചു വന്ന മാത്രയിൽ തന്നെ വിജയന്നു മനസ്സിലായി.

വിജയൻ ഗണേശപുരത്തേക്കു പുറപ്പെട്ട സമയത്തു് ചേട്ടത്തി പറഞ്ഞു:—ലാലാജി! കുമാരനേയും കൂട്ടിക്കൊണ്ടാണു് പോകുന്നതു്. നാട്ടുംപുറമാണു്. സ്ഥലപരിചയമേ ഇല്ല. വളരെ സൂക്ഷിച്ചുകൊള്ളണം. എന്നുതിരിച്ചുവരും?"

കഴിയുന്നത്ര വേഗം വരാൻ നോക്കാം "അവിടെ ഒരു വീടുണ്ടെന്നു കേട്ടല്ലോ—ബാബൂജി വിലയ്ക്കു വാങ്ങിയതു്."

"വിലയ്ക്കു വാങ്ങിയതു ശരിതന്നെ; എന്നാൽ പക്ഷെ ഇതേ വരെ കൈവശപ്പെടുത്തീട്ടില്ല.

"ഇപ്പോഠം നിങ്ങഠം തന്നെ പോകുന്ന സ്ഥിതിക്കു് ഇനി കൈവശപ്പെടുത്താൻ താമസമുണ്ടാകയില്ലല്ലോ."

"എന്നുതന്നെയാണു് എൻെറയും വിശ്വാസം"

"കൈവശപ്പെടുത്തിയാലുടനെ വിവരം അറിയിക്കണേ".

"എന്തിനു്? ചേട്ടത്തി".

"അടുത്താണല്ലോ. ഞാൻ ഗ്രാമപ്രദേശങ്ങൾ കണ്ടിട്ടേ ഇല്ല. ഒരിക്കൽ ചെന്നു കണ്ടിട്ടു പോരാമെന്നുവിചാരിച്ചുമാത്രം. അനീതയുടെ കാളേജ് പൂട്ടി. അവളേയും കൂട്ടിക്കൊണ്ടുപോകാം."

ഈ പ്രസ്താവം കേട്ട വിജയൻ പുളകിതനായിട്ടു പറഞ്ഞു:—"വീടുകൈവശപ്പെടുത്തിയാലുടനേ ഞാൻ വിവരം അറിയിക്കാം. എന്നാൽ പിന്നീട് വരാതിരിക്കരുത്. അന്തർജ്ജനത്തിയെ കൂടെ തീർച്ചയായും കൊണ്ടുവരണം".

അനീത യുവതിയാണു് കണ്ടാൽ സുന്ദരി. പോരെങ്കിൽ ബീ. എ. പാസ്സായിട്ടുള്ളവളും! സാധാരണ സ്ത്രീജാതിയോടു് വിജയന്നു് പുറമേ അവജ്ഞയാണുണ്ടായിരുന്നതെങ്കിലും, ഓരോ പ്രത്യേക വ്യക്തിയോടും വിശേഷിച്ചു് ഇത്രമാത്രം അഭംഗുരഗുണങ്ങൾ തിങ്ങിവിളങ്ങിയ ഒരു രമണിയോടു് അദ്ദേഹത്തിന്നു് വെറുപ്പുണ്ടായിരുന്നു എന്നു പറഞ്ഞുകൂടാ. അവിടെ ആ ശാന്തമായ ഗ്രാമത്തിലെ നിർജ്ജന പ്രാന്തത്തിലും—ചിലപ്പോഴൊക്കെ പ്രാചീന വൃക്ഷങ്ങളുടെ സാന്ദ്രച്ഛായയാൽ സുശീതളമായിരിക്കുന്ന ഗ്രാമ്യപഥത്തിലും—ഏകാന്തമായി വർത്തിക്കവേ, പെട്ടെന്നു അവിചാരിതമായി അവൾ തന്റെ മുമ്പിൽ പ്രത്യക്ഷീഭവിക്കുന്നതിൻെറ സംഭാവ്യത ഇന്നു് അദ്ദേഹത്തിൻെറ ഹൃദയവേദിയിൽ കൂടക്കൂടെ ഒരു ദോളാക്രീഡനടത്തിക്കൊണ്ടിരുന്നു.

---

## II

വിജയൻ ശീമവേഷം ധരിച്ചു്, തലയിൽ ഹാറവും മുഖത്തു ചുരുട്ടും പോക്കറ്റിൽ കൈത്തോക്കും ആയി, വാക്കിങ്ങ് സ്റ്റിക്കും വീശിക്കൊണ്ടു് അനുരാധ താമസിക്കുന്ന വീട്ടിന്റെ മുൻവശത്തു് എത്തി. അദ്ദേഹത്തിൻെറ കൂടെ ലാത്തിപ്ര യോഗചതുരന്മാരായ രണ്ടു കിങ്കരന്മാരും പ്രജാവർഗ്ഗത്തിൽ പെട്ട ഏതാനും അനുയായികളും വിനോദഘോഷനും പുത്ര നായ കുമാരനും ഉണ്ടായിരുന്നു. വസ്തു കൈവശപ്പെടുത്തുന്ന അവസരത്തിൽ വല്ല കശപിശയും ഉണ്ടായേക്കാം എന്നു ഭയമുണ്ടായിരുന്നിട്ടും പുത്രനേക്കൂടെ കൊണ്ടുവന്നിരുന്നതു് ധൈര്യത്തിലും വീര്യത്തിലും മാതൃകകാണിച്ചുകൊടുത്തു് അവനു ശിക്ഷണം നല്കാൻ വേണ്ടിമാത്രമായിരുന്നു. "അനു രാധ തനിച്ചു താമസിക്കുന്ന ഒരു സ്ത്രീയാണു്. അവരം ബ ലം പ്രയോഗിക്കുമെന്നുള്ള ശങ്കയേ വേണ്ട." എന്നൊക്കെ വിനോദൻ അദ്ദേഹത്തിനെ പറഞ്ഞു മനസ്സിലാക്കിയിരു ന്നു. എന്നിട്ടും റിവാൾവർകൂടെ കൊണ്ടുപോകുന്നതു എ ല്ലാംകൊണ്ടും നന്നാണെന്നു വിജയൻ നിശ്ചയിച്ചു.

അദ്ദേഹം പറഞ്ഞു:—'അവരം വലിയ രാക്ഷസിയാണെന്നു കേട്ടു. പെട്ടെന്നു് ആളുകളെ വിളിച്ചു കൂട്ടിയിരിയ്ക്ക ണം. അവളായിരുന്നല്ലോ ഗഗനൻെറ ഉപദേശ കർത്ത്രി. അവളുടെ സ്വഭാവവും നടത്തയും ഒക്കെ ചീത്തയാണു്."

വിനോദൻ:—"അങ്ങനെഅല്ല. യജമാനനെ! ഞാൻ അ ങ്ങനെ ഒന്നും കേട്ടിട്ടില്ല"

"ഞാൻ കേട്ടിട്ടുണ്ടു്."

എങ്ങും. ആരെയും കാണ്മാനുണ്ടായിരുന്നില്ല. വിജയൻ നിശ്ശബ്ദമായ അങ്കണത്തിൽ നിന്നുകൊണ്ട് നാലുപാടും കണ്ണോടിച്ചു. അതേ അതേ! വീട്ടുകാരേപ്പോലെതന്നെ വീടും! മൻവശത്തെ പൂജാമുറി ഇപ്പോഴും പൊളിഞ്ഞുപോയിട്ടില്ല; ജീർണ്ണതയുടെ സീമവരെ എത്തിയതേയുള്ളു. ഒരു ഭാഗത്ത് ഒന്നോടൊന്നു തുടൻ ഇരിപ്പുമുറികളും ബൈഠക് ഖാനയും കാണുന്നു. എല്ലാററിൻേറയും അവസ്ഥ ഒന്നു പോലെതന്നെ. അവ പ്രാവിൻേറയും *കടവാതിലിൻേറയും പക്ഷികളുടെയും ആശ്രയസ്ഥാനമായിരിക്കുന്നു."

ഭൃത്യൻ വിളിച്ചു ചോദിച്ചു "ആരും ഇല്ലേ?"

അവൻെറ മര്യാദാശൂന്യമായ ഉച്ചസ്വരത്തിൻെറ ചീൽകാരത്താൽ വിനോദനും മററുള്ളവരും ലജ്ജയാൽ സങ്കുചിതരെന്നപോലെ ആയി. വിനോദൻ പറഞ്ഞു:—

"എജമാനനേ! ഞാൻ ചെന്ന് രാധാചേച്ചിയേ വിവരം അറിയിക്കാം" ഇത്രയും പറഞ്ഞിട്ട് അയാൾ അകത്തേക്കുപോയി.

അയാളുടെ കണ്ഠസ്വരവും സംസാരിക്കുന്ന രീതിയും കണ്ടാൽ, ഇന്ന് ഈ അവസ്ഥയിലും ഈ വീട്ടുകാരോട് അനാദരം കാണിക്കുന്ന വിഷയത്തിൽ അയാൾക്കു വളരെ സംകോചമുണ്ടെന്നു കാണാം.

രാധ പാചക ജോലിയിൽ ഏർപ്പെട്ടിരിക്കയായിരുന്നു. വിനോദൻ ചെന്ന് അവളോടു വിനയപൂർവ്വം പറഞ്ഞു:—

"ചേച്ചീ! കൊച്ചു ബാബു വന്നിരിക്കുന്നു, വെളിയിൽ നില്ക്കയാണ്."

അവരം ഈ ദുർദ്ദിനത്തെ പ്രതിദിനം ആശങ്കിച്ചു കൊണ്ടാണിരുന്നതു്. വേഗം കൈകരം കഴുകീട്ടു് എണീറവു; സന്തോഷത്തോടു വിളിച്ചുപറഞ്ഞു: "കുഞ്ഞേ! നീ ചെന്നു് വെളിയിൽ ഒരു കമ്പിളി വിരിച്ചുകൊടുത്തിട്ടു്, ചെറിയമ്മ ഇതാ വന്നുകഴിഞ്ഞു എന്നുപറയൂ." അനന്തരം അവരം വിനോദനോടായിട്ടു് പറഞ്ഞു: "ഞാൻ ഒട്ടും താമസിക്കയില്ല. ബാബുവിനോട്ടു് മുഷിയരുതെന്നും എനിക്കു വേണ്ടി ദയവുചെയ്തു് അല്പം ഇരിക്കണമെന്നും പറയൂ".

വിനോദൻ ലജ്ജിതമുഖഭാവത്തോടുകൂടിപറഞ്ഞു:— "ചേച്ചീ! ഞാൻ എന്തു ചെയ്യും! ഞങ്ങളൊക്കെ പാവപ്പെട്ട ശമ്പളക്കാർ. ജമീന്ദാർ കല്പിക്കമ്പോരം 'പാടില്ല' എന്നു പറവാൻ ഞങ്ങരംക്കു് അധികാരമുണ്ടോ? അതു കൊണ്ടാണു് ———"

"വിനോദച്ചേട്ടാ! അതൊക്കെ എനിക്കറിയാം. എനിക്കു് നിങ്ങളോടു് ഒരു പരിഭവവുമില്ല."

വിനോദൻ പോയി വെളിയിൽ കമ്പിളി വിരിച്ചു കൊടുത്തു. എന്നാൽ അതിൽ ആരും ഇരുന്നില്ല. വിജയൻ വടി വീശിക്കൊണ്ടും ചുരുട്ടുവലിച്ചു പുകവിട്ടുകൊണ്ടും അവിടെ ലാത്തിക്കൊണ്ടിരുന്നു.

അഞ്ചു മിനിട്ടിനു ശേഷം സന്തോഷൻ വാതലിന്നു വെളിയിൽ വന്നിട്ടു് വാതുക്കലേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു് സഭയം പറഞ്ഞു:—"ചെറിയമ്മ വന്നിരിക്കുന്നു."

വിജയൻ പെട്ടെന്നു നിന്നു. കലീനകുടുംബത്തിലെ കന്യക! അവളെ എങ്ങനെ സംബോധന ചെയ്യും. എന്നു

റിയാതെ അദ്ദേഹം കുഴങ്ങി. എന്നാൽ ഈ ക്ഷീണചിത്തതകൊണ്ടു കാര്യം നടക്കയില്ലെന്നു കണ്ടിട്ട്, പുരുഷകണ്ഠത്തിൽ ആ അന്തരാളവത്തിനിയെ ലക്ഷ്യമാക്കി ഇങ്ങനെ പറഞ്ഞു:—

"ഈ വീട്ട് ഞങ്ങൾക്കുള്ളതാണ്. അതു നിങ്ങൾക്ക് അറിയാമോ?"

"അറിയാം."

"പിന്നെ എന്താണ് ഒഴിഞ്ഞു തരാതിരിക്കുന്നതു്?"

രാധ വാതലിൻെറ മറവിൽ നിന്നുകൊണ്ടു്, സന്തോഷൻ വഴിക്കു മറുപടി പറവാൻ ഉദ്യമിച്ചു. എന്നാൽ ആ ബാലൻ വാക്ചതുരനായിരുന്നില്ലെന്നു മാത്രമല്ല, പുതിയ ജമീന്ദാരുടെ കർക്കശസ്വരത്തിലുള്ള വാക്കുകൾ കേട്ട മാത്രയിൽ തന്നെ അവൻെറ ശരീരവും കണ്ഠവും ഒരുപോലെ വിറകൊള്ളുകയും ചെയ്തു. ഒരു വാക്കും അവൻെറ നാവിൽനിന്നു വിശദമായി പുറപ്പെട്ടില്ല. വിജയൻ നാലഞ്ചു നിമിഷത്തോളം സമാധാനപൂർവ്വം ശ്രവിച്ചുകൊണ്ടിരുന്നു. ഒടുവിൽ ക്ഷമ അസ്തമിച്ചിട്ട് അദ്ദേഹം പറഞ്ഞു:—

"നിങ്ങളുടെ ചെറിയമ്മയ്ക്കു് വല്ലതും പറയാനുള്ള പക്ഷം മുമ്പിൽ വന്നു പറയട്ടെ. എനിയ്ക്കു് വ്യർത്ഥമായി സമയം കളയാൻ നിവൃത്തിയില്ല. ഞാൻ കരടിയും പുലിയും മററുമല്ലല്ലോ തിന്നുകളയാൻ. വീട്ട് ഒഴിഞ്ഞുതരുന്നോ ഇല്ലയോ?"

അനുരാധ വെളിയിൽ വന്നില്ല. അവിടെ നിന്നുകൊണ്ടു തന്നെ വിശദാക്ഷരം പറഞ്ഞു:—

വീട്ട് ഒഴിഞ്ഞുതരണമെന്ന് ഇതേവരെ ആരും ആവശ്യപ്പെട്ടിട്ടില്ല. ഇതിൻെറ ഉള്ളിലുള്ള ഈ അംശത്തിൽ പാൎത്തുകൊള്ളാൻ അവിടുത്തെ അച്ഛൻ ഞങ്ങളോട്ട് പറഞ്ഞിരുന്നു."

"അതിലേക്ക വല്ല പ്രമാണവുമുണ്ടോ?"

"ഇല്ല; മുഖദാവിൽ പറഞ്ഞിട്ടുള്ളതേ ഉള്ളു. അദ്ദേഹം ജീവിച്ചിരിപ്പുണ്ടല്ലോ; അദ്ദേഹത്തോട്ട ചോദിച്ചാൽ മനസ്സിലാവും."

"എനിക്ക ചോദിക്കേണ്ട കാൎയ്യമൊന്നുമില്ല. ഈ വ്യവസ്ഥയ്ക്കു് ഒരു രേഖ വാങ്ങാതിരുന്നതു് എന്തുകൊണ്ട്?"

"അതിൻെറ ആവശ്യമില്ലെന്നായിരുന്നു ചേട്ടൻെറ വിചാരം. അദ്ദേഹത്തിൻെറ വാക്കിനേക്കാൾ പ്രമാണത്തിന്ന വിലയുള്ളതായി ഒരു പക്ഷേ ചേട്ടന്ന തോന്നിയില്ലായിരിക്കാം."

ഈ വാക്കിന്ന സംഗതമായ ഉത്തരം ഒന്നും പെട്ടെന്നു തോന്നായ്കയാൽ വിജയൻ മൌനം അവലംബിച്ചു. എന്നാൽ അടുത്തക്ഷണത്തിൽ അകത്തുനിന്നുതന്നെ അദ്ദേഹത്തിന് ഉത്തരം ലഭിച്ചു.

അനുരാധ പറഞ്ഞു:—ഇങ്ങനെ ഒക്കെ ആണെങ്കിലും, ചേട്ടൻ തന്നെ ഉടമ്പടി ലംഘിച്ചുകളഞ്ഞതിനാൽ ഇനി ഈ വീട്ടിൽ താമസിക്കുന്നതിനുള്ള അവകാശം ഞങ്ങൾക്കില്ല. എന്നാൽ ഞാൻ ഒരു സ്ത്രീ—പോരെങ്കിൽ ഈ അനാഥബാലനും ഉണ്ട്. ഇവന് അച്ഛനമ്മമാർ ആരും ഇല്ല. ഞാനാണു് ഇവനെ വളൎത്തി

ഇത്രയും ആക്കിയതു്. ഞങ്ങളുടെ ഈ ദുർദശയിൽ അലിവുതോന്നി, മൂന്നുനാലു ദിവസത്തേക്കുകൂടെ ഇവിടെ താമസിക്കാൻ അനുവാദം തരണം. തനിച്ചു് ഇനി എങ്ങോട്ടു പോകേണ്ടു എന്നു് ഞാൻ ആലോചിച്ചുകൊണ്ടാണിരിക്കുന്നതു്."

വിജയൻ:—ആകട്ടെ ഞാൻ ചോദിക്കുന്ന ചോദ്യത്തിനു് ഉത്തരം പറയുമോ? നിങ്ങളുടെ ചേട്ടൻ ഇപ്പോൾ എവിടെയാണു്?"

"എവിടെയാണെന്നു് എനിക്കു നിശ്ചയമില്ല. അവിടുത്തെ ഇതേ വരെ ഞാൻ കാണാതിരുന്നതുതന്നെ, അവിടുത്തെ മുഷിപ്പിക്കരുതെന്നു വിചാരിച്ചാണു്."

ഇത്രയും പറഞ്ഞിട്ടു് ക്ഷണനേരം അവൾ മിണ്ടാതിരുന്നു. അനന്തരം ധൈര്യമവലംബിച്ചിട്ടു് ഇങ്ങനെ തുടന്നു:—

"അവിടുന്നു് വീട്ടുടമസ്ഥൻ. അവിടുത്തെ അടുക്കൽ നിന്നു് ഞാൻ യാതൊന്നും മറച്ചു വയ്ക്കുകയില്ല. എന്റെ ദുർവൃത്തയെ ഞാൻ വിശദമായി അവിടുത്തെ അറിയിക്കുന്നു. എന്നാൽ ബലപൂർവ്വകം ഒരു ദിവസത്തേക്കെങ്കിലും ഈ വീട്ടിൽ താമസിക്കണമെന്നു ഞാൻ നിശ്ചയിച്ചിട്ടില്ല. ഏതാനും ദിവസങ്ങൾക്കു ശേഷം ഞാൻ തന്നെ ഇവിടെ നിന്നു് പൊയ്ക്കൊള്ളാം."

അവളുടെ കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞിരുന്നു എന്നു് കണ്ഠസ്വരത്തിൽ നിന്നു തന്നെ, വെളിയിൽ നിന്ന വിജയനു മനസ്സിലായി. അദ്ദേഹം ദുഃഖിതനായി; അതേ അവസരത്തിൽ തന്നെ തെല്ലു സന്തോഷവും മനസ്സിൽ ഉദിച്ചു.

അദ്ദേഹം ആലോചിച്ചു:—"ഇവളെ ആട്ടിപ്പുറത്താക്കുന്നവിഷയത്തിൽ എന്തെല്ലാം കലശലുകൾ ഉണ്ടായേക്കാം എന്നു വിചാരിച്ചു—എന്നാൽ ഇപ്പോഴോ? അവൾ തന്നെ വന്നു് അശ്രുപൂൎണ്ണമായ നേത്രങ്ങളോടുകൂടി കരുണ അഭ്യൎത്ഥിക്കുന്നു." ചേപ്പിലിരുന്ന പിസ്റ്റോളും കിങ്കരന്മാരുടെ കൈകളിൽ ഇരുന്ന ലാത്തികളും അദ്ദേഹത്തിനെ പരിഹസിക്കുംപോലെ തോന്നി; എന്നിട്ടും മനോദൌർബല്യത്തെ അംഗീകരിക്കാതെ അദ്ദേഹം പറഞ്ഞു:—

"താമസിക്കാൻ അനുവദിക്കുന്നതിൽ എനിക്കു വിസമ്മതമില്ല; എന്നാൽ വീടു് എന്റെ സ്വാധീനത്തിൽ ഇരിക്കണം. ഞാൻ താമസിക്കുന്നതുകൊണ്ടു് നിങ്ങൾക്കു വലിയ അസ്വാതന്ത്ര്യങ്ങൾ ഉണ്ടാകാൻ ഇടയുണ്ടു്; അതിനും പുറമേ എൻെറ വീട്ടിലെ സ്ത്രീജനങ്ങൾ വീടുനോക്കാനായി ഈയിടയ്ക്കു തന്നെ ഇങ്ങോട്ടു വരണമെന്നു വിചാരിക്കുന്നുമുണ്ടു്."

"അതിനെന്തു്? നല്ലകാൎയ്യമായി! പുറമേയുള്ള മുറകളിൽ അവിടുന്നു് സുഖമായി പാൎത്തുകൊള്ളണം. അകത്തേ രണ്ടാമത്തേ തട്ടിൽ അനേകം മുറികൾ ഉണ്ടു്. സ്ത്രീകൾക്കു് അവിടെയും സുഖമായി പാൎക്കാം. പരദേശമായതുകൊണ്ടു് ഈ നാട്ടിലെ ആരേയും അവൎക്കു് പരിചയമുണ്ടായിരിക്കയില്ലല്ലോ. ആ സ്ഥിതിക്കു് ഞാൻ ഇവിടെ ഉള്ളതു് അവരെ സംബന്ധിച്ചിടത്തോളം ഒരു വലിയ സഹായവുമായിരിക്കും."

ഇപ്പോൾ വിജയൻ ലജ്ജിതനായിട്ടു പറഞ്ഞു: "അതൊന്നും വേണ്ടാ! അതു് ഒരിക്കലും സംഭാവ്യമല്ല. അവരു

ടെക്രൂടെ ആവശ്യമുള്ള ആളുകളേയും മററും കൊണ്ടുപോരും. നിങ്ങരം ഒന്നും ചെയ്തുകൊടുക്കേണ്ടതായി വരികയില്ല. ആ കട്ടേ, അകത്തേ മുറികരം ഞാനൊന്നു കണ്ടുകൊള്ളട്ടേ! അതിനു വല്ല വിഷമമുണ്ടോ?"

"എന്തുകൊണ്ടു കണ്ടുക്രൂടാ? അവിടത്തേ വീടല്ലേ? എനിക്കെന്തു വിഷമം? വരണം."

അകത്തു പ്രവേശിച്ച മാത്രയിൽ വിജയനു് അവളുടെ മുഖവും ഭാവവും നല്ലപോലെ കാണ്മാൻകഴിഞ്ഞു. അവരം ചേലാഞ്ചലത്തെ നെററിയിൽക്രൂടി ഇട്ടിരുന്നതല്ലാതെ മൂടു പടം ധരിച്ചിരുന്നില്ല. വസ്ത്രം സാധാരണ രീതിയിലുള്ളതും അല്പം മലിനവും ആയിരുന്നു; ഇരുകൈകളിലും പഴയസം പ്രദായത്തിലുള്ള സ്വർണ്ണവളകളല്ലാതെ ശരീരത്തിൽ മററാ ഭരണങ്ങരം ഒന്നും ഇല്ലായിരുന്നു. വാതലിൻെറ മറവിൽ നി ന്നുള്ള അവളുടെ അശ്രുസിഞ്ചിതമായ സ്വരം വിജയനു അ ത്യന്ത മധുരമായി തോന്നി. അപ്പോരം അദ്ദേഹം വിചാരി ച്ചു "രൂപവും അതുപോലെ മധുരമായിരിക്കണം. ദരിദ്രയെ ങ്കിലും കുലീനയാണല്ലോ." എന്നാൽ പ്രത്യക്ഷത്തിൽ അവ ളുടെ രൂപം അദ്ദേഹത്തിൻെറ പ്രതീക്ഷയ്ക്കു് അനുരൂപമാ യിരുന്നില്ല. നിറം നല്ല വെളുപ്പല്ല. നല്ല കറുപ്പാണോ? അതുമല്ല. ശ്യാമവർണ്ണത്തോടു അല്പമൊരു പ്രവണയുണ്ടെ ന്നേയുള്ളു. സാധാരണ ഗ്രാമീണവനിതകളുടെ മട്ടുതന്നെ. ശരീരം കൃശായതമാണു്; എന്നാൽ അവയവങ്ങളെല്ലാം സുസംഘടിതങ്ങളായിരിക്കുന്നു. ഉറങ്ങി ഉറങ്ങി ദിനം പോ ക്കുന്നവളല്ലെന്നു ഒരു നോട്ടത്തിൽ ആക്കും കാണ്മാൻ കഴി യും. അവളുടെ രൂപത്തിനുള്ള ഒരു വിശേഷവിധി ആ

ലലാടമാണ്. അത്ര ആശ്ചര്യജനകമായ വിധത്തിൽ നിർദ്ദോഷസുന്ദരമായിരിക്കുന്നു.

അവൾ പറഞ്ഞു:—വിനോദചേട്ടാ, ബാബുജിയേ കൂടി കൊണ്ടുപോയി എല്ലാം കാണിച്ചുകൊടുക്കൂ. ഞാൻ അടുക്കളയിലേക്കു പോകുന്നു."

"നിങ്ങൾ കൂടെ വരുന്നില്ലേ, രാധേ"

"ഇല്ല".

വിജയൻ മുകളിൽചെന്ന് എല്ലാ സ്ഥലവും ചുററി നോക്കി; ധാരാളം മുറികളുണ്ട്. ഓരോന്നിലും പഴയ സാമാനങ്ങൾ ഒട്ടുവളരെ കിടന്നിരുന്നു. അവയിൽ ചിലതു തീരെ പൊളിഞ്ഞുപോയിട്ടുണ്ട്. ചിലത് പൊളിയാനുള്ള വഴിയും നോക്കി ഇരിക്കുന്നു. ഇന്ന് അവയ്ക്കു വലിയ വിലയൊന്നും കല്പിക്കാവുന്നതല്ല. എന്നാൽ വിലയുണ്ടായിരുന്ന ഒരുകാലം അവയ്ക്കും തീർച്ചയായി ഉണ്ടായിരുന്നിരിക്കണം. വെളിയിലത്തെ മുറികളെപ്പോലെതന്നെ ഇവയും ജീർണ്ണശീർണ്ണങ്ങളായി അസ്ഥികൾ ഒക്കെ വെളിയിൽകാണിച്ചുകൊണ്ടിരുന്നു. ദാരിദ്ര്യമുദ്ര സകലവസ്തുക്കളിലും നല്ലപോലെ പതിഞ്ഞിട്ടുണ്ട്.

വിജയൻ താഴെ ഇറങ്ങിയപ്പോൾ, അനുരാധ, അടുക്കളയുടെ വാതലിനരികിൽ വന്നുനിന്നു. ദാരിദ്ര്യപീഡിതയെങ്കിലും കുലീന ആയിരുന്നതിനാൽ അവളെ 'നിങ്ങൾ' എന്ന അഭിസംബോധന ചെയ്യുന്നതിൽ ലജ്ജതോന്നീട്ട്, അദ്ദേഹം പറഞ്ഞു:—"താങ്കൾ ഈ വീട്ടിൽ എത്രനാൾ താമസിക്കാൻ ഉദ്ദേശിച്ചിരിക്കുന്നു?"

"ഇപ്പോൾ ഖണ്ഡിച്ചു പറയാൻ നിവൃത്തിയില്ല. അവിടത്തെ കൃപയുള്ളിടത്തോളം കാലം."

"കുറച്ചുകാലം താമസിക്കുന്നതിൽ വിരോധമില്ല. അധികകാലം അനുവദിക്കാൻ വിഷമമാണു്. പിന്നീടു് താങ്കൾ എങ്ങോട്ടു പോകും?"

"അതു തന്നെയാണു് ഞാൻ രാപകൽ ആലോചിച്ചുകൊണ്ടിരിക്കുന്നതു്."

"ഗഗനൻെറ താമസസ്ഥലം താങ്കൾക്കു് അറിയാമെന്നു് ആളുകൾ പറയുന്നല്ലോ."

"അവർ പിന്നെ എന്തൊക്കെ പറയുന്നുണ്ടു്?"

ഈ ചോദ്യത്തിനു് ഉത്തരം പറയാൻ വിജയനു സാധിച്ചില്ല. അനുരാധ പറഞ്ഞുതുടങ്ങി:—

"എനിക്കു് അറിഞ്ഞുകൂടെന്നു് ഞാൻ നേരത്തേതന്നെ അവിടുത്തെഅടുക്കൽ പറഞ്ഞുകഴിഞ്ഞല്ലോ. അഥവാ അറിയാമെന്നിരുന്നാലും, സ്വന്ത സഹോദരനെ ഞാൻ പിടിച്ചു തരണമെന്നാണോ അവിടുത്തെ ആജ്ഞ?"

അവളുടെ സ്വരത്തിൽ തിരസ്കാരത്തിൻെറ ഛായ കലന്നിരുന്നു. വിജയൻ അത്യന്തം ലജ്ജിതനായി. ആഭിജാത്യത്തിന്റെ മുദ്ര അവളുടെ ഹൃദയത്തിൽനിന്നു് ഇനിയും മാഞ്ഞുപോയിട്ടില്ലെന്നു് അദ്ദേഹത്തിനു മനസ്സിലായി. അദ്ദേഹം പറഞ്ഞു:—

"അല്ല! അല്ല! അങ്ങനെ ഞാൻ താങ്കളോടു് ആവശ്യപ്പെടുകയില്ല. കഴിവുള്ള പക്ഷം ഞാൻതന്നെ അയാളെ കണ്ടുപിടിക്കും. ഓടിക്കളയാൻ സമ്മതിക്കയില്ല. എന്നാൽ

ഒരു കാര്യമുണ്ട്. അയാൾ ഇത്രയും കാലമായിട്ട് ഞങ്ങളെ നശിപ്പിച്ചുകൊണ്ടിരുന്നിട്ട് അതൊന്നും താങ്കൾ അറിഞ്ഞിട്ടില്ലെന്നാണോ പറയുന്നത്?

അവൾ മറുപടി ഒന്നും പറഞ്ഞില്ല. വിജയൻ തുടർന്നു:—

"ഈ ലോകത്തിൽ കൃതജ്ഞത എന്ന പേരോടുകൂടിയ ഒരു വസ്തുവുണ്ടോ? ഈ സംഗതിയിൽ ഒരു ഉപദേശം നല്കുന്നതിന് ഒരിക്കലെങ്കിലും താങ്കൾക്കു കഴിയാതെവന്നല്ലോ? അച്ഛൻ ഒരു സരളബുദ്ധിയാണ്. അദ്ദേഹത്തിന് താങ്കളുടെ കുടുംബത്തെപ്പററി വലിയ മമതയുമുണ്ട്. വിശ്വാസവും ഉണ്ടായിരുന്നു. അതുകൊണ്ടു സകല കാര്യങ്ങളും ഗഗനനേ ഏല്പിച്ചു. അതിനുള്ള പ്രത്യുപകാരം ഇതാണോ? എന്നാൽ ഞാൻ ഈ നാട്ടിൽ താമസിച്ചിരുന്നെങ്കിൽ ഒരിക്കലും ഇങ്ങനെ സംഭവിക്കാൻ ഇടവരുത്തുമായിരുന്നില്ല."

അനുരാധ പൂർവ്വവൽ മൌനം പൂണ്ടു. വിജയൻ തുടർന്നു:—

"ഇന്നുമുതല്ക്ക് വീടു മുഴുവനും എൻെറ അധീനത്തിലായിരിക്കും. വെളിയിലുള്ള മുറികൾ തുത്തു വൃത്തിയാക്കിക്കഴിഞ്ഞാലുടനെ ഞാൻ താമസം ഇങ്ങോട്ടു മാററും. അതിനുശേഷം ആ സ്ത്രീ ജനങ്ങളും വന്നുചേരും. വേറെ ഒരു സ്ഥലം കിട്ടുംവരെ താങ്കൾ താഴത്തേ ഒരു മുറിയിൽ താമസിച്ചുകൊള്ളുക. പക്ഷേ സാമാനങ്ങളൊന്നും മാററാൻ ശ്രമിക്കരുത്."

ഇതിന്നിടയ്ക്കു് കുമാരൻ പറഞ്ഞു:—"അച്ഛാ ദാഹിക്കുന്നു. വെള്ളം വേണം." "ഇവിടെ വെള്ളമെവിടെ?" എന്നു പിതാവു പറഞ്ഞപ്പോൾ, അനുരാധ ആംഗ്യമാത്രത്താൽ കുട്ടിയേ അരികിൽ വിളിച്ചിട്ടു്, അവനെയുംകൊണ്ടു് അകത്തേക്കുപോയി. അടുക്കളെയ്ക്കുള്ളിൽചെന്നിട്ടു അവൾ പറഞ്ഞു:—

"മകനേ! നല്ല കരിയ്ക്കുണ്ടു്. കുടിയ്ക്കുന്നോ?"

"കുടിയ്ക്കാം."

അവൻ വയറുനിറയേ കരിക്കിൻവെള്ളം കുടിച്ചിട്ടു് അതു പൊട്ടിച്ചു് ഉള്ളിലുണ്ടായിരുന്നതും വയററിലാക്കി. അനന്തരം വെളിയിൽവന്നു് അച്ഛനോടുപറഞ്ഞു:—

"അച്ഛാ! കരിക്കുവേണോ? നല്ല മധുരം!

"വേണ്ട."

"വേണ്ടേ? എന്തുകൊണ്ടു്? ധാരാളമുണ്ടു്. എല്ലാം നമ്മുടെ വകതന്നെ."

വാസ്തവം അങ്ങനെ അല്ലായിരുന്നു. എന്നിട്ടും ഇത്രയും ജനങ്ങളുടെ മുമ്പിൽവച്ചു് വെറും ബാലകൻെറ മുഖത്തുനിന്നു് ഈ മാതിരി വാക്കുകൾ പുറപ്പെടുകയാൽ അദ്ദേഹം ലജ്ജിച്ചുപോയി. അദ്ദേഹംപറഞ്ഞു:—

"വേണ്ട; വേണ്ട! നീ പോ!"

---

# III

വിജയൻ മൂറയ്ക്കു് ആ ഗൃഹത്തിൽ താമസിച്ചു് ജമാബന്തിയും കച്ചേരിയും നടത്തിത്തുടങ്ങി. രണ്ടു മുറികൾ തനിക്കായി വച്ചുകൊണ്ടു് ബാക്കിയുള്ളവ കച്ചേരിക്കായി ഉപയോഗിച്ചു. പണപ്പിരിവിന്നു പുതിയ ആളിനെ നിയോഗിച്ചെങ്കിലും അതുകൊണ്ടു കുഴപ്പം നീങ്ങിയില്ല. കരം വസൂലാക്കീട്ടു് ഓരോ ആളിനും രസീതു കൊടുക്കുന്നതു് അഭിമാനത്തിന്നു പററിയതല്ലെന്നായിരുന്നു ഗഗനചട്ടർജിയുടെ വിശ്വാസം; തന്നിൽ അവിശ്വാസത്തിൻെറ മണംപോലും ഉണ്ടായാൽ അതു ചട്ടർജിവംശത്തിൻെറ ഗൌരവത്തിന്നു പോരായ്മയല്ലേ? അതുകൊണ്ടു് അയാൾ ആൎക്കും രസീതു കൊടുത്തിരുന്നില്ല. അയാളുടെ അന്തർദ്ധാനത്തിൻെറ ശേഷം തൽഫലമായി പലരും ആപത്തിൽ കുടുങ്ങി. മൌഖിക സാക്ഷികളേയും പ്രമാണങ്ങളേയും കൊണ്ടു് ദിവസംതോറും നിരവധി ആളുകൾ കച്ചേരിയിൽ വന്നു കരച്ചിലും പിഴിച്ചിലും തുടങ്ങി. ആരു് എന്തു തുക കൊടുത്തിട്ടുണ്ടു്? ആൎക്കു് എന്തുബാക്കിയുണ്ടു്? ഇവയെല്ലാം നിൎണ്ണയിക്കുന്ന കാൎയ്യം കഷ്ടസാദ്ധ്യമായിത്തീൎന്നു. അതുകൊണ്ടു് കഴിയുന്ന വേഗത്തിൽ കൽക്കത്തെയ്ക്കു തിരിച്ചുപോകാമെന്നുള്ള വിജയൻെറ പ്രതീക്ഷ ഫലിച്ചില്ല. ദിവസം ഒന്നുകഴിഞ്ഞു. രണ്ടുകഴിഞ്ഞു. ഇങ്ങനെ പത്തുകഴിഞ്ഞു. എന്നിട്ടും ജോലി അവസാനിക്കാതെവന്നു.

ഇവിടെ ബാലകന്നു് ഒരു കൂട്ടുകാരനെ ലഭിച്ചു. അവൻ സന്തോഷനേക്കാൾ രണ്ടുമൂന്നു വയസ്സിന്നു ചെറുപ്പമായിരുന്നതിന്നു പുറമേ, സാമുദായികമായും ഗാൎഹസ്ഥ്യകമായും

അവർ തമ്മിലുള്ള അന്തരവും നിസ്സാരമായിരുന്നില്ല. എന്നിട്ടും വേറെ കൂട്ടകാരൻെറ അഭാവം നിമിത്തം കുമാരൻ അവനോടുകൂടി കളിച്ചുവന്നു. പ്രായേണ വീട്ടിനുള്ളിൽതന്നെയായിരുന്നു അവൻെറ വാസം. തോട്ടങ്ങളിലും നദീതീരത്തും ചുററിത്തിരിഞ്ഞു്, പച്ചമാങ്ങ എറിഞ്ഞു വീഴ്ത്തുക, പക്ഷിക്കുളുടകൾ തേടിപ്പിടിക്കുക മുതലായി പലേ വിനോദങ്ങളിൽ അവൻ ഏപ്പെട്ടു. സന്തോഷനോടുകൂടി ചെറിയമ്മയുടെ അടുക്കൽച്ചെന്നു് ഖാദ്യപാനീയങ്ങൾ ചോദിച്ചുവാങ്ങുന്നതിലും അവനു സങ്കോചം ഇല്ലാതെയായി. കൂട്ടുകാരനെ അനുകരിച്ചു് അവനും അവളെ ചെറിയമ്മ എന്നുതന്നെ വിളിക്കാനും തുടങ്ങി. രൂപ അണ പൈസയുടെ കണക്കിൽ കുടുങ്ങി വിജയൻ പ്രായേണ ഗൃഹത്തിനു വെളിയിൽ തന്നെ ഇരുന്നതിനാൽ, ബാലകന്റെ കാര്യം അന്വേഷിക്കുന്നതിന് എല്ലായ്പ്പോഴും സാധിക്കാതെ വന്നു; അഥവാ അതിനുള്ള അവസരം ലഭിച്ചാൽ ആ സമയത്തു് അവനെ കാണാൻപോലും കിട്ടാതെയും ആയി. ഒരു ദിവസം ബലംപ്രയോഗിച്ചു് അവനെ അദ്ദേഹം തൻെറ അടുക്കൽ തന്നെ ഇരുത്തി; എന്നാൽ ഉച്ചയായമാത്രയിൽ അവൻ അവിടെനിന്നുകടന്നു് ചെറിയമ്മയുടെ അടുക്കളയിൽ എത്തി. സന്തോഷനോടുകൂടിത്തന്നെ ആയിരുന്നു അവൻെറ ഉച്ചഭക്ഷണവും അത്താഴവുമെല്ലാം.

അന്നൊരിക്കൽ ആളുകൾ അധികമൊന്നും വന്നില്ല. വിജയൻ ചായകുടിച്ചു ഒരു ചുരുട്ടും കത്തിച്ചു പിടിച്ചുകൊണ്ടു് ആലോചിച്ചു:—"ഒന്നു നടക്കാം. നദീതീരംവരെ പോയിട്ടുവരാം." പെട്ടെന്നു് 'ഇന്നു കുമാരനെ കണ്ടതേയില്ല

ല്ലോ' എന്നുള്ള ഓർമ്മവന്നു. അവിടെ നിന്നിരുന്ന വൃദ്ധഭൃത്യനോട് "എടോ, കുമാരനെവിടെ?" എന്നുചോദിച്ചു.

അയാൾ അകത്തേക്കു ചൂണ്ടിക്കാണിച്ചു.

"ഇന്നു റൊട്ടിതിന്നോ?"

"ഇല്ല."

"ബലം പ്രയോഗിച്ചു് തീററിക്കാതിരുന്നതെന്തു്?"

"യജമാനേ! ഇവിടെ വന്നിട്ടു് ആഹാരമൊന്നും ഇഷ്ടപ്പെടുന്നില്ല. കൊടുക്കുന്നതെല്ലാം കോപത്തോടുകൂടി വലിച്ചു ദൂരെ എറിഞ്ഞുകളയുന്നു."

"നാളെമുതല്ക്കാകട്ടെ—എൻെറ അടുക്കൽ ഇരുത്തി ഊണുകഴിപ്പിച്ചുകൊള്ളാം" എന്നു പറഞ്ഞിട്ടു് എന്തുകാരണവശാലോ ചുററിനടക്കാൻ പോകുന്നതിനുപകരം അദ്ദേഹം അകത്തേക്കുകടന്നു. വിസ്താരമുള്ള അങ്കണത്തിൻെറ മറുവശത്തുനിന്നും കുമാരൻെറ ശബ്ദം അദ്ദേഹത്തിൻെറ കർണ്ണപുടത്തിൽ പതിഞ്ഞു.

"ചെറിയമ്മേ! ഒരു റൊട്ടിയും തേങ്ങാലഡ്ഡുവും വേഗം തരു."

അതുകേട്ടു് അവർ പറഞ്ഞു: "മകനേ, ഇങ്ങോട്ടുവരു. നിങ്ങളെപ്പോലെ എനിക്കു മരത്തിൽ കേറാൻ സാധിക്കുമോ."

ഉത്തരം:—"ഓഹോ ചെറിയമ്മയ്ക്കും കേറാം—പ്രയാസമൊന്നുമില്ല. ആ വലിയകൊമ്പിൽ ചവിട്ടി ഈ ചെറിയ കൊമ്പിൽ പിടിച്ചോണ്ടു് ചട്ടെന്നു കേറാമല്ലോ."

വിജയൻ അടുത്തുചെന്നുനിന്നു. അടുക്കളയുടെ മുൻവശത്ത് ഒരു വലിയ മാവു നില്പുണ്ട്. അതിന്റെ ഓരോ വലിയ ശാഖകളിൽ കുമാരനും സന്തോഷനും ഇരിക്കുന്നു. കാലുകൾ കൂട്ടിക്കെട്ടി ശാഖയോടു പററിക്കിടന്നുകൊണ്ട്, രണ്ടുപേരും മുറയ്ക്കു പലഹാരം തിന്നുന്നു. വിജയനെ കണ്ട മാത്രയിൽ രണ്ടുപേരും പരിഭ്രമിച്ചു. അനുരാധ അടുക്കളയുടെ ജനാലയുടെ പിന്നിൽ വന്നു നിലകൊണ്ടു.

വിജയൻചോദിച്ചു:—ഇതാണോ ഇവരുടെഭക്ഷണസ്ഥലം?"

ആരും മറുപടിപറഞ്ഞില്ല. വിജയൻ അന്തരാളവത്തിനിയെ ലക്ഷ്യമാക്കിക്കൊണ്ട് പറയാൻ തുടങ്ങി:—

"ഇവൻ താങ്കളുടെമേൽ വലിയ അധികാരം നടത്തുന്നതായി തോന്നുന്നല്ലോ."

ഇപ്പോൾ രാധ മൃദുകണ്ഠത്തിൽ ഉത്തരം പറഞ്ഞു:—

"അതേ"

"എന്നിട്ടും തലയിൽ കേററിവയ്ക്കാൻ മടിക്കുന്നില്ലല്ലോ—എന്തിനിങ്ങനെ അതിനു് അവസരംകൊടുക്കുന്നു?"

"കൊടുത്തില്ലെങ്കിൽ അതിലും വലിയ കുഴപ്പങ്ങളുണ്ടാകും എന്നുള്ള ഭയത്താൽ"

"വീട്ടിൽവച്ചു് അവൻ ഈമാതിരി ലഹള ഒന്നും ഉണ്ടാക്കാറില്ലല്ലോ."

"അതു സംഭാവ്യമാണു്—അവനു് അമ്മയില്ല; അമ്മുമ്മ കിടപ്പിലുമാണു്. അപ്പൻ ജോലിത്തിരക്കിലും കുടുങ്ങിയിരിക്കുന്നു. പിന്നെ ആരോടു ലഹളകൂട്ടും?

വിജയന് ഈ പരമാൎത്ഥം അറിയാമായിരുന്നില്ല എന്നു പറഞ്ഞുകൂടാ. എന്നാൽ കുട്ടിയ്ക്കു് അമ്മയില്ലെന്നുള്ള സംഗതി അന്യമുഖത്തുനിന്നും കേട്ടപ്പോൾ അദ്ദേഹത്തിനു ദുസ്സഹവേദനയുണ്ടായി.

അദ്ദേഹം പറഞ്ഞു:—"പലതും അറിഞ്ഞിരിക്കുന്നല്ലോ. കുമാരൻ പറഞ്ഞതാണോ?"

അനുരാധ മൃദുസ്വരത്തിൽ പറഞ്ഞു:—"പറയാനുള്ള പ്രായമൊന്നും ആയില്ല കുമാരനു്; എന്നാലും അവൻെറ മുഖത്തുനിന്നുതന്നെയാണു് അറിഞ്ഞതു്. ഉച്ചസമയത്തെ വെയിലത്തു, വെളിയിൽ പോകാൻ ഞാൻ ഇവരെ സമ്മതിക്കയില്ല; എന്നാലും ചിലപ്പോഴൊക്കെ കണ്ണു തെററിച്ചിട്ടു് ഓടിക്കളയും. പോകാത്തദിവസം അവൻ എൻെറ അടുക്കൽ വന്നു കിടന്നു് വീട്ടിലെ കാൎയ്യങ്ങളൊക്കെ പറഞ്ഞുകൊണ്ടിരിക്കും."

വിജയനു് അവളുടെ മുഖഭാവം കാണ്മാൻ കഴിഞ്ഞില്ല; എന്നാൽ അന്നു് ആ ദിവസത്തിലേപ്പോലെതന്നെ, ഇന്നും ആ കണ്ഠസ്വരം അതീവ മധുരമായിത്തോന്നി. അതിനാൽ വല്ലതും പറയേണ്ടിയിരുന്നിട്ടല്ല—ആ സ്വരം കേൾക്കണമെന്നുള്ള മോഹത്താൽമാത്രം അദ്ദേഹം പറഞ്ഞു:—

"ഇനി വീട്ടിൽ ചെന്നാൽ അവന് വലിയ ബുദ്ധിമുട്ടായിത്തീരും."

"അതെന്തുകൊണ്ടു്?"

"ലഹളകൂട്ടുന്നതു് ഒരു മാതിരി ലഹരിബാധപോലെയാണു്. അതിനു തടസ്സം നേരിടുമ്പോൾ, തലവേദന പിടിക്കും. പോരെങ്കിൽ ഈ ലഹരിയ്ക്കുള്ള സാധനങ്ങൾ അവ

ന്ന് ആരു സംഭരിച്ചുകൊടുക്കും? രണ്ടുമൂന്നുദിവസങ്ങൾക്കു ള്ളിൽ അവൻ അവിടെ നിന്ന് ഓടിക്കളഞ്ഞേക്കാനും മതി."

അനുരാധ പതുക്കേപറഞ്ഞു:—"ഇല്ല, ഇല്ല; എല്ലാം മറന്നു പോകും. കുമാര! ഇവിടെ വാ കുഞ്ഞേ! റൊട്ടി തിന്നൂ."

കുമാരൻ താലവും കൈയിൽവച്ചുകൊണ്ട് താഴെ ഇറങ്ങി, ചെറിയമ്മയുടെ കൈയിൽ നിന്നു ഏതാനും റൊട്ടികളും ലഡ്ഡുവും വാങ്ങി അവിടെ നിന്നുകൊണ്ടു തന്നെ തിന്നുതുടങ്ങി; മരത്തിൽ കയറിയതേ ഇല്ല. ആ ഭക്ഷ്യപദാർത്ഥങ്ങൾ ധനികഗൃഹത്തിലുള്ളവയേ അപേക്ഷിച്ച് എത്രതന്നെ തുച്ഛമായിരുന്നാലും വാസ്തവിക സമ്മാനദൃഷ്ട്യാ നോക്കുന്നപക്ഷം ഒട്ടുംതന്നെ തുച്ഛമല്ലെന്നു വിജയൻ കണ്ടു. കുമാരന് ചെറിയമ്മയുടെ അടുക്കളയോടുള്ള പ്രത്യേകാസക്തിയുടെ ഹേതുവും ഇപ്പോൾ അദ്ദേഹത്തിനു മനസ്സിലായി. കുമാരൻെറ ഈ കൊതി ആ സാധുകുടുംബത്തിന് അധിച്ചിലവിനിടയാക്കുന്നതിനെപ്പററി അവനോടുപറഞ്ഞു വിലക്കണം എന്നും മററും അദ്ദേഹം മനസാ നിശ്ചയിച്ചു. എന്നാൽ അതിനും ഒരു തടസ്സം നേരിട്ടു. കുമാരൻ പറഞ്ഞു:—

"ചെറിയമ്മേ! ഇന്നലത്തെപ്പോലെ, ഇന്നും ചന്ദ്രപൂലി * യുണ്ടാക്കാമെന്നു പറഞ്ഞല്ലോ-പിന്നെ ഉണ്ടാക്കാഞ്ഞതെന്തു്?"

---

* നാളികേരംകൊണ്ടു് ഉണ്ടാക്കപ്പെടുന്ന അർദ്ധചന്ദ്രാകൃതിയിലുള്ള ഒരു മധുരപലഹാരം.

ചെറിയമ്മ പറഞ്ഞു:—

"അബദ്ധം പററിപ്പോയി കുഞ്ഞേ! കണ്ണ് അല്പം തെററി. പൂച്ച വന്ന് പാൽപാത്രം മറിച്ചുകളഞ്ഞു. അതുകൊണ്ടു് ഉണ്ടാക്കാൻ സാധിച്ചില്ല.

"ഏതു പൂച്ച? കാണിച്ചുതരുമോ? വെള്ളപ്പൂച്ചയാണോ?"

"പക്ഷേ വെള്ളപ്പൂച്ച തന്നെയായിരിക്കാം" എന്നു പറഞ്ഞിട്ടു് അനുരാധ അവന്റെ നെറ്റിത്തടത്തിൽ ചിതറിക്കിടന്നിരുന്ന മുടി ഒരു വശത്തേക്കു് ഒതുക്കാൻ തുടങ്ങി.

"കുടിക്കാൻ ഒന്നുമില്ലേ?" എന്നു കുമാരൻ ചോദിച്ചു.

"അയ്യോ! മറന്നുപോയി മകനേ! ഇതാ ഇപ്പോൾ കൊണ്ടുവന്നു തരാമല്ലോ."

"ചെറിയമ്മയ്ക്കു് എപ്പോഴും മറവിതന്നെ; ഒന്നിനും ഒരോർമ്മയും ഇല്ല."

വിജയൻ പറഞ്ഞു:— ഈ ശകാരം ഒക്കെ ഏല്ക്കണം; അടിക്കടി മറവിതന്നേ. അല്ലേ?

"അതേ" എന്നു പറഞ്ഞു് അനുരാധ ചിരിച്ചു.

ഈ ചിരിയെ അശ്രദ്ധഭാവേന അദ്ദേഹം വീക്ഷിച്ചു. തന്റെ ഭദ്രമായ വാക്കിനു അഭദ്രമായ വ്യംഗ്യാർത്ഥം അവൾ കല്പിച്ചേക്കുമെന്നു പേടിച്ചു, പുത്രന്റെ ഈ അനാശാസ്യമായ ആചരണങ്ങളെപ്പറ്റി ക്ഷമാപ്രാർത്ഥന ചെയ്യുന്നതിരിക്കുന്നതു ഭംഗിയല്ലെന്നു അദ്ദേഹം വിചാരിച്ചു. എന്നാൽ അവളുടെ ദാരിദ്ര്യവും ദുരവസ്ഥയും തന്റെ ചിന്തയ്ക്കു

പാത്രീഭവിച്ചിരിക്കുന്നു എന്നുള്ള സംഗതി അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിഞ്ഞില്ല.

അടുത്ത ദിവസം ഉച്ചയ്ക്കു് അനുരാധ കുമാരനും സന്തോഷനും ചോറു വിളമ്പിക്കൊടുത്തിട്ടു് കറികൾ വിളമ്പാൻ ഭാവിക്കയായിരുന്നു. നെററിത്തടം സംവൃതം; മുഖത്തെ മൂടുപടം എങ്ങോട്ടോ ഊൻ്നുപോയിരിക്കുന്നു. ഇതിനിടയ്ക്കു് പെട്ടെന്നു വാതിലിനടുത്തു് ഏതോ പുരുഷന്റെ നിഴൽ പതിച്ചു. അനുരാധ മുഖം ഉയർത്തിനോക്കി. "അല്ല! കൊച്ചു ബാബുവല്ലേ അതു്?" പെട്ടെന്നു സങ്കോചപൂർവ്വം നെററിത്തടത്തിൽ ചേലാഞ്ചലം വലിച്ചിട്ടുംകൊണ്ടു് അവൾ എണീററു.

വിജയൻ പറഞ്ഞു:—"ഒരു അത്യാവശ്യകാര്യത്തെപ്പററി ആലോചിക്കാനാണു് ഞാൻ വന്നിരിക്കുന്നതു്. വിനോദഘോഷൻ ഈ ഗ്രാമത്തിലുള്ളവനാണല്ലോ. താങ്കൾക്കു് അയാളെ നല്ലപോലെ അറികയുംചെയ്യാം. അയാൾ എങ്ങനെ ഉള്ളവനാണു് ? പറയാൻ കഴിയുമോ ? അയാളെ ഗണേശപുരത്തെ പുതിയ ഗൃമസ്ഥാവായി നിയമിച്ചിരിക്കുന്നു. പൂർണ്ണ വിശ്വാസത്തിനു അയാൾ യോഗ്യനാണോ അല്ലയോ എന്നാണു് എനിക്കറിയേണ്ടതു്. എന്താണഭിപ്രായം?"

വിനോദൻ ഒരാഴ്ചവട്ടത്തിലധികമായി യഥാസാധ്യം തന്റെ ജോലി ഭംഗിയായി നിർവ്വഹിച്ചു വരുന്നു. ഒരു കുഴപ്പവും വരുത്തീട്ടുമില്ല. പിന്നെ എന്തുകൊണ്ടായിരിക്കും പെട്ടെന്നു് ഈ വിധം അയാളുടെ ചരിത്രത്തെപ്പററി വിജയൻ അന്വേഷണം ആരംഭിച്ചിരിക്കുന്നതു്? അനുരാധയ്ക്കു് എത്ര

ആലോചിച്ചിട്ടും മനസ്സിലായില്ല. അവൾ മൂളകണ്ഠത്തിൽ പറഞ്ഞു:—"വിനോദഭയ്യാ ആവുംവിധമൊക്കെ ജോലി നോക്കിക്കൊണ്ടല്ലേ ഇരിക്കുന്നതു് ?"

"ഇതുവരെ ഒരു തെററും ചെയ്തിട്ടില്ല; എന്നാലും സൂക്ഷിച്ചിരിക്കുന്നതല്ലേ ഉചിതം?"

"എൻെറ അറിവിൽപെട്ടിടത്തോളം അദ്ദേഹം വളരെ നല്ല ഒരു മനുഷ്യനാണു്"

"വാസ്തവത്തിൽ അറിഞ്ഞിട്ടു പറകയാണോ ? അതോ അന്യനെപ്പററി ദുഷിക്കാനുള്ള മടികൊണ്ടു പറയുന്നോ ?"

"ഞാൻ നല്ലവനെന്നൊ ചീത്തയെന്നോ പറയുന്നതിനു് എന്തു വില?"

"എന്തുകൊണ്ടു് ഇല്ല? അയാൾ പ്രാമാണികസാക്ഷിണിയായി താങ്കളെ ആണല്ലോ ഗണിച്ചിരിക്കുന്നതു്."

അനുരാധ അല്പം ആലോചിച്ചിട്ടു പറഞ്ഞു:—"അദ്ദേഹം ഉത്തമനായ ഒരുവൻ തന്നെ; എന്നാലും അല്പം ദുഷ്ടി ഇരിക്കുന്നതുകൊള്ളാം. അശ്രദ്ധ നിമിത്തം ചിലപ്പോൾ നല്ല മനുഷ്യരും ചീത്തയായിപ്പോകുന്നതു് അസംഭാവ്യമല്ല."

വിജയൻ പറഞ്ഞു:—"ഇതാണു വാസ്തവം. എന്തുകൊണ്ടെന്നാൽ അപരാധങ്ങളുടെ മൂലകാരണം അന്വേഷിച്ചു നോക്കിയാൽ അധികാംശവും അശ്രദ്ധാജന്യമാണെന്നു കാണാം."

അനന്തരം കമാരനെ ലക്ഷീകരിച്ചുകൊണ്ടു് അദ്ദേഹം തുടൎന്നു:—"നിനക്ക് വിചാരിച്ചിരിക്കാതെ ഒരു ചെറിയമ്മയെ കിട്ടിയതു നിൻെറ ഭാഗ്യമായിപ്പോയി. അല്ലെങ്കിൽ ഈ കാട്ടിൽ അൎദ്ധപട്ടിണിയായി കഴിയേണ്ടിവരുമായിരുന്നു?"

അനുരാധ മൃദുസ്വരത്തിൽ ചോദിച്ചു:—"എന്താണ് അവിടുത്തേക്കും ഇവിടെ ഊണു കഴിച്ചുകൂടെ? അതിനു എന്തു തടസ്സം?"

വിജയൻ ചിരിച്ചുകൊണ്ടു പറഞ്ഞു:—"എനിക്ക് പരദേശങ്ങളിൽ ചിലകാലം താമസിച്ചു ശീലമുള്ളതുകൊണ്ടു് ആഹാരകാൎയ്യത്തിലുള്ള ബുദ്ധിമുട്ടുകൾ വലിയ കാൎയ്യമല്ല." ഇത്രയും പറഞ്ഞിട്ടു് അദ്ദേഹം അവിടെ നിന്നു പൊയ്ക്കളഞ്ഞു. അനുരാധ ജനാലയിൽ കൂടി നോക്കി. അദ്ദേഹം ഇന്ന് ഇതേവരെ കളിച്ചിട്ടുപോലും ഇല്ലെന്നു അവൾക്ക് മനസ്സിലായി.

# IV

ഈ ഗൃഹത്തിൽ വന്നു ചേൎന്നശേഷം ഒരു പഴയ ചാരുകസാല കിട്ടി. അതിൻെറ കൈകളിൽതന്നെ രണ്ടു കാലുകളും നീട്ടിവച്ചു വിജയൻ മീലിതാക്ഷനായി ചുരുട്ടു വലിച്ചുകൊണ്ടിരുന്നു. ഇതിനിടയ്ക്കു 'ബാബു സാഹിബ്' എന്നൊരു വിളികേട്ടു് അദ്ദേഹം കണ്ണുതുറന്നുനോക്കി. അടുത്തുതന്നെ നിന്നുകൊണ്ടു ഭദ്രലോകത്തിൽപെട്ട ഒരു വൃദ്ധൻ സമ്മാനപൂൎവ്വം തന്നെ സംബോധന ചെയ്യുന്നതു അദ്ദേഹം കണ്ടു. വിജയൻ എണീററിരുന്നു. വൃദ്ധനു വയസ്സു അറുപതിൽകവിഞ്ഞിരുന്നെങ്കിലും, ശരീരം ഉരുണ്ടുകൊഴുത്തു ഖൎവ്വാകാരമായും ബലിഷ്ഠമായും ഇരുന്നു. മേൽമീശ എല്ലാം വെള്ളിക്കമ്പികൾപോലിരുന്നെങ്കിലും, കഷണ്ടിത്തലയിൽ അങ്ങിങ്ങായിനിന്ന രോമങ്ങൾ കാർവണ്ടുകളെക്കാൾ കറുത്തിരുന്നു. മുൻവശത്തെ മൂന്നുനാലു പല്ലുകൾ ഒഴിച്ചാൽ ബാക്കിയെല്ലാം കൃത്രിമമാണു്. ശരീരത്തിൽ ടസ്സർസില്ക്കു കൊണ്ടുള്ള കോട്ടും തോളിൽ ഉത്തരീയവും കാലുകളിൽ വാൎണ്ണീഷു കൊണ്ടുമിനുങ്ങുന്ന പാദുകകളും ധരിച്ചിരുന്നു. സ്വൎണ്ണനിൎമ്മിതമായ ഘടികാരച്ചങ്ങലയുടെ അഗ്രത്തിൽ പുലിനഖംകൊണ്ടുള്ള പെൻഡൻറു തൂങ്ങിക്കിടന്നു. ഈഗ്രാമത്തിലെ ഒരു വലിയ ധനാഢ്യനായിരുന്ന ഇദ്ദേഹത്തിനെ അറിയാത്തവരായി അവിടെ ആരും ഉണ്ടായിരുന്നില്ല. അടുത്തുണ്ടായിരുന്ന ഒരു പൊളിഞ്ഞ സോഫയിന്മേൽ ചുരുട്ടിനുള്ള സാമഗ്രികൾ വച്ചിരുന്നതിനെ എടുത്തു മാററീട്ടു്, വിജയൻ അദ്ദേഹത്തിനോടു് ഇരിക്കാൻപറഞ്ഞു. വൃദ്ധസജ്ജനം ഇരുന്നിട്ടു് 'നമസ്കാരം! ബാബു സാഹബ്!" എന്നു് അഭിവാദ്യംചെയ്തു.

"നമസ്കാരം" എന്നു് വിജയനും പ്രതിനമസ്കാരം ചെയ്തു.

ആഗന്തുകൻ പറഞ്ഞു:—അവിടുന്നു് ഈ ഗ്രാമത്തിലെ ജമീന്ദാരാണല്ലോ. അവിടുത്തെ പിതാവു് വളരെ സുപ്രതിഷ്ഠിതൻ-വലിയ ലക്ഷപതി. അദ്ദേഹത്തിന്റെ നാമശ്രവണത്താൽതന്നെ സുപ്രഭാതം ഉണ്ടാവും. അവിടുന്നു് അങ്ങനെയുള്ള ഒരു മഹാന്റെ പുത്രനാണു്. ആ സാധുവിന്റെ പേരിൽ ദയകാണിക്കാത്ത പക്ഷം അവർ സങ്കടപ്പെട്ടുപോകും."

"ഏതുസാധു? അയാളുടെ അടുക്കൽനിന്നു എത്ര രൂപ ഈടാക്കുന്നു?"

"രൂപയുടെയും കാശിന്റേയും കാര്യമല്ല ഞാൻ സംസാരിക്കുന്നതു്. ആ അമരചട്ടർജിയുടെ മകൾ— ഹാ അദ്ദേഹം പ്രാതസ്മരണീയനായ ഒരു വ്യക്തിയായിരുന്നു—ഗഗനചട്ടർജിയുടെ വൈമാതൃക സഹോദരിയില്ലേ? അവളെപ്പററിയാണു് ഞാൻ സംസാരിക്കുന്നതു്. അവർ ഇവിടെ താമസിക്കയും മററുമില്ല—പോകതന്നെ ചെയ്യും. അതിനുള്ള വ്യവസ്ഥയൊക്കെ ഏകദേശം ആയിപ്പോയിട്ടുണ്ടു്. എന്നാൽ അവിടുന്നു് അവളെ പിടലിയ്ക്കു പിടിച്ചു വെളിയിലാക്കുന്നതു് അവിടുത്തേ സ്ഥിതിക്കു യോജിച്ചതാണോ?

ഈ അശിക്ഷിത വൃദ്ധന്റെ നേക്കു കോപം ഭാവിക്കുന്നതു് അസംഗതം-ഇതു വിജയൻ ഓക്കാതിരുന്നില്ല. എന്നാൽ സംസാരിക്കാൻ തുടങ്ങിയ മാത്രയിൽ വിജയൻ അതൊന്നും ഓക്കാതെ പറഞ്ഞു. "ഉചിതമോ അനുചിതമോ

എന്നു ഞാൻ ആലോചിച്ചുകൊള്ളാം—എന്നാൽ അവ ക്കുവേണ്ടി വക്കാലത്തു പറയാൻ നിങ്ങൾ ആരു്?"

വൃദ്ധൻ പറഞ്ഞു:—"എന്റെ പേരു ത്രിലോചനഗംഗോപാദ്ധ്യായൻ എന്നാണു്. അടുത്ത ഗ്രാമമായ മസ്ജിദ്പുരത്തിലാണു് എൻെറ വീടു്. എന്നെ എല്ലാക്കും അറിയാം. അവിടുത്തെ അച്ഛനമ്മമാരുടെ ആശീർവാദംകൊണ്ടു്, എൻെറ അടുക്കൽ വന്നു കൈനീട്ടാത്തവരായി ഈ ഗ്രാമത്തിൽ ആരുമില്ല. അവിടുത്തേക്കു വിശ്വാസം വരുന്നില്ലെങ്കിൽ വിനോദഘോഷൻെറ അടുക്കൽ ചോദിച്ചാൽ അറിയാം."

വിജയൻ പറഞ്ഞു:—"എനിക്കു കൈനീട്ടേണ്ട ആവശ്യം നേരിടുമ്പോൾ നിങ്ങളുടെ മേൽവിലാസം അന്വേഷിച്ചറിഞ്ഞു കൊള്ളാം. ആകട്ടേ, നിങ്ങൾ ആക്കുവേണ്ടി വക്കാലത്തു പിടിച്ചിരിക്കുന്നോ അവരോടു് നിങ്ങൾക്കു് എന്തു ബന്ധം? ഞാൻകൂടി അറിഞ്ഞുകൊള്ളട്ടേ."

വൃദ്ധൻ ഇതൊരു നേരമ്പോക്കു് എന്ന ഭാവത്തിൽ പുഞ്ചിരി തൂകിക്കൊണ്ടു് "ഓഹാ! അതോ? വൈശാഖമാസത്തിലെ ബാക്കി ദിവസങ്ങൾ കൂടി പോകുമ്പോൾ ഞാൻ അവളെ വിവാഹം കഴിക്കാൻ പോകുന്നു."

വിജയൻ ഒന്നു ഞെട്ടി. അദ്ദേഹം പറഞ്ഞു:—'നിങ്ങൾ അനുരാധയെ വിവാഹം കഴിക്കാൻ പോകുന്നോ?"

"അതേ! എല്ലാംതീച്ചപ്പെടുത്തി വച്ചിരിക്കുന്നു. ജ്യേഷ്ഠമാസത്തിനു ശേഷം പിന്നെ അടുത്തെങ്ങും നല്ല മുഹൂ

ത്താ കിട്ടുകയില്ല. ഈ മാസത്തിൽ മുഹൂത്തമുണ്ടായിരുന്നെങ്കിൽ, കാര്യം ഇപ്പൊഴേ നടക്കുമായിരുന്നു. നിങ്ങളെ ഇക്കാര്യത്തിൽ ബുദ്ധിമുട്ടിക്കേണ്ടിവരികയും ഇല്ലായിരുന്നു.

കുറേനേരം മിണ്ടാതിരുന്നിട്ട് വിജയൻ ചോദിച്ചു:— ഇതിനുള്ള വാക്കു ആരുതന്നു? ഗഗന ചട്ടർജിയാണോ?

വൃദ്ധൻ ക്രൂദ്ധദൃഷ്ട്യാ നോക്കിക്കൊണ്ടു പറഞ്ഞു:— ആ പട്ടു വഞ്ചകപ്പട്ടക്കാളിയോ? കുടുംബത്തിൻെറ നല്ല പേരിനേ കുഴിച്ചുമൂടിയ മഹാപാപി! അയാൾ തടസ്സം പറയാതിരുന്നെങ്കിൽ കഴിഞ്ഞ ആർദ്രമാസത്തിൽതന്നെ വിവാഹം നടക്കുമായിരുന്നു. "നാമൊക്കെ സ്വഭാവകുലീനന്മാർ— കൃഷ്ണസന്താനങ്ങൾ. മലിന വംശത്തിലെക്കു സഹോദരിയേ കല്യാണം കഴിച്ചു കൊടുക്കയോ" എന്നൊക്കെ പറഞ്ഞു് അയാൾ കല്യാണം മുടക്കി. ഇപ്പോൾ ആ അഹംകാരി എവിടെ? ആ സഹോദരി ഇപ്പോൾ കുലഹീനൻെറ വീട്ടിൽതന്നെ കുടിയിരിക്കേണ്ടതായും വന്നു. ഇക്കാലത്തു ആരു് കുലവും ജാതിയും ഒക്കേ നോക്കുന്നു! പണം തന്നെ കുലം. പണം തന്നെ മര്യാദ. പണം തന്നെ സർവ്വവും. അങ്ങനെ അല്ലേ സാഹേബ്?

വിജയൻ പറഞ്ഞു:—അതേ; അതൊക്കെ ശരിതന്നെ. ആകട്ടെ, അനുരാധ സമ്മതിച്ചോ?

ത്രിലോചനൻ ദംഭപൂർവ്വം തൻെറ തുടയിൽ കൈ അടിച്ചുകൊണ്ടു പറഞ്ഞു:—സമ്മതിച്ചുവെന്നോ? നല്ല കാര്യമായിപ്പോയി. ഞാൻ പറഞ്ഞതു പിന്നെ എന്താ

ണു്? അവരം സന്തോഷത്തിൽ മുഴുകിയിരിക്കയാണു്, അവിടുന്നു് നഗരത്തിൽ നിന്നു വന്നു് ഒന്നു് അലട്ടിയപ്പോഠം അവളുടെ നേത്രങ്ങൾക്കു മുമ്പിൽ അന്ധകാരം വ്യാപിച്ചു. അപ്പോഠം അവരം തന്നെ നിശ്ചയിച്ചതാണു് ഈ വിവാഹം. എൻെറ പുത്രന്മാക്കു് ഇഷ്ടമില്ല. അവരുടെ വധുക്കൾക്കും ഇഷ്ടമില്ല; എൻെറ ജാമാതാവിനും ഇഷ്ടമില്ല. ഞാനും ആലോചിച്ചു:— "ഛേ! വേണ്ട, രണ്ടു കല്യാണം കഴിഞ്ഞില്ലേ? ഇനിയും ഈ പ്രാരാബ്ധം എന്തിനു തലയിൽ കെട്ടിവയ്ക്കുന്നു?" എന്നാൽ രാധ സ്വയം ആളയച്ചു് എന്നെ വിളിപ്പിച്ചിട്ടു് ഇങ്ങനെ പറഞ്ഞു:—"ഗംഗാജി മഹാശയ! അവിടുത്തെ ചരണങ്ങളിൽ എനിക്കു സ്ഥാനം അരുളിയാലും. ഞാൻ അവിടുത്തെ അങ്കണം തൂത്തു് ജീവിതം നയിച്ചുകൊള്ളാം. അതാണു് ഇതിലും ഭേദം" ഇങ്ങനെ അപേക്ഷിച്ചാൽ പിന്നെ ഞാനെന്തു ചെയ്യും? അതിനെ സ്വീകരിക്ക തന്നെ ചെയ്തു.

വിജയൻ അവാക്കായി തീൎന്നുപോയി.

വൃദ്ധമഹാശയൻ തുടൎന്നു:—ഈ വീട്ടിൽ വച്ചുതന്നെ വിവാഹംനടത്താം. കണ്ടാൽ അത്ര നന്നായിരിക്കയില്ല; അല്ലെങ്കിൽ എൻെറ വീട്ടിൽ വച്ചുതന്നെ നടത്താമായിരുന്നു. ഗഗനചട്ടൎജ്ജിക്കു ഒരു ചെറിയമ്മയുണ്ടു് അവർ കന്യാദാനം ചെയ്യും. അവിടുന്നു സമ്മതിച്ചാൽ എല്ലാം ശരിയായിക്കൊള്ളും.

വിജയൻ മുഖം ഉയൎത്തിട്ടു് പറഞ്ഞു:—ഞാൻ എന്തു ചെയ്യണമെന്നാണു് പറയുന്നതു്? വീടു് ഒഴിഞ്ഞു തരണ

മെന്നു് നിർബന്ധിക്കരുതെന്നോ ? ഓഹോ ! അങ്ങനെ തന്നെ. ഇനി അങ്ങു് പോകുക. നമസ്കാരം !

"നമസ്കാരം ! നമസ്കാരം ! അപ്പോൾ അങ്ങനെ തന്നെ. അവിടുത്തെ പിതാവു് ലക്ഷപതിയായിരിക്കട്ടെ ! പ്രാതസ്സ്മരണീയൻ ! നാമശ്രവണത്താൽ സുപ്രഭാതം ഉണ്ടാവും ! നമസ്കാരം."

"അങ്ങനെ തന്നെ, ഇനി പോയാലും."

"ഞാൻ ഇതാ പോകുന്നു. നമസ്കാരം !" എന്നു പറഞ്ഞിട്ടു് ത്രിലോചനബാബു അവിടെ നിന്നു് നിഷ്ക്രമിച്ചു.

വൃദ്ധമഹാശയൻ പോയതിനു ശേഷം, വിജയൻ മിണ്ടാതെ ഇരുന്നു് തൻെറ മനസ്സിനെ സമാധാനപ്പെടുത്തിത്തുടങ്ങി:—

"ഇക്കാര്യത്തിൽ തലയിടുന്നതിൻെറ ആവശ്യമെന്തു് ? വാസ്തവത്തിൽ ഇതല്ലാതെ ആ ബാലികയ്ക്കു് എന്തു് ജീവിതോപായം ? ലോകത്തിൽ മുമ്പും നടന്നിട്ടില്ലാത്ത കാര്യമല്ല ഇതു്. ഇതു തന്നെ ലോകഗതി. അതിനെപ്പററി ചിന്തിച്ചു് സങ്കടപ്പെടുന്നതെന്തിനു് ?"

പെട്ടെന്നു അദ്ദേഹത്തിനു് വിനോദഘോഷൻ പറഞ്ഞതു് ഓർമ്മയിൽവന്നു. അയാൾ അന്നൊരിക്കൽ പറകയുണ്ടായി. "കുലഗൌരവവും വച്ചു പുലർത്തിക്കൊണ്ടിരുന്നാൽ ആഹാരത്തിനു് എന്തു നിവൃത്തി ? ഈ വിവാഹം നടന്നാൽ ഉണ്ണാനും ഉടുപ്പാനുമെങ്കിലുംകിട്ടുമല്ലോ !" എന്നു പറഞ്ഞു് അനുരാധ തൻെറ സഹോദരൻെറ അഭിപ്രായത്തെ ഖണ്ഡിക്കാറുണ്ടായിരുന്നു. അപ്പോൾ ഒക്കെ

ഗഗനൻ കോപാന്ധനായിട്ട് 'നീ അച്ഛനമ്മമാരുടെ നാമത്തിനു കളങ്കമുണ്ടാക്കാനാണോ കാംക്ഷിക്കുന്നതു്?" എന്നു ചോദിച്ചും വന്നു. അതിനുത്തരമായി അവൾ പറയും: 'ചേട്ടനു് അവരുടെ വംശോദ്ധാരകനായി ഇരിക്കാൻ കഴിയുമെന്നുണ്ടെങ്കിൽ ഇരുന്നു കൊള്ളുക. എന്നെക്കൊണ്ടു് സാധിക്കുന്ന കാര്യമല്ല അതു്."

രാധയുടെ ഈ വാക്കുകളിൽ നിർഭരമായിരുന്ന അന്തർവേദനയുടെ കാഠിന്യത്തെ വിജയനു ഗ്രഹിക്കാൻ സാധിച്ചില്ല. അദ്ദേഹത്തിന് മാമൂൽ ആചാരങ്ങളിൽ തെല്ലു പോലും വിശ്വാസമുണ്ടായിരുന്നു എന്നല്ല അതിൻെറ അർത്ഥം. എന്നിട്ടും അദ്ദേഹത്തിൻെറ സഹാനുഭൂതി ഗഗനനിൽ ആണു് പതിച്ചതു്. അനുരാധയുടെ തീക്ഷ്ണമായ ഉത്തരത്തെപ്പററി ആലോചിച്ചിടത്തോളം, അവൾ അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ലജ്ജാഹീനയായും ധനലോഭിനിയായും അതീവ നിന്ദ്യയായും പ്രതീതയായി.

വെളിയിൽ മുററത്തു് ക്രമേണ ആളുകൾ വന്നു കൂടി. വിജയൻ അവരെ സംബന്ധിച്ചകാര്യങ്ങൾ വിചാരണ ചെയ്തുതുടങ്ങി. എന്നാൽ ഇന്നു് എന്തൊ അസുഖം നിമിത്തം ജോലി മുന്നോട്ടു പോകുന്ന ലക്ഷണം കണ്ടില്ല. അതുകൊണ്ട് ദ്വാരപാലകൻ മുഖാന്തിരം അവരെയെല്ലാം വീടുകളിലേക്കു പറഞ്ഞയച്ചു; എന്നിട്ടും സ്വാസ്ഥതയുണ്ടായില്ല. ബൈഠക്ഖാനയിൽ തനിച്ചിരിക്കുന്നതുതന്നെ വളരെ വിഷമമായിത്തോന്നി. എന്തോ ആലോചിച്ചിട്ടെന്നപോലെ അദ്ദേഹം ഗൃഹാന്തർ ഭാഗത്തിലേക്കു കടന്നു. അടുക്കളയുടെ മുമ്പിലുള്ള വരാന്തയിൽ വിരിച്ചിരുന്ന പായിൽ അ

നരാധ കിടക്കുന്നതും ഇരു പാൾ്ശ്വങ്ങളിലായി കുമാരനും സന്തോഷസമേതം ഇരുന്ന് മഹാഭാരതകഥ കേട്ടുകൊണ്ടിരിക്കുന്നതും അദ്ദേഹം കണ്ടു. വൈകുന്നേരത്തെ പാചകജോലി എല്ലാം നേരത്തേ തീൎത്ത്, കുട്ടികളോടുകൂടി ഇരുന്ന് ഇങ്ങനെ കഥ പറയുന്നത് അവളുടെ പതിവാണ്. അതിനുശേഷം കുമാരന് ആഹാരം കൊടുത്തിട്ട് അവനെ അപ്പന്റെ അടുക്കലേക്കു പറഞ്ഞയക്കും. ചന്ദ്രികാശീതളമായ രാത്രി. ഘനപല്ലവ കോമളമായ ആമ്ര വൃക്ഷത്തിലെ പത്രസമൂഹത്തിനിടയിൽകൂടി ചന്ദ്ര കിരണങ്ങൾ അവളുടെ ശരീരത്തിലും മുഖത്തും പതിച്ചു കൊണ്ടിരിക്കുന്നു. വൃക്ഷച്ഛായയിൽ ഏതോ ഒരുവൻ വന്നു നില്ക്കുന്നതുകണ്ടു് അനുരാധ ഒന്നു ഞെട്ടി, ആരത് എന്നു ചോദിച്ചു.

"ഞാനാണ്, വിജയൻ."

മൂന്നുപേരും വേഗം എണീററു. സന്തോഷനു കൊച്ചു ബാബുവിനേ വലിയ പേടിയായിരുന്നു. അന്നത്തേ ഓൎമ്മ ഇപ്പോഴും അവനേ വിട്ടുപോയിരുന്നില്ല. അവൻ അങ്ങോട്ടും ഇങ്ങോട്ടും നോക്കിയിട്ട്, അവിടെ നിന്നുകടന്നു കളഞ്ഞു; കുമാരനും അവന്റെ കൂട്ടുകാരനെ അനുവൎത്തിച്ചു.

വിജയൻ പറഞ്ഞു:-ത്രിലോചനഗംഗാജിയെ അറിയുമോ?

ഇന്ന് അദ്ദേഹം എന്റെ അടുക്കൽ വന്നിരുന്നു."

അനുരാധ ആശ്ചൎയ്യപരതന്ത്രയായിട്ട് പറഞ്ഞു:—അവിടുത്തെ അടുക്കലോ? അവിടുന്ന് അദ്ദേഹത്തിന്റെ അടുക്കൽ നിന്ന് പണം ഒന്നും കടം വാങ്ങിയിട്ടില്ലല്ലോ?"

"ഇല്ല; ഉണ്ടായിരുന്നെങ്കിൽ പക്ഷേ താങ്കൾക്കും എന്റെ ആ ഒരു ദിവസത്തെ അത്യാചാരത്തിന്ന് ഇനി ഒരിക്കൽ പക വീട്ടാൻ കഴിയുമായിരുന്നേനെ."

അനുരാധ ഒന്നും മിണ്ടിയില്ല. വിജയൻ പറയാൻതുടങ്ങി:—"അദ്ദേഹം താങ്കളെ വിവാഹം കഴിക്കാൻ പോകുന്നു എന്നും അതിനുള്ള വാഗ്ദാനം നടന്നിരിക്കുന്നു എന്നും പറഞ്ഞു. പരമാത്ഥമാണോ?"

"അതേ."

"താങ്കൾ താനേ ചെന്ന് അദ്ദേഹത്തിനോട്ട് അപേക്ഷിച്ചുവത്രേ. വാസ്തവംതന്നെയോ?"

"അതേ! അങ്ങനെയാണ് സംഭവിച്ചതു്."

"അങ്ങനെ ആണെങ്കിൽ അതു വളരെ ലജ്ജാവഹമായിപ്പോയി. താങ്കൾക്കു മാത്രമല്ല എനിക്കും."

"അവിടുത്തേക്ക് എങ്ങനെ ലജ്ജാവഹം?"

"അതുപറയാനായിട്ടാണ് ഞാൻ ഇപ്പോൾ വന്നതു്. എൻെറ ഉപദ്രവം നിമിത്തമായിരിക്കണം താങ്കൾ അപ്രകാരം ചെയ്തതെന്നു ത്രിലോചനൻ സൂചിപ്പിച്ചു. താങ്കൾക്കു വീടും കൂടും ഇല്ലെന്നും അതുകൊണ്ടു് താങ്കളുടെ വിനീതമായ പ്രാത്ഥന കേട്ടു് താൻ സമ്മതിച്ചതാണെന്നും ഈ വാദ്ധക്യദശയിൽ കല്യാണം കഴിക്കാൻ തനിക്കു ലേശം മോഹമുണ്ടായിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

"അതേ! ഇതൊക്കെ പരമാത്ഥമാണു്."

"അങ്ങിനെ ആണെങ്കിൽ ഞാൻ എൻെറ നിർബന്ധത്തെ പിൻവലിച്ചിരിക്കുന്നു. ആ അത്യാചരണത്തിനായി മാപ്പു ചോദിക്കയും ചെയ്യുന്നു."

അനുരാധ ഒന്നും മിണ്ടിയില്ല. വിജയൻ തുടന്നു:—

"ഇനി താങ്കളും ത്രിലോചനനോടുള്ള ആ അപേക്ഷയെ പിൻവലിച്ചാലും."

"അതെങ്ങനെ ? ഞാൻ വാക്കു കൊടുത്തു പോയില്ലേ? എല്ലാവരും ഈ സംഗതിയെപ്പററി കേട്ടുകാണണം. അവർ എന്തു പറയും ? ലഹളയുണ്ടാകില്ലയോ ?"

"ഇങ്ങനെ ആയാൽ ലഹളയുണ്ടാകില്ലയോ ? കൂടുതൽ വഴക്കു് ഉണ്ടാകയേയുള്ളൂ. അദ്ദേഹത്തിനു പ്രായപൂർത്തി വന്ന പുത്രന്മാരുണ്ടു്—പുത്രികളുണ്ടു്. അവർ അദ്ദേഹത്തിനെ കൊല്ലാതെ കൊല്ലും ; ഗൃഹജീവിതം കണ്ടകാകീർണ്ണമാക്കിത്തീർക്കും. താങ്കൾക്കു് ഒരു നിമിഷം സ്വൈരമായി ജീവിക്കാൻ സാധിക്കയില്ല. ഈ സംഗതികളെല്ലാം നല്ലപോലെ ആലോചിച്ചു നോക്കുക."

അനുരാധ മൃദുസ്വരത്തിൽ പറഞ്ഞു:—"ആലോചിക്കാതിരിക്കുന്നില്ല. ഇങ്ങനെ ഒന്നും സംഭവിക്കയില്ലെന്നാണു് എൻെറ വിശ്വാസം."

ഈ മറുപടി കേട്ടു് വിജയൻ വിസ്മിതനായി. അദ്ദേഹം പറഞ്ഞു:—

"അദ്ദേഹം പടുവൃദ്ധൻ. ഇനി എത്രകാലം ജീവിച്ചിരിക്കുമെന്നാണു് താങ്കളുടെ പ്രത്യാശ ?"

അനുരാധ പറഞ്ഞു:—

"പതിയുടെ പരമായുസ്സിനെ ഈ ലോകത്തിലെ സകല സ്ത്രീകളും കാംക്ഷിക്കുന്നു. ഭാഗ്യം കൊണ്ടു് എന്റെ മൃത്യു അതിനു മുമ്പു് സംഭവിച്ചുവെന്നും വരാമല്ലോ?"

ഈ വാക്കിനു മറുപടി പറയാൻ വിജയൻ ഉദ്യമിച്ചില്ല. അദ്ദേഹം സ്തബ്ധനായി നിന്നുപോയി. ഏതാനും നിമിഷം ഇങ്ങനെ നിസ്തബ്ധതയിൽ കഴിഞ്ഞപ്പോൾ, അനുരാധ വിനീതസ്വരത്തിൽ പറഞ്ഞു:—

"അവിടുന്നു് സ്ഥലം ഒഴിഞ്ഞു തരണമെന്നു് ആജ്ഞാപിച്ചതു ശരിതന്നെ; എന്നാൽ എത്രയോ ദിവസങ്ങളായിരിക്കുന്നു. അതിനെപ്പററി പിന്നീടു സൂചിപ്പിക്കപോലും ചെയ്തില്ലല്ലോ? ഞാൻ അവിടുത്തെ ദയക്കു ലേശംപോലും യോഗ്യയല്ല. എന്നിട്ടും അവിടുന്നു് എന്നോടു കൃപാപൂർവ്വം പെരുമാറുന്നു. ഇതിലേക്കു് ഞാൻ എത്രമാത്രം കൃതജ്ഞയായിരിക്കുന്നെന്നു് എങ്ങനെ പറഞ്ഞറിയിക്കും?"

വിജയൻ ഉത്തരം ഒന്നും പറയാതിരിക്കുന്നതുകണ്ടിട്ടു് അവൾ തുടന്നു:—

"അവിടത്തേക്കു വിപരീതമായി ഞാൻ ആരോടും ഒരക്ഷരം പോലും മിണ്ടീട്ടില്ലെന്നു ഭഗവാനറിയാം. അങ്ങനെ വല്ലതും പറഞ്ഞാൽ അതു് വലിയ അന്യായമായിരിക്കും; സത്യവിരോധമായിരിക്കും. ഗംഗാജിമഹാശയൻ വല്ലതും പറഞ്ഞെങ്കിൽ അതു് സ്വാഭിപ്രായമാണു്; ഞാൻ ആ വിഷയത്തിൽ അപരാധിനിയല്ല. എന്നാലും അദ്ദേഹത്തിനുവേണ്ടി ഞാൻ ക്ഷമായാചനം ചെയ്തുകൊള്ളുന്നു."

വിജയൻ ചോദിച്ചു:—

"താങ്കളുടെ വിവാഹം എന്നുനടക്കാൻ പോകുന്നു? ജ്യേഷ്ഠ മാസത്തിലെ കൃഷ്ണപക്ഷത്രയോദശിനാളോ? അങ്ങനെയാണെങ്കിൽ ഇനി ഒരു മാസത്തോളമുണ്ടല്ലോ— അല്ലേ?"

"ഉണ്ടു്."

"ഇതിൽ ഇനി മാററമൊന്നും വരുത്താൻ നിവൃത്തിയില്ലേ?"

"ഇല്ലെന്നാണു തോന്നുന്നതു്. അദ്ദേഹം ഉറപ്പുതന്നിരിക്കയാണു്."

വിജയൻ കുറെ നേരം മൌനമവലംബിച്ചിട്ടു് പറഞ്ഞു:—"എന്നാൽ ഇനി എനിക്കു് ഒന്നും പറയാനില്ല. ഭവിഷ്യജ്ജീവിതത്തെപ്പററി താങ്കൾ ലേശം പോലും ആലോചിക്കുന്നില്ലന്നോത്തു് ഞാൻ അത്യന്തം വ്യസനിക്കുന്നു."

അനുരാധ പറഞ്ഞു:—

"ഒരിക്കലല്ല പലതവണ ആലോചിച്ചു നോക്കി. രാപകൽ ഇതു തന്നെയാണു് എൻെറ ചിന്താവിഷയം. അവിടുന്നു് എൻെറ ശുഭാകാംക്ഷിയാണു്. അവിടുത്തോനേക്കു് എനിക്കുള്ള കൃതജ്ഞതയെ പൂണ്ണ രൂപത്തിൽ പ്രകാശിപ്പിക്കുന്നതിനു് വാക്കുകൾ തേടിയിട്ടു് കിട്ടുന്നില്ല— എന്നാൽ അവിടുന്നു തന്നെ എന്നെ സംബന്ധിച്ചുള്ള സകല കാര്യങ്ങളേയുംപററി ഒന്നു ആലോചിച്ചു നോക്കുക. കാശില്ല; രൂപയില്ല; വീടില്ല—അഭിഭാവുകന്മാരാരുമില്ലാതെ തനിച്ചു് ഗ്രാമത്തിലെ അനാചാരങ്ങളിൽ നിന്നും അ

ത്യാചാരങ്ങളിൽ നിന്നും രക്ഷപ്രാപിക്കത്തക്കവണ്ണം കയറി കിടക്കുന്നതിന് ഒരു കിടപ്പാടം പോലുമില്ല. വയസ്സു മുപ്പത്തു നാല്പതായി. ഇനി ആരു് എന്നെ കല്യാണം കഴിക്കും? അവിടുന്നു തന്നെ പറഞ്ഞു തരണം. ഈ നിലയിൽ അന്നത്തിനായി ഞാൻ ആരുടെ അടുക്കൽച്ചെന്നു് കൈനീട്ടും ? അവിടുത്തേക്ക് എൻെറ അവസ്ഥയെപ്പററി കേട്ടിട്ട് ഇപ്പോൾ എന്തു തോന്നുന്നു?"

ഇതൊക്കെ പരമാൎത്ഥമല്ലേ ? എന്തു മറുപടി പറയും ? രണ്ടു മൂന്നു മിന്നിട്ടുനേരം മിണ്ടാതെയിരുന്നശേഷം വിജയൻ ഗംഭീരമായ അനുതാപത്തോടുകൂടി പറഞ്ഞു. "ഈ ദുരവസ്ഥയിൽ താങ്കൾക്കു വല്ല ഉപകാരവും ചെയ്വാൻ എനിക്കു സാധിക്കുമെങ്കിൽ പറഞ്ഞാലും. ഞാൻ അത്യന്തം കൃതകൃത്യനായിത്തീരും."

അനുരാധ പറഞ്ഞു:– "അവിടുന്നു് മററാൎക്കും ചെയ്വാൻ സാധിക്കാത്ത ഒരു ഉപകാരമല്ലേ എനിക്കു ചെയ്യുതന്നതു് ? അവിടുത്തെ ആശ്രയത്തിൽ ഞാൻ നിൎഭയം താമസിക്കുന്നു—ഈ രണ്ടു കുട്ടികൾ എനിക്കു സൂൎയ്യചന്ദ്രന്മാരായി വൎത്തിക്കുന്നു. എനിക്ക് ഇതിൽപരം എന്തു വേണം ? ഒരു പ്രാൎത്ഥനയേ എനിക്കുള്ളു. അവിടുന്ന് ചേട്ടൻെറ അപരാധത്തിൽ എന്നെ ഭാഗിനിയാക്കരുതു്. ഞാൻ അറിഞ്ഞുംകൊണ്ടു് ഒരു അപരാധവും ചെയ്തിട്ടില്ല."

"അതു താങ്കൾ പറയാതെ തന്നെ എനിക്കറിയാം" എന്നുപറഞ്ഞിട്ട് വിജയൻ പതുക്കെ പതുക്കെ അവിടെ നിന്നു പൊയ്ക്കളഞ്ഞു.

---

# V

കൽക്കത്തെയിൽ നിന്നു് കുറെ മലക്കറി സാമാനങ്ങളും കാഴ്ചനികളും മധുര പലഹാരങ്ങളും വന്നുചേൎന്നു. വിജയൻ ഒരു ഭൃത്യനെക്കൊണ്ടു് ആ കുട്ട എടുപ്പിച്ചു് അടുക്കളെ വാതുക്കൽ ഇറക്കിയിട്ടു് 'അകത്താരും ഇല്ലേ?' എന്നു ചോദിച്ചു.

അകത്തുനിന്നു മൃദുകണ്ഠത്തിൽ 'ഉണ്ടു്' എന്ന ഉത്തരം പുറപ്പെട്ടു.

വിജയൻ പറഞ്ഞു:—താങ്കളെ വിളിക്കാനാണു് പ്രയാസമായിരിക്കുന്നതു്. ഞങ്ങളുടെ നാട്ടിലാണെങ്കിൽ മിസ്. ചട്ടർജി എന്നോ മിസ്. അനുരാധ എന്നോ എളുപ്പത്തിൽ വിളിക്കാം. ഇവിടെങ്ങും ആ ഏൎപ്പാടു വന്നിട്ടേ ഇല്ല. കുട്ടികളിൽ ആരെ എങ്കിലും കണ്ടിരുന്നെങ്കിൽ 'കുഞ്ഞേ! ചെറിയമ്മയെ വിളിക്കൂ' എന്നു പറയാമായിരുന്നു. ഈ സമയത്തു് അവരെയും കാണ്മാനില്ല. ഞാൻ എന്തുപറഞ്ഞാണു് വിളിക്കേണ്ടതു്? പറഞ്ഞു തന്നാലും.''

അനുരാധ വാതുക്കൽ വന്നിട്ടു പറഞ്ഞു:—അവിടുന്നു് വീട്ടിന്റെ ഉടമസ്ഥനല്ലേ? എന്നെ രാധ എന്നു വിളിക്കാമല്ലോ.''

വിജയൻ പ്രതിവചിച്ചു:—

"വിളിക്കുന്നതിൽ വിരോധമൊന്നുമില്ല. എന്നാൽ ഗൃഹസ്വാമി എന്ന നിലയിൽ ആയിരിക്കയില്ലെന്നേ

ഉള്ളൂ. ഗൃഹസ്വാമി ഗഗന ചട്ടർജിയായിരുന്നു. അയാൾ കടന്നും കളഞ്ഞു. ആകട്ടെ! താങ്കൾ എന്നെ ഗൃഹസ്വാമിയായി ഗണിക്കേണ്ടകാര്യം എന്തു്? താങ്കൾക്കു് ഇവിടെ എന്തു കുറവു്?

അകത്തുനിന്നു മറുപടി പുറപ്പെട്ടു:—

"അവിടുന്നു് അങ്ങനെ പറയരുതു്. അവിടുന്നുതന്നെയാണു് ഈ ഗൃഹത്തിന്റെ സ്വാമി."

വിജയൻ പറഞ്ഞു:—ആ സ്ഥാനം ഞാൻ സ്വീകരിക്കുന്നില്ല. എന്നാൽ പ്രായത്തിന്റെ നില ഞാൻ അംഗീകരിക്കുന്നു. ഞാൻ നിങ്ങളെക്കാൾ പ്രായം കൂടിയവനാണു്. അതുകൊണ്ടു് പേരു ചൊല്ലിവിളിച്ചാൽ മുഷിയാതിരിക്കണം"

"ഒരു മുഷിച്ചിലുമില്ല."

പരസ്പരം ഘനിഷ്ഠഭാവത്തിൽ പെരുമാറുന്നതിനുള്ള ആഗ്രഹം തന്നെ സംബന്ധിച്ചിടത്തോളം എത്ര പ്രബലമായിരിക്കുന്നോ അത്രത്തോളമെന്നല്ല, ലേശംപോലും, അവളുടെ പക്ഷത്തിൽ കാണ്മാനില്ലെന്നു വിജയൻ വിചാരിച്ചു. അവൾ ഒരുവിധത്തിലും മുന്നിൽ വരാതെ മറവിൽ നിന്നുകൊണ്ടു് സംക്ഷിപ്തമായും സമ്മാനപൂർവ്വകമായും സംസാരിക്കുന്നതേയുള്ളല്ലോ.

വിജയൻ പറഞ്ഞു:—വീട്ടിൽനിന്നു് കുറെ മലക്കറിസാമാനങ്ങളും കായ്കറികളും പലഹാരങ്ങളും വന്നിരിക്കുന്നു. ഈ കുട്ടയെടുത്തു് അകത്തു വയ്ക്കുക. കുട്ടികൾക്കു കൊടുക്കാം."

"അവിടെ ഇരിക്കട്ടെ. ആവശ്യം പോലെ അവിടത്തേക്ക് അയച്ചുതരാം."

"അതു വേണ്ട. എൻെറ പാചകനു് പാചകമേ നിശ്ചയമില്ല. ഉച്ചമുതല്ലേ ഊണു വിളമ്പുന്നോ എന്നു നോക്കിക്കൊണ്ടിരിക്കയാണു്. കാണുന്നേയില്ല. ഈ നാട്ടിലെ മലമ്പനി അവനേയും ബാധിച്ചിരിക്കുമോ എന്തോ? അവൻ കിടപ്പിലായാൽ കാൎയ്യം വിഷമത്തിലാകും."

"മലമ്പനി ഈ നാട്ടിലെങ്ങും ഇല്ല. അയാൾ വരാതിരുന്നാൽ പിന്നെ ആരു ഭക്ഷണം തയ്യാറാക്കും ?"

വിജയൻ പറഞ്ഞു:—"ഇന്നത്തെ ഭക്ഷണം ഏതായാലും മുടങ്ങി. നാളെ അതിനെപ്പററി ആലോചിച്ചു് എന്തെങ്കിലും വ്യവസ്ഥ ചെയ്യാം എന്നാൽ പട്ടി കൂടി ഉണ്ടു്; വേലക്കാരെക്കൊണ്ടു് പാകം ചെയ്യിച്ചു് അവനെത്തീററിക്കാൻ നോക്കണം."

"അതു വലിയ ബുദ്ധിമുട്ടായിരിക്കയില്ലേ ?"

"അതൊന്നുമില്ലാ. എനിക്കു് അതൊക്കെ നല്ല ശീലമാണു്. കുട്ടിയുടെ ഭക്ഷണക്കാൎയ്യത്തിൽ വല്ല വിഷമവും നേരിട്ടാൽ, കാൎയ്യം ദുൎഘടമായിത്തീരുമായിരുന്നു. അവൻെറ ഭാരം താങ്കൾ സ്വയം കൈയ്യേററിരിക്കയാണല്ലോ. ഭക്ഷണം തയ്യാറാക്കിക്കൊണ്ടിരിക്കയാണോ ? കുട്ട ഒന്നു തുറന്നു നോക്കുക. വല്ലതും അതിലുണ്ടെങ്കിൽ ഭാഗ്യമായില്ലേ?

"അതിലൊന്നുമില്ലെങ്കിലും ആഹാരം നടക്കും. ഞാനിപ്പോൾ എനിക്കായി പാകം ചെയ്യുകയല്ല."

"പിന്നെ എന്തു ചെയ്യുന്നു ?"

"കുമാരന്റെ ദേഹത്തിന്ന് അല്പം ചൂട തോന്നിക്കു ന്നു. പാകം ചെയ്താൽ, കുമാരൻ വേണമെന്ന് ശാഠ്യം തുടങ്ങും. അതുകൊണ്ട് ഞാനൊന്നും തയ്യാറാക്കിയില്ല. കാലത്തു വച്ചതിൽ ബാക്കിയുള്ളതുകൊണ്ട് സന്തോഷനെ തൃപ്തിപ്പെടുത്താം."

"അവന്റെ ശരീരത്തിന്ന ചൂടോ? അവൻ എവിടെ?"

"എന്റെ കിടക്കയിൽ കിടക്കുന്നു; സന്തോഷനുമായി ചലപലച്ചിലച്ചുകൊണ്ടിരിക്കയായിരിണം. ഇന്നു വെളിയിലേക്ക് അയക്കയില്ല. എന്റെകൂടെ കിടന്നു ഉറങ്ങിക്കൊള്ളട്ടേ."

വിജയൻ പറഞ്ഞു:—"ഉറങ്ങിക്കൊള്ളട്ടേ. എന്നാൽ ഈ മാതിരി അധികമായ ലാളനയുടെ ഫലമായിട്ട് ഇനി അവൻ ചെറിയമ്മയെ വിട്ടുംവെച്ച് വീട്ടിലേക്കു പോകാൻ ആഗ്രഹിക്കുന്ന കാര്യം സന്ദിഗ്ദ്ധമാണ്. അപ്പോൾ ഒരു പുതിയ വൈഷമ്യം നേരിടും."

"ഒരു വിഷമവും ഉണ്ടാകയില്ല. കുമാരൻ പറഞ്ഞാൽ കേൾക്കാത്ത ഒരു ബാലനല്ല."

വിജയൻ പറഞ്ഞു:—"എങ്ങനെ ആണ് അവൻ പറഞ്ഞാൽ കേൾക്കുന്നവനായിരിക്കുന്നതെന്നു താങ്കൾക്കു തന്നേ അറിയാം. എന്നാൽ അവൻ സദാ നിങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്നു എന്നാണ് ഞാൻ അറിഞ്ഞിട്ടുള്ളത് ?"

അനുരാധ കുറെനേരം മിണ്ടാതിരുന്നു; അനന്തരം പറഞ്ഞു:—

"അവൻ എന്നേ മാത്രമേ അലട്ടാറുള്ളു; മററാരേയും അങ്ങനെ ചെയ്യാറില്ല."

വിജയൻ പറഞ്ഞു:—

അതു് എനിക്കറിയാം. എന്നാൽ ചെറിയമ്മ സഹിക്കുന്നതൊക്കെ അമ്മൂമ്മ സഹിക്കയില്ല. ഇനി ഒരു വിമാതാവു വരുന്നപക്ഷം അവളും ഇത്രത്തോളം ക്ഷമിക്കയില്ലെന്നു തീച്ചയാണു്. അതുകൊണ്ടു് ശീലം പിഴച്ചുപോകുന്നതു് അവനു ദോഷകരമാണു്."

"കുമാരൻെറ ശീലം പിഴച്ചുപോയിട്ടില്ല. പോരെങ്കിൽ അവനു് അ്നിഷ്ടകാരിണിയായ വിമാതാവിനെ അവിടുന്നു കൊണ്ടുവരുന്നതെന്തിനു്?"

വിജയൻ പറഞ്ഞു:—"കൊണ്ടുവരേണ്ട കായ്യമൊന്നുമില്ല. അവൻെറ ഭാഗ്യം കെടുമ്പോൾ, വിമാതവും താനേ വീട്ടിൽ വന്നുകേറിക്കൊള്ളും. അപ്പോൾ അവനു് ഈ ചെറിയമ്മയെ ശരണം പ്രാപിക്കേണ്ടതായും വരും. എന്നാൽ അതിനു് അദ്ദേഹം സമ്മതിക്കുമോ?"

അനുരാധ പറഞ്ഞു:—'അമ്മയില്ലാത്തവനേ ഈ ചെറിയമ്മ ഒരിക്കലും ഉപേക്ഷിക്കയില്ല. എത്രയൊക്കെ ദുഃഖങ്ങൾ ഉണ്ടായിരുന്നിട്ടും ഞാൻ ഒരുവനെ പോററിവളത്തിക്കൊണ്ടല്ലേ ഇരിക്കുന്നതു്?"

"ഇതു ഞാൻ ഓൎമ്മയിൽവച്ചുകൊള്ളാം" എന്നു പറഞ്ഞിട്ടു് വിജയൻ പോകാൻ ഭാവിച്ചു; എന്നാൽ തിരിച്ചു വന്നിട്ടു പറഞ്ഞു:—

"എന്റെ അവിനയത്തിനു മാപ്പു തരുമെങ്കിൽ ഒരു കാൎയ്യം ചോദിച്ചുകൊള്ളട്ടെ."

"ചോദിച്ചാലും"

"കുമാരന്റെ ചിന്ത പുറകോട്ടുപോകും; എന്തുകൊണ്ടെന്നാൽ അവന്റെ അച്ഛൻ ജീവിച്ചിരിപ്പുണ്ടു്. താങ്കൾ അയാളെ വലിയ നിഷ്ഠുരനായിട്ടാണു് വിചാരിച്ചു പോരുന്നതു്; എന്നാൽ അയാൾഅത്രഒന്നുംനിഷ്ഠുരനല്ല. സന്തോഷന്റെ കാൎയ്യം അങ്ങനെയാണോ? അവനു് അച്ഛനും അമ്മയും ഇല്ല. പുതിയ ചിററപ്പനായ ത്രിലോചനന്റെ വീട്ടിൽ ചെല്ലുമ്പോൾ, അവനു സ്ഥാനം ലഭിക്കാതെ വന്നാൽ, താങ്കൾ അവനെ എന്തുചെയ്യും? ഇതിനെപ്പററി ആലോചിച്ചിട്ടുണ്ടോ?

അനുരാധ പറഞ്ഞു:— "ചെറിയമ്മയ്ക്കു സ്ഥാനം ലഭിച്ചാൽമരുമകനും ലഭിക്കും."

"അങ്ങനെ തന്നെയാണു് വേണ്ടതു്. എന്നാൽ ഞാൻ അദ്ദേഹത്തിനെ കണ്ടിടത്തോളം എനിക്കു വിശ്വാസം വരുന്നില്ല." ഈ വാക്കിനു മറുപടി പറയാൻ അനുരാധയ്ക്കു പെട്ടെന്നു കഴിഞ്ഞില്ല. അല്പം ആലോചിച്ചിട്ടു ശാന്തവും ദൃഢവും ആയ കണ്ഠത്തിൽ പറഞ്ഞു:—"അങ്ങനെ വരുമ്പോൾ മരത്തിന്റെ കീഴിൽ രണ്ടുപേൎക്കും സ്ഥാ

നം ലഭിയ്ക്കും. അതിനെ തടയാൻ ആക്കുംകഴിവില്ല ല്ലോ.''

വിജയൻ പറഞ്ഞു:—

"ഇതു ചെറിയമ്മയ്ക്കു പററിയ വാക്ക തന്നെ. ഇതിനെ നിഷേധിക്കാൻ ആക്കും കഴിവില്ല. എന്നാൽ ഇതു സംഭാവ്യമല്ല. അപ്പോഠ അവനെ എൻെറ അടുക്കലേക്ക് അയക്കണം. കുമാരൻെറ ക്രട്ടുകാരനാണല്ലോ അവൻ. കുമാരൻ ഒരു പുരുഷനായി ത്തീരുമെങ്കിൽ അവനും അങ്ങനെ ആയിക്കൊള്ളും."

അകത്തുന്നിന്നു പിന്നെയും മറുപടി ഒന്നും ഉണ്ടായില്ല. വിജയൻ കുറച്ചുനേരം കാത്തിരുന്നിട്ട് അവിടെ നിന്നു വെളിയിലേക്ക പോയി.

രണ്ടു മൂന്നു മണിക്കശേഷം സന്തോഷൻ വന്നു വാതുക്കൽ നിന്നു കൊണ്ടു പറഞ്ഞു:—

"ചെറിയമ്മ ഉണ്ണാൻ വിളിക്കുന്നു.''

"എന്നെയോ?" എന്നു വിജയൻ ചോദിച്ചു. "അതെ" എന്നു പറഞ്ഞിട്ട് അവൻ കടന്നു.

അനുരാധ അടുക്കളയുടെ അങ്കണത്തിൽ ആസനംസജ്ജമാക്കിയിരുന്നു. വിജയൻ അതിന്മേൽ ഇരുന്നിട്ട് പറഞ്ഞു:—

"എന്തിന് ഇതിലേക്ക് ഇത്ര ബുദ്ധിമുട്ടി?"

അനുരാധ അടുത്തു തന്നെ നിന്നു; എന്നാൽ ഒന്നും പറഞ്ഞില്ല. വിളമ്പിയിരുന്ന സാധനങ്ങഠ അധികമൊ

ന്നും ഉണ്ടായിരുന്നില്ല ; എന്നാൽ യത്നപൂർവ്വം പാകം ചെയ്തവയായിരുന്നു. നല്ല ഗൃഹിണിയുടെ പരിചയ മുദ്ര അവയിൽ ഓരോന്നിലും അങ്കിതമായിരുന്നു. എത്ര സ്വാദുതരമായ പദാർത്ഥങ്ങൾ ! ഉണ്ടുകൊണ്ടിരിക്കുന്നതിനിടയിൽ വിജയൻ ചോദിച്ചു:—

"കുമാരൻ എന്തു തിന്നു ?"

"ചൌവ്വരിക്കഞ്ഞി കുടിച്ചുംകൊണ്ടു് ഉറങ്ങി."

"ഇന്നു വഴക്കൊന്നും ഉണ്ടായില്ലേ?"

അനുരാധ ചിരിച്ചുംകൊണ്ടു് പറഞ്ഞു:—"എൻെറ അടുക്കൽ കിടന്നാണു് ഉറങ്ങിയതു്; അതുകൊണ്ടു് തീരെ ശാന്തനായിരുന്നു. ഒരു ശാഠ്യവും പിടിച്ചില്ല."

വിജയൻ പറഞ്ഞു:—

"അവൻ നിമിത്തം താങ്കളുടെ ബുദ്ധിമുട്ടു വർദ്ധിച്ചിരിക്കുന്നു; എന്നാൽ അതിൽ ഞാൻ നിരപരാധിയാണു്. അവൻ താനേ വന്നു് ഈ വീട്ടിലെ ഒരു അംഗമായിത്തീർന്നിരിക്കുന്നു എന്നാണു് ഞാൻ വിചാരിക്കുന്നതു്."

"അതു തന്നെയാണു് ഞാനും വിചാരിക്കുന്നതു്"

"അവൻ വീട്ടിലേക്കു മടങ്ങുമ്പോൾ താങ്കൾക്കു വലിയ സങ്കടമായിരിക്കുമെന്നു തോന്നുന്നു"

അനുരാധ കുറേനേരം മൌനം അവലംബിച്ചിട്ടു പറഞ്ഞു:—

"അവനെ വീട്ടിലേക്കു കൊണ്ടുപോകും മുമ്പു് അവിടുത്തെ അടുക്കൽ ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. അവനു്

യാതൊരു ക്ലേശവും വരുത്താതിരിക്കാൻ അവിടുന്ന് പ്രത്യേകം സൂക്ഷിക്കണം."

"ഞാൻ എന്തുചെയ്യും? പകൽ മുഴുവനും ജോലിയിൽ വ്യാപൃതനായി വെളിയിൽ ആയിരിക്കും. അതിനാൽ താങ്കളുടെ ഉപദേശത്തെ പാലിക്കുവാൻ സാധിക്കുമോ എന്ന് എനിക്കു സംശയമാണ്.

"അങ്ങനെ ആണെങ്കിൽ അവനെ എൻെറ അടുക്കൽ വിട്ടിട്ടു പോകണം."

"താങ്കൾ തെററാണ് ചെയ്തുകൊണ്ടിരിക്കുന്നതു്. ഇതു കുറേക്കൂടി അസംഭാവ്യമാണ്."

എന്നുപറഞ്ഞു ചിരിച്ചുംകൊണ്ടു് വിജയൻ ഭക്ഷണത്തിൽ വ്യഗ്രനായി. അതിനിടയ്ക്കു് അദ്ദേഹം പറഞ്ഞു:—
"ചേട്ടത്തിയുംകൂട്ടരും വരുമെന്നു പറഞ്ഞിരുന്നു. ഇനി വരികയില്ലെന്നു തോന്നുന്നു."

"എന്തുകൊണ്ടു്?"

"ഒരിക്കൽ അങ്ങനെ തോന്നി; അടുത്ത നിമിഷത്തിൽ അതൊക്കെ മറന്നുകാണും. നഗരവാസികൾക്കു ഗ്രാമത്തിലുള്ളവരേപ്പോലെ ശീഘ്രം ശീഘ്രം ചുവടു മുന്നോട്ടു വയ്ക്കാൻ ഇഷ്ടമില്ല; ഒരു കണക്കിനു നന്നായി. തനിച്ചായിരുന്നിട്ടു് ഞാൻ താങ്കൾക്കു വേണ്ടിടത്തോളം അസൌകര്യങ്ങൾ ഉണ്ടാക്കി വച്ചുകൊണ്ടിരിക്കുന്നു. അവർ കൂടിവന്നാലത്തെ കഥ പറയാനുണ്ടോ?.

അനുരാധ ഈ വാദത്തെ ഖണ്ഡിച്ചുകൊണ്ടു പറഞ്ഞു:—

"അവിടുന്നു് ഈ വിധം പറയുന്നതു യുക്തമല്ല. വീടു് എൻേറതല്ല. അവിടുത്തേവകയാണ്. എന്നിട്ടും ഞാൻ

165426
38354
0157:3M76.132
32 H5

എല്ലായിടത്തും ചുററിത്തിരിഞ്ഞു കൊണ്ടിരിക്കുന്നുവെന്നും അവർ വന്നു ചേർന്നാൽ സങ്കടപ്പെടുമെന്നും വിചാരിക്കുന്നതിൽപരം അന്യായം മറെറാന്നുമില്ല. എന്നെപ്പററി ഈ മാതിരി വിചാരം ഉണ്ടാകുന്നതു് തന്നെ എന്നോടു ചെയ്യുന്ന വലിയ അനീതിയാണു്. അവിടുത്തെ ദയയ്ക്കു ഞാൻ ചെയ്യുന്ന പ്രതിദാനം ഇതാണോ?”

ഇത്രയും വാക്കുകൾ ഈ രീതിയിൽ അവൾ ഒരിക്കലും പറഞ്ഞിട്ടില്ല. മറുപടികേട്ടു് വിജയൻ വിസ്മയിച്ചുപോയി. ഈ ഗ്രാമീണയുവതി അദ്ദേഹം വിചാരിച്ചിരുന്നപോലെ അശിക്ഷിതയല്ലെന്നു് അദ്ദേഹത്തിനു് ഇപ്പോൾ മനസ്സിലായി. അല്പനേരം മിണ്ടാതിരുന്നിട്ടു്, തന്റെ തെററിനെ സമ്മതിച്ചുംകൊണ്ടു് അദ്ദേഹം പറഞ്ഞു:—

“വാസ്തവത്തിൽ ഞാൻ പറഞ്ഞതു തെററിപ്പോയി. അതിനെ സംബന്ധിച്ചു് എന്റെ ഈ വാക്കു് ശരിയായിരിക്കുമോ? അവരെ ഒക്കയുംകാൾ ഉൽകൃഷ്ട മനോഭാവമാണു താങ്കൾക്കുള്ളതു്. എന്നാൽ രണ്ടുമൂന്നു ദിവസങ്ങൾക്കു ശേഷം ഞാൻ വീട്ടിലേക്കു മടങ്ങുന്നു. ഞാൻ ഇവിടെ വന്നു് അറിയാതെ പലേ കഠിന കൈകെളും താങ്കളോടു പ്രവർത്തിച്ചു. അതെല്ലാം അറിയാതെ പററിപ്പോയതാണു്. വാസ്തവത്തിൽ ലോകത്തിൽ ഇങ്ങനെയാണു് സാധാരണ സംഭവിക്കാറുള്ളതു്. പോകുന്നതിനു മുമ്പായി ഞാൻ ലജ്ജാപൂർവ്വം താങ്കളോടു് ക്ഷമാപ […]

അനുരാധ മൃദുകണ്ഠത്തിൽ പ […]

“അവിടുത്തേക്കു മാപ്പു […] ്യമല്ല.”

MUL
165426

"സാധ്യമല്ലെന്നോ? എന്തുകൊണ്ടു്?"

"ഇതേ വരെ അവിടുന്നു് എന്തെല്ലാം അപരാധം ചെയ്തിട്ടുണ്ടോ അതിനൊന്നും മാപ്പില്ല" എന്നുപറഞ്ഞിട്ടു് അവൾ ചിരിച്ചു. പ്രദീപത്തിലെ മങ്ങിയ പ്രകാശത്തിൽ അവളുടെ സ്മിതപ്രഭാഞ്ചിതമായ മുഖത്തു് വിജയൻെറ ദൃഷ്ടി പതിഞ്ഞു. ക്ഷണനേരത്തേക്കു് ഒരു അജ്ഞാത വിസ്മയത്താൽ അദ്ദേഹത്തിൻെറ ഹൃദയം മുഴുവനും പുളകിതമായി; എന്നാൽ വേഗത്തിൽ സ്ഥിരചിത്തനായിത്തീൎന്നിട്ടു അദ്ദേഹം പറഞ്ഞു:—

"അതുതന്നെ കൊള്ളാം! എനിക്കു മാപ്പു തരേണ്ട. അപരാധിയുടെ രൂപത്തിൽ തന്നെ ഞാൻ എന്നും ഓൎമ്മിക്കപ്പെടട്ടേ."

രണ്ടുപേരും മൌനമവലംബിച്ചു. രണ്ടുമൂന്നു മിനിട്ടു നേരത്തേക്കു് ആ സ്ഥലത്തു പരിപൂൎണ്ണ നിശ്ശബ്ദത നിലനിന്നു. ഈ നിസ്തബ്ധത ഭഞ്ജിച്ചുകൊണ്ടു് അനുരാധ പറഞ്ഞു:—

"അവിടുന്നു് ഇനി എന്നു തിരിച്ചു വരും?"

ഇടയ്ക്കിടയ്ക്കു വരും—പക്ഷേ ഇനി താങ്കളെ കാണാൻ സാധിക്കുന്ന കാൎയ്യം സന്ദിഗ്ദ്ധമാണല്ലോ."

അനുരാധ ഇതിനു മറുപടി ഒന്നും പറഞ്ഞില്ല—കാൎയ്യം പരമാൎത്ഥമാണല്ലോ.

ആഹാരം കഴിഞ്ഞു് വിജയൻ വെളിയിലേക്കു പോകാൻ ഭാവിച്ചപ്പോൾ, അനുരാധ പറഞ്ഞു:—

"കട്ടയിൽ ധാരാളം മലക്കറി സാമാനങ്ങളുണ്ടു്. ഇനി ഞാൻ അവയെ വെളിയിലോട്ട അയയ്ക്കുന്നില്ല. നാളെ രാവിലേയും അവിടുത്തേ ഊണു് ഇവിടെത്തന്നേ."

"അങ്ങനെ തന്നെ. പക്ഷെ ഓർമ്മയുണ്ടായിരിക്കണം. എൻെറ വിശപ്പു് മററുള്ളവരെ അപേക്ഷിച്ചു് കുറെ കൂടുതലാണു്. അല്ലെങ്കിൽ രാവിലെ മാത്രമല്ല ഞാൻ എത്ര കാലം ഇവിടെ താമസിക്കുന്നോ അത്രയും കാലം ഇവിടെ ഊണുകഴിക്കുമായിരുന്നു. താങ്കളുടെ കൈകൾകൊണ്ടു് പാകംചെയ്യുന്ന ഭക്ഷ്യപദാൎത്ഥങ്ങൾ ഭക്ഷിച്ചിട്ടു് വീട്ടിലേക്കു പോകണമെന്നാണു് എൻെറ ആശ."

"അതു് എൻെറ സൌഭാഗ്യം തന്നേ" എന്നു മാത്രം ആയിരുന്നു ഉത്തരം.

അടുത്ത ദിവസം രാവിലേ തന്നെ അനേകപ്രകാരത്തിലുള്ള ഖാദ്യപദാൎത്ഥങ്ങൾ അനുരാധയുടെ അടുക്കളെ വരാന്തയിൽ വന്നു ചേൎന്നു. അവൾ യാതൊരു തടസ്സവും പറയാതെ അവയെല്ലാം എടുത്തു സൂക്ഷിച്ചു വച്ചു. അതിനു ശേഷം മൂന്നുദിവസങ്ങൾക്കു പകരം ദിവസങ്ങൾ അഞ്ചു കഴിഞ്ഞു. കുമാരൻ പൂൎവ്വൽ സ്വാസ്ഥ്യം പ്രാപിച്ചു. ഇത്രയും നാൾക്കിടയിൽ ആതിഥ്യ വിഷയത്തിൽ ത്രുടിയൊന്നും ഉണ്ടായില്ലെങ്കിലും അന്നത്തെ അകല്ച്ചയ്ക്കു് ഇതേവരെ കുറവു വന്നിട്ടില്ലെന്നു വിജയൻ ക്ഷോഭപൂൎവ്വം വീക്ഷിച്ചു. ഒരു കാരണവശാലും, എന്തെങ്കിലും വ്യാജേന, അവൾ എള്ളോളം അദ്ദേഹത്തിൻെറ നികടവൎത്തിനിയായില്ല. വരാന്തയിൽ ഭോജനത്തിനുള്ള സ്ഥാനം ഒരുക്കിയിട്ടു് അവൾ അകത്തുനിന്നു് താലങ്ങൾ വെളിയിലേ

കഌ തള്ളും; സന്തോഷൻ എടുത്തു വിളമ്പിക്കൊടുക്കും. ഇതായിരുന്ന പതിവ്. കുമാരൻ വന്നിട്ടു പറഞ്ഞു: "അച്ഛാ! മത്സ്യക്കറി തൊടാത്തതെന്തു്? അല്പം ഉപയോഗിക്കണമെന്നു ചെറിയമ്മ പറയുന്നു."

വിജയൻ പറഞ്ഞു:—

"നിൻെറ അച്ഛനെ ഒരു രാക്ഷസനായി ധരിക്കുന്നതു ശരിയല്ലെന്നു് ചെറിയമ്മയോടു പറയൂ."

കുമാരൻ തിരിച്ചു വന്നിട്ടു പറഞ്ഞു:—

"മത്സ്യക്കറിയുടെ കാര്യം ഇരിക്കട്ടേ; പക്ഷേ നന്നായില്ലായിരിക്കാം. എന്നാൽ ഇന്നലത്തേപ്പോലെ പാലു മൊന്തയിൽ ശേഷിച്ചാൽ ചെറിയമ്മയ്ക്കു സങ്കടമാകയില്ലേ?"

വിജയൻ പറഞ്ഞു: —'നിൻെറ ചെറിയമ്മ നാളെ മുതല്ക്കു് മൺപാത്രം മാറ്റി ഓട്ടുപാത്രത്തിൽ പാലു തന്നാൽ ഒട്ടും ശേഷിക്കയില്ല."

# VI

ഇങ്ങനെ അഞ്ചുദിവസങ്ങഠം കൂടി കഴിഞ്ഞു. സ്ത്രീജനങ്ങളുടെ ആദരയത്നങ്ങളുടെ ചിത്രം വിജയൻെറ മനസ്സിൽ എന്നും അസ്പഷ്ടരൂപത്തിലാണിരുന്നത്. ബാല്യംമുതല്ക്കേ അദ്ദേഹം മാതാവിനെ അസ്വാസ്ഥ്യയായും ഗൃഹകർമ്മങ്ങളിൽ പാടവശൂന്യയായും കണ്ടുകൊണ്ടിരുന്നു. ഗാർഹസ്ഥ്യ ധർമ്മങ്ങളിൽ ഒന്നുപോലും യഥാവിധി നിറവേററുന്നതിൽ അവൾക്കു കഴിഞ്ഞിരുന്നില്ല. സ്വന്ത ഭാര്യയുടെകാര്യമാണെങ്കിൽ, അവഠം രണ്ടുരക്കൊല്ലമേ ജീവിച്ചിരുന്നുള്ളു. അന്ന് അദ്ദേഹം പഠിത്തത്തിൽ ഏർപ്പെട്ടിരിക്കയുമായിരുന്നു. അതിനു ശേഷം ദീർഘകാലം വിദേശത്തുമാണ് കഴിച്ചുകൂട്ടിയത്. ആ ദിക്കിലെ അനുഭൂതികളുടെ നന്മതിന്മകളെപ്പററിയുള്ള സ്മൃതികഠം ചിലപ്പോഴെക്കേ മനസ്സിൽ ഉദിച്ചുപൊങ്ങാറുണ്ടായിരുന്നെങ്കിലും അവ പുസ്തകങ്ങളിൽ വായിച്ചിട്ടുള്ള കല്പിതകഥകളിലെപ്പോലെ അവാസ്തവമായിരിക്കണമെന്നും ജീവിതത്തിലെ വാസ്തവികമായ ആവശ്യങ്ങളോടു അവയ്ക്കു ഒരു സംബന്ധവുമില്ലെന്നും അദ്ദേഹത്തിനു തോന്നിയിരുന്നു.

ഇനി ചേട്ടത്തി പ്രഭാവതിയുടെ കഥയാണെങ്കിൽ യാതൊരു പരിവാരം ചേട്ടത്തിയ്ക്കു പ്രാധാന്യം കല്പിച്ചിരുന്നോ--യാതൊരു പരിവാരത്തിൻെറ നന്മതിന്മകഠം അവൾക്ക് ആലോചനാ വിഷയമായിരുന്നോ—ആ പരിവാരത്തെ ആത്മീയഭാവേന കൈക്കൊള്ളാൻ അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹം, പലകുറി അമ്മ കരയുന്നതും, അച്ഛൻ മുഷിഞ്ഞു് വിഷണ്ണഭാവം പൂണ്ടിരിക്കുന്നതും, കണ്ടി

ട്ടുണ്ട്. പക്ഷെ അതെല്ലാം അസംഗതമായും അനധികാര ചച്ചയായും അദ്ദേഹം കരുതിപ്പോന്നു. വലിയച്ഛന്റെ പത്നി ദേവരന്റെ ഭാൎയ്യയോടു സംസാരിക്കപോലും ചെയ്യാതിരിക്കുക, വധു ശ്വശ്രൂ ശ്വശുരന്മാരെ സേവിക്കാതിരിക്കുക, ഇതെല്ലാം വലിയ അപരാധമായി അദ്ദേഹത്തിനു തോന്നീട്ടില്ല. സപത്നി തന്നെ ഈ വിധം പെരുമാറുന്നതായികണ്ടാലും അദ്ദേഹം മമ്മഹതനായി തീരുമായിരുന്നില്ല. എന്നാൽ ഈ അഞ്ചുദിവസത്തെ അനുഭൂതി ആ ധാരണകളെ എല്ലാം ഇന്ന് ശിഥിലീകരിച്ചു. ഇന്ന് അഞ്ചുമണിക്ക് അദ്ദേഹം കൽക്കത്തെയ്ക്കു പുറപ്പെടുന്നു. വേലക്കാർ സാമാനങ്ങൾ എല്ലാം ഒരുക്കികെട്ടി വച്ചിരിക്കുന്നു. വണ്ടിപുറപ്പെടാൻ ഇനി രണ്ടുമൂന്നു മണിക്കൂർ സമയമേ ഉള്ളൂ. ഇതിന്നിടയ്ക്കു് സന്തോഷൻ വന്നു മറഞ്ഞു നിന്നുകൊണ്ടു പറഞ്ഞു:—"ചെറിയമ്മ ഉണ്ണാൻ വിളിക്കുന്നു."

"ഈ സമയത്തോ?"

"അതേ" എന്നു പറഞ്ഞിട്ടു് അവർ അവിടെ നിന്നു പോയി.

വിജയൻ അകത്തുകടന്നപ്പോൾ വരാന്തയിൽ മുറപ്രകാരം ആസനം വിരിച്ചു് സ്ഥലം ഒരുക്കിയിരിക്കുന്നതു കണ്ടു. ഊണിനു് കുമാരൻ ചെറിയമ്മയുടെ കഴുത്തിൽ പിടിച്ചു തൂങ്ങിക്കിടന്നിരുന്നു. അവനെ തള്ളിമാററിയിട്ടു് അന്നരാധ അടുക്കളെയ്ക്കുള്ളിലേക്കു കയറി.

ആസനസ്ഥനായിട്ടു് വിജയൻ പറഞ്ഞു:—"ഈ അസമയത്തു് ഇന്നെന്താണു്?"

അകത്തുനിന്നു് അനുരാധയുടെ ഉത്തരം പുറപ്പെട്ടു: "ഇന്നു് അല്പം 'ഖിച്ഡി' ഉണ്ടാക്കി. തിന്നു നോക്കണം."

മറുപടി പറയുന്നതിലേക്കു് വിജയനു് തന്റെ ഗളം അല്പമൊന്നു ശുദ്ധിയാക്കേണ്ടതായി വന്നു. അദ്ദേഹം പറഞ്ഞു:—

"ഈ അസമയത്തു് എന്തിനു് ഇത്ര ബുദ്ധിമുട്ടി? നാലഞ്ചു പൂരി ഉണ്ടാക്കിയാൽ മതിയായിരുന്നല്ലോ."

അനുരാധ പറഞ്ഞു:—"പൂരി അവിടുന്നു തിന്നുകയില്ലല്ലോ. വീട്ടിൽ ചെല്ലുമ്പോഴേക്കും രാത്രി രണ്ടു മൂന്നു മണി ആകും. ഒന്നും കഴിക്കാതെ പോയാൽ എനിക്കു് ഒന്നുമില്ലെന്നോ? കുമാരൻ ഉണ്ണാതെ വണ്ടിക്കകത്തു കിടന്നു് ഉറങ്ങാൻ ഇടവരുന്നതു് കഷ്ടമല്ലേ?"

വിജയൻ മിണ്ടാതെ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നു. അനന്തരം പറഞ്ഞു:— താങ്കളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ വച്ചുകൊള്ളാൻ വിനോദനോടു പറഞ്ഞിട്ടുണ്ടു്. ഈ വീട്ടിൽ താമസിക്കുന്നിടത്തോളം കാലം താങ്കൾക്കു് ഒരു ബുദ്ധിമുട്ടും നേരിടാതെ അയാൾ നോക്കിക്കൊള്ളും."

കുറെനേരം മിണ്ടാതിരുന്നിട്ടു് പിന്നെ പറഞ്ഞുതുടങ്ങി:—

"ഇനി ഒരു കാര്യംകൂടി പറയാനുണ്ടു്. വല്ലപ്പോഴും ഗഗനനെ കാണാൻ ഇടവന്നാൽ ഞാൻ അയാൾക്കു മാപ്പു കൊടുത്തിരിക്കുന്നു എന്നു പറയണം. എന്നാൽ ഈ ഗ്രാമത്തിൽ ഇനി വന്നുപോകരുതെന്നുകൂടി ഏർപ്പാടു ചെയ്യേണം. വന്നാൽ പിന്നെ ഞാൻ ക്ഷമിക്കയില്ല."

"കാണുന്നപക്ഷം ഞാൻ പറഞ്ഞേയ്ക്കാം." ഇത്രയും പറഞ്ഞിട്ട് അവരം മൌനം പൂണ്ടു.

അല്പം കഴിഞ്ഞിട്ട് പിന്നെയും പറഞ്ഞു:—

"കുമാരൻെറ കാൎയ്യത്തിൽ വലിയ വിഷമമായിരിക്കുന്നു. എന്തൊക്കെ പറഞ്ഞിട്ടും അങ്ങോട്ടു വരാൻ അവനു മനസ്സില്ല. എന്തുകൊണ്ടു് പോകാൻ മടിക്കുന്നു എന്നു ചോദിച്ചിട്ട് ഉത്തരവുമില്ല."

വിജയൻ പറഞ്ഞു:—

"കാരണമെന്തെന്നു് അവനുതന്നെ അറിയാൻ പാടില്ലാത്തതുകൊണ്ടാണു് പറയാത്തതു്. പോരെങ്കിൽ, അവിടെ ചെന്നാൽ കഷ്ടം നേരിടുമെന്നും അവനു് അറിയാം."

"എന്തുകഷ്ടമാണു് അവനു് അവിടെയുണ്ടാകാൻ പോകുന്നതു്?"

"ആ വീട്ടിലെ ക്രമം അങ്ങനെ ഒക്കെയാണു്. എന്നാലും അവിടെയാണല്ലോ അവൻ ഇത്രകാലം വളൎന്നതു്.

"അവനെ എന്തിനു കൊണ്ടുപോകുന്നു? ഇവിടെ എൻെറ അടുക്കൽ നിന്നു കൊള്ളട്ടേ."

വിജയൻ ചിരിച്ചുകൊണ്ടു പറഞ്ഞു:—"എനിക്കു വിഷമമൊന്നുമില്ല—എന്നാൽ കൂടിയ പക്ഷം ഒരു മാസം താമസിക്കും—അതിൽ പിന്നീടു് എന്തുചെയ്യും? അതുകൊണ്ടു് എന്തു ലാഭം?"

രണ്ടു പേരും മൌനമവലംബിച്ചു. അനന്തരം അനുരാധ പറഞ്ഞു:—

"അവന് ഒരു ചിററമ്മ വരുന്നു എന്നു കേട്ടല്ലോ. അവർ പഠിപ്പുള്ളവരാണോ?''

"അതേ! അതേ! ബീ. ഏ. പാസ്സായിട്ടുണ്ട്."

"ഇവൻെറ വലിയച്ഛൻെറ ഭാര്യയും ബീ. ഏ. പാസ്സായിട്ടുണ്ടല്ലോ."

"ഉണ്ട്. എന്നാൽ ബീ. ഏ. പാസ്സായിട്ടുള്ളവർ പഠിച്ചിട്ടുള്ള പുസ്തകങ്ങളിൽ വീട്ടിലുള്ള ശിശുക്കളേയും മററും ശുശ്രൂഷിച്ച് വളർത്തുന്നതിനെപ്പററി ഒന്നും എഴുതീട്ടില്ല. ഈ വിഷയത്തിലുള്ള പരീക്ഷ അവർ പാസ്സായിട്ടില്ല."

"അമ്മായി അമ്മയേയും അമ്മാവനേയും രോഗശുശ്രൂഷചെയ്യുന്നതിനോ? അതിനുള്ള ക്രമവും പുസ്തകങ്ങളിൽ എഴുതീട്ടില്ലായിരിക്കുമോ?''

"ഇല്ല. അതാണ് ഇതിലും ഹാസ്യകരമായിരിക്കുന്നതു്?"

"ഇതുപോലെ ഹാസ്യകരമായി എന്താണുള്ളതു്?''

"വാസ്തവം. എല്ലാം മിണ്ടാതെ സഹിച്ചുകൊള്ളണം. അതാണ് ഞങ്ങളുടെ സമാജത്തിലെ സുഭദ്രവിധാനം."

അനുരാധ ക്ഷണനേരം മൌനമവലംബിച്ചിട്ടു പറഞ്ഞു:—

"ഈ സുഭദ്രവിധാനം അവിടുത്തേ സമാജത്തിലേക്കു മാത്രമേ ഉള്ളൂ. സവ്സാധാരണമായ വിധാനം ഒന്നേയുള്ളൂ. കുട്ടിയേക്കാരം വലുതല്ല ബീ. എ. ബിരുദം. അങ്ങനെയുള്ള വധുവിനെ അവിടുന്നു് വീട്ടിൽ കൊണ്ടുവരുന്നതു് അനുചിതമാണു്."

"ആരെയെങ്കിലും കൊണ്ടുവരാതെ കഴികയില്ലല്ലോ. ഞങ്ങൾ യാതൊരു സമാജത്തിന്റെ ശീതോഷ്ണാവസ്ഥയിൽ ജീവിക്കുന്നോ അവിടെ ബീ. ഏ. ബിരുദില്ലെങ്കിൽ ആഭിമാനം പുലത്താൻ സാധിക്കയില്ല; ശാഹസ്ഥ്യചക്രം തന്നെയും തിരിയുമെന്നുതോന്നുന്നില്ല. അപ്പനമ്മമാരില്ലാത്ത കുട്ടികൾക്കു വേണ്ടി മരത്തിന്റെ മൂട്ട ശരണംപ്രാപിക്കാൻ കഴിവുള്ള വധുവിനോടുകൂടി ഞങ്ങൾക്കു വനവാസം ചെയ്യാൻ സാധിക്കും; എന്നാൽ സമാജാംഗങ്ങൾ അവൾക്കു സ്ഥാനം അനുവദിക്കയില്ല."

അനുരാധയുടെ സ്വരം ക്ഷണനേരത്തേക്കു തീക്ഷ്ണമായി. അവൾ പറഞ്ഞു:—

"ഇല്ല! ഇല്ല! ഒരിക്കലും അങ്ങനെ സംഭവിക്കാവുന്നതല്ല. ഇവനെ ഒരു നിർദ്ദയയായ വിമാതാവിന്റെ അടുക്കൽ ഏല്പിക്കാൻ അവിടുത്തേക്ക് ഒരു കാലത്തും സാധിക്കയില്ല."

വിജയൻ പറഞ്ഞു:— ആ ഭയം എനിക്കില്ല! അഥവാ ഏല്പിച്ചാലും കുമാരൻ അവളുടെ കൈയ്യിൽ നിന്നും വഴുതിപ്പൊയ്ക്കൊള്ളും. എന്നാൽ ഞാൻ പറഞ്ഞതിൽ നിന്ന് അവൾ നിർദ്ദയയാണെന്ന് അർത്ഥമില്ല. ഭാവിപത്നിയെപ്പററി ഞാൻ താങ്കളോട് തീവ്ര വാദപ്രതിവാദം ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ മാർജ്ജിതരുചിസമ്മതമായ അനാസ്ഥയും അവഹേളനയും അവസന്നമായ ആത്മീയതയുമല്ലാതെ അവളിൽ ബർബരത നാമമാത്രമായിട്ടുപോലും ഉണ്ടെന്നുവിചാരിച്ചു പോകരുത്.

അനുരാധ ചിരിച്ചുകൊണ്ടു പറഞ്ഞു:— വാദപ്രതിവാദം ഒട്ടുവളരെയൊക്കെ കഴിഞ്ഞെങ്കിലും എനിക്ക് ഈ മാർജ്ജിത രുചിയുടേയും അവസന്നമായ ആത്മീയതയുടേയും അർത്ഥമൊന്നും മനസ്സിലാകുന്നില്ല. പറഞ്ഞുതന്നാൽ കൊള്ളാം"

വിജയൻ പറഞ്ഞു:—ഇതു ഞങ്ങളുടെ സമാജത്തിൻെറ അഥവാ ഹൈ സർക്കിളിൻെറ പാരിവാരികബന്ധനമാണ്. അതിന് പ്രത്യേകം കോഡ് (നിയമാവലി) ഉണ്ട്. മുഖവും വിഭിന്നമാണ്. അതിൻെറ വേരു രസത്തെ ആകർഷിക്കുന്നില്ല ; ഇലകളുടെ നിറം പച്ചയായിരിക്കയുമില്ല. വിളറി മഞ്ഞനിറം പൂണ്ടിരിക്കും. താങ്കൾ വെറും ഗ്രാമീണകന്യക. സ്കൂളിലും കാളേജിലും പഠിച്ചിട്ടില്ല. പാർട്ടിയിലും 'പിക്നിക്കി'ലും പങ്കുകൊണ്ടിട്ടുമില്ല. അതുകൊണ്ടു് ഇതിൻെറ നിഗ്രഢാർത്ഥം മനസ്സിലാകുന്നകാര്യം പ്രയാസം. ഞാൻ ഇത്രമാത്രം വെളിപ്പെടുത്തിപ്പറയാം. കുമാരൻെറ വിമാതാവു വന്ന് അവനു വിഷം കൊടുക്കാൻ ഉദ്യമിക്കയില്ല ; ചാട്ടയും എടുത്തുകൊണ്ടു് അവൻെറ പിന്നാലെ ഓടുകയുമില്ല ; എന്തുകൊണ്ടെന്നാൽ അങ്ങനെ ചെയ്യുന്നതു് മാർജ്ജിതരുചിവിരുദ്ധമായ ആചരണമായിരിക്കും. അതിനാൽ ഈ വിഷയത്തിൽ താങ്കൾ നിശ്ചിന്തമായിരുന്നുകൊള്ളുക.

അനുരാധ പറഞ്ഞു:—ഞാൻ അവൻെറ കാര്യം വിട്ടുതരുന്നു. എന്നാൽ അവിടുന്ന് അവനെ വേണ്ടപോലെ നോക്കിക്കൊള്ളാമെന്നു വാക്കു തരണം. അത്രമാത്രമേയുള്ളു എൻെറ പ്രാർത്ഥന.

വിജയൻ പറഞ്ഞു:—

"വാക്ക തന്നാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്; എന്നാൽ എൻെറ സ്വഭാവം മറെറാരു വിധത്തിലാണ്. ശീലവും വേറെ. താങ്കളുടെ ആഗ്രഹത്തെ ഓർമ്മിച്ച് ഇടയ്ക്കിടയ്ക്ക് ഞാൻ അവനെ നോക്കിക്കൊള്ളാം. എന്നല്ലാതെ താങ്കൾ ഇച്ഛിക്കുന്നിടത്തോളം സാധിക്കുമെന്നു തോന്നുന്നില്ല. ആകട്ടെ. ഊണുകഴിഞ്ഞു. ഇനി ഞാൻ പോകുന്നു. യാത്രയ്ക്ക് ഒരുങ്ങേണ്ടിയിരിക്കുന്നു."

ഇത്രയും പറഞ്ഞിട്ട് അദ്ദേഹം എണീററു. അനന്തരം പറഞ്ഞു:—

"കുമാരൻ ഇവിടെ തന്നെ നില്ക്കട്ടെ. പിരിയേണ്ട അവസരം വരുമ്പോൾ, വിനോദനെ കൂട്ടി അവനെ കൽക്കത്തയ്ക്ക് അയച്ചാൽ മതി. ആവശ്യം നേരിട്ടാൽ അവനോടു കൂടി സന്തോഷനേയും അയക്കുന്നതിനു ലേശം പോലും സങ്കോചപ്പെട്ടിട്ടു കാര്യമില്ല. ആരംഭത്തിൽ ഞാൻ ചില ധടപടൽ ഒക്കെ കാണിച്ചു. അതു് എൻെറ പ്രകൃതിയാണ്. സന്തോഷനോട് എൻെറ കുമാരനോടുള്ളതിൽ കവിഞ്ഞു് ഒരു അനാദരവും ഉണ്ടാവുകയില്ലെന്നു് ഞാൻ ഉറപ്പുതരുന്നു."

..................................................................................

..................................................................................

വീട്ടിൻെറ മുമ്പിൽ കുതിരവണ്ടി തയ്യാറായി നിന്നിരുന്നു. സാമാനങ്ങൾ എല്ലാം കയററിക്കഴിഞ്ഞു. വിജയൻ വണ്ടികേറാനായി ഭാവിക്കവെ കുമാരൻ വന്നിട്ടു പറഞ്ഞു:—

അച്ഛാ! ചെറിയമ്മ വിളിക്കുന്നു. അനുരാധ പ്രധാന വാതുക്കൽ നിന്നുകൊണ്ടു പറഞ്ഞു:—"പ്രണമിക്കാനായി വിളിച്ചതാണു്. ഇനി എന്നു് അതിനു സാധിക്കുമെന്നു് അറിഞ്ഞുകൂടാ." എന്നു പറഞ്ഞിട്ടു് അവൾ ഗളത്തിൽ അഞ്ചലം ഇട്ടുകൊണ്ടു് ദൂരത്തുനിന്നു് തന്നെ പ്രണമിച്ചു. അനന്തരം എണീററു് കുമാരനെ തന്നോടണച്ചു പിടിച്ചും കൊണ്ടു പറഞ്ഞു:—

"ഒട്ടും വിചാരം വേണ്ടെന്നു് അമ്മുമ്മയോടു പറഞ്ഞേക്കണം. എൻെറ അടുക്കൽ ഇരിക്കുന്നിടത്തോളം കാലം ഒരു മാതിരി അനാദരവും സംഭവിക്കയില്ല."

വിജയൻ ചിരിച്ചുകൊണ്ടു പറഞ്ഞു:—

"വിശ്വസിക്കുന്ന കാര്യം കുറെ പ്രയാസം തന്നെ."

"ആക്കാണു് പ്രയാസം? അവിടുത്തേക്കു പ്രയാസമാണോ?" എന്നു പറഞ്ഞു് അവളും ചിരിച്ചു. രണ്ടുപേരുടേയും കണ്ണുകൾ തമ്മിൽ ഇടഞ്ഞു. അവളുടെ കൺപോളകൾ നനഞ്ഞിരിക്കുന്നതു് വിജയൻ സ്പഷ്ടമായി കണ്ടു. മുഖം താഴ്ത്തിക്കൊണ്ടു് അവൾ പറഞ്ഞു:—

"കുമാരനെ കൊണ്ടുപോകുമ്പോൾ അവനു ബുദ്ധിമുട്ടുകൾ ഒന്നും വരുത്താതിരിക്കണേ. ഇനി പറയാനുള്ള അവസരം കിട്ടുമോ എന്തോ? അതുകൊണ്ടു പറയുന്നതാണു്. അവിടുത്തെ വീട്ടിലെ കഥ ഓക്കുമ്പോൾ അവനെ അങ്ങോട്ടയപ്പാൻ മനസ്സു വരുന്നില്ല."

"അങ്ങനെ ആണെങ്കിൽ അയക്കേണ്ട." ഉത്തരമായി അവൾ ദീഘശ്വാസത്തെ അമത്തിക്കൊണ്ടു മിണ്ടാതെ ഇരുന്നു.

വിജയൻ പറഞ്ഞു:—

പോകും മുമ്പ് ഞാൻ താങ്കളുടെ ഒരു വാഗ്ദാനത്തെ ഓർമ്മിപ്പിച്ചു കൊള്ളുന്നു. എപ്പോഴെങ്കിലും ഒരു ആവശ്യം നേരിട്ടാൽ എനിക്കു എഴുതി അയയ്ക്കുമല്ലോ."

"എനിക്കു് ഓർമ്മയുണ്ടു്. ഗംഗോലീ മഹാശയനോടു് എന്തെങ്കിലും ആവശ്യപ്പെടുന്നതു കേവലം ഭിക്ഷാർത്ഥിനിയുടെ മട്ടിൽ അഭിമാനമെല്ലാം തിലാഞ്ജലി ചെയ്തുകൊണ്ടു വേണമെന്ന് എനിക്കറിയാം. അവിടുത്തെ അടുക്കൽ എനിക്കു യാതൊരു സങ്കോചവും കൂടാതെ പ്രാർത്ഥിക്കാൻ കഴിയും."

"എന്നാൽ ഓർമ്മയിരിക്കട്ടെ" എന്നു പറഞ്ഞിട്ടു് വിജയൻ പുറപ്പെടാൻ ഭാവിച്ചു.

അപ്പോൾ അനുരാധ പറഞ്ഞു:—

"അവിടുന്നും എനിക്കു വാക്കു തരണം. ആവശ്യം നേരിട്ടാൽ എന്നെ അറിയിക്കാതിരിക്കരുതു്."

"എനിക്കു് അറിയത്തക്ക എന്താവശ്യം നേരിടാൻ പോകുന്നു രാധേ!"

"എങ്ങനെ അറിയാം? എന്റെ കൈയിൽ ഒന്നുമില്ലായിരിക്കാം. എന്നാൽ ആവശ്യമുള്ളപ്പോൾ ഹൃദയപൂർവ്വം സേവിക്കാൻ എനിക്കു കഴിയും."

"അദ്ദേഹം സമ്മതിക്കുമോ ?"

"എന്നെ ആരും തടുക്കാൻ സാധിക്കയില്ല."

---

# VII

കുമാരൻ വന്നില്ലെന്നു കേട്ട് വിജയൻെറ അമ്മ ആതംകത്തിൽ മുഴുകി.

"ഇത് എന്തു കഥയാണ്? വഴക്കിനായി വട്ടം കൂട്ടിച്ചെന്നിട്ട് ഒടുക്കം അവളുടെ അടുക്കൽ കുട്ടിയേയും വിട്ടും വച്ചു പോന്നിരിക്കുന്നു! നല്ലകാര്യം!"

വിജയൻ പറഞ്ഞു:—

"അമ്മേ! ആരോടാണോ വഴക്കിനു വട്ടം കൂട്ടിയതു് അവൻ പാതാളത്തിൽ പോയി ഒളിച്ചു കഴിഞ്ഞു. അയാളെ തേടിപ്പിടിക്കാൻ ആർക്കു സാധിക്കുന്നു! അമ്മയുടെ കുഞ്ഞു് അവൻെറ ചെറിയമ്മയുടേ അടുക്കൽ ഇരിക്കുന്നു. കുറച്ചു നാരം കഴിയുമ്പോരം വരും."

"ഇത്ര പെട്ടെന്നു് അവനു ചെറിയമ്മ എവിടെ നിന്നു വന്നു?"

വിജയൻ പറഞ്ഞു:—

"ഭഗവാൻ കെട്ടിച്ചമച്ചതായ ഈ സംസാരത്തിൽ പെട്ടെന്നു് ആരു് എവിടെ നിന്നു വരുന്നു എന്നു പറയാൻ ആർക്കും കഴിവില്ല. നിങ്ങളുടെ പണവും കൊണ്ടു് പാതാളത്തിൽ പോയി മറഞ്ഞ ആ ഗഗനചട്ടർജിയുടെ ഇളയ സഹോദരിയാണവരം. അവളെ വീട്ടിൽ നിന്നു ഇറക്കുന്നതിനു വേണ്ടി വടിയും തടിയും ആളും പരിവാരവും ഒക്കേ കൂട്ടിക്കൊണ്ടു പോയിരുന്നു. എന്നാൽ നിങ്ങളുടെ പൌത്രൻഇടപെട്ടു് എല്ലാം കുഴപ്പത്തിലാക്കിക്കളഞ്ഞു. അവൻ അവളുടെ ചേലാഞ്ചലത്തിൽ മുറുകെ പിടിച്ചിരിക്കുന്നു.

ഇനി രണ്ടുപേരേയും കൊണ്ടല്ലാതെ അവനെ മാത്രം വേർപെടുത്തികൊണ്ടുപോരാൻ സാധിക്കുമെന്നുതോന്നുന്നില്ല."

അമ്മ ഒരുവിധം കാൎയ്യം മനസ്സിലാക്കികൊണ്ട് ചോദിച്ചു:—

"താൻ അവളുടെ വശത്തായിപ്പോയിരിക്കുന്നു എന്നു കുമാരനു അറിയാമോ? ആ ബാലിക അവനെ വേണ്ടുപോലെ ശുശ്രൂഷിക്കുമോ? പാവം! അവനു് ഇതേവരെ ആരുടേയും ലാളനം ലഭിച്ചിട്ടേ ഇല്ല."

ഇത്രയും പറഞ്ഞിട്ടു് അവർ തന്റെ അവസ്ഥയെ ഓൎത്തു് നെടുവീൎപ്പിട്ടു.

വിജയൻ പറഞ്ഞു:—

"ഞാൻ വെളിയിൽ താമസിക്കയായിരുന്നു. അകത്തു് ആരു് എങ്ങനെ ലാളിക്കുന്നു എന്നു് എനിക്കു കണ്ണുകൊണ്ടു കാണ്മാൻ സാധിച്ചിട്ടില്ല. എന്നാൽ ഇങ്ങോട്ടു പോരാൻ തുടങ്ങിയപ്പോൾ കുമാരൻ തന്റെ ചെറിയമ്മയെ വിട്ടുംവച്ചു പോരുന്നതല്ലെന്നു ശാഠ്യം തുടങ്ങി."

ഇത്രയും പറഞ്ഞിട്ടും അമ്മയുടെ സന്ദേഹം നീങ്ങിയില്ല. അവർ പറഞ്ഞു:—

"ഗ്രാമപ്രദേശങ്ങളിലെ ബാലികമാൎക്കു് പലതരത്തിലുള്ള സൂത്രങ്ങളും അറിയാം. കുട്ടികൊണ്ടു പോരാഞ്ഞതു നന്നായില്ല."

വിജയൻ പറഞ്ഞു:—

"നിങ്ങൾ ഗ്രാമത്തിൽ വളൎന്നവരായിരുന്നിട്ടും ഗ്രാമീണ കന്യകമാരെപ്പറ്റി ആക്ഷേപിക്കുന്നതു് ഉചിതമാണോ? അമ്മേ! അമ്മയ്ക്കും ഒടുവിൽ നാഗരികബാലികമാരിലായോ വിശ്വാസം!

"നാഗരിക ബാലികമാരോ ? അവരുടെ ചരണങ്ങളിൽ ലക്ഷം പ്രണാമം!" എന്നു പറഞ്ഞിട്ട് അമ്മ രണ്ടു കൈകളും കൂപ്പി.

വിജയൻ ചിരിച്ചു! അമ്മ പറഞ്ഞു:—

"നീ എന്തിനു ചിരിക്കുന്നു! എൻെറ ദുഃഖം എനിക്കു മാത്രം അറിയാം. പോരെങ്കിൽ അദ്ദേഹത്തിനും." അവരുടെ നേത്രങ്ങളിൽ നിന്നു് അശ്രുക്കൾ ധാരധാരയായി ഒഴുകി. അനന്തരം പറഞ്ഞു:—

"നമ്മുടെ ജന്മഭൂമിയായ ആ ഗ്രാമം ഇപ്പോൾ എവിടെയാണു് ? അതിപ്പോൾ പാടേ മാറിപ്പോയിരിക്കണം".

വിജയൻ പറഞ്ഞു:—

"വളരെ മാറിപ്പോയിരിക്കുന്നു; എന്നാൽ നിങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം നിങ്ങളുടെ ഒക്കേ പുണ്യവൈഭവത്താൽ നാട്ടിൻപുറത്തിൻെറ മഹിമ നിശ്ശേഷം വിലുപ്തമാവുകയില്ല. അതിൻെറ അല്പമാത്രമായ തിളക്കം ഞാൻ കണ്ടും വച്ചാണു് വന്നിരിക്കുന്നതു്; എന്നാൽ അമ്മയ്ക്കും അതു് അനുഭവപ്പെടുത്തിത്തരുന്നതിനു സാധിക്കുന്നില്ലല്ലോ എന്നു് എനിക്കു മനസ്താപമുണ്ടു്."

ഇത്രയും പറഞ്ഞിട്ടു് അദ്ദേഹം ആപ്പീസിലേക്കു പോയി. ആപ്പീസുകാര്യം പ്രമാണിച്ചു തന്നെയാണു് അദ്ദേഹത്തിനു ഇപ്പോൾ ഇങ്ങോട്ടേയ്ക്കു പുറപ്പെടേണ്ടതായി വന്നതും.

.................................................................

.................................................................

വൈകുന്നേരത്തു് ആഫീസിൽ നിന്നു തിരിച്ചു വന്നിട്ടു് വിജയൻ ചേട്ടനേയും ചേട്ടത്തിയേയും കാണാൻ പോയി. അപ്പോൾ അവിടെ കുരുക്ഷേത്രത്തിലെ യുദ്ധകാണ്ഡം മുറയ്ക്കു നടന്നുകൊണ്ടിരിക്കുന്നതാണു് അദ്ദേഹം ആദ്യമായി കണ്ടതു്. അലങ്കരണത്തിനുള്ള സാമഗ്രികൾ അങ്ങിങ്ങായി ചിതറിക്കിടക്കുന്നു. ചേട്ടൻ ചാരുകസാലയുടെ കൈയിൽ ഇരുന്നു് ഉച്ചത്തിൽ സംസാരിക്കുന്നു:—

"ഒരിക്കലും ഇല്ല! പോകണമെന്നുണ്ടെങ്കിൽ തനിച്ചു് പോയിക്കൊള്ളണം. എനിക്കു് ഈ മാതിരി ബന്ധുക്കൾ ..............."ഇത്രയും ആയപ്പോൾ വിജയൻ പ്രവേശിച്ചു അദ്ദേഹത്തിനെ കണ്ടു് പ്രഭ പൊട്ടിക്കരഞ്ഞു. അവൾ പറഞ്ഞു:—

"ലാലാജി! നിങ്ങൾ തന്നെ പറയൂ. അവർ അനീതയെ സീതാംശുവിനു കല്യാണം കഴിച്ചു കൊടുക്കാൻ തീർച്ചപ്പെടുത്തിയതിനു ഞാനാണോ കുററക്കാരി? ഇന്നാണു് അഗ്രതാംബൂലം. അതിനു് അദ്ദേഹം വരുകയില്ലത്രേ. അതിന്റെ അർത്ഥം ഞാനും പോകേണ്ടെന്നാണല്ലോ"

ചേട്ടൻ ഗർജ്ജിച്ചു:—

"നിങ്ങൾ എന്തു പറയുന്നു? ഒന്നും അറിഞ്ഞില്ലെന്നോ? ഇത്രയും ദിവസങ്ങളായിട്ടു് ഞങ്ങളെ വഞ്ചിക്കേണ്ട ആവശ്യം എന്തായിരുന്നു?"

കാര്യമെന്തെന്നു് അറിയാതെ വിജയൻ തെല്ലു നേരം ഹത ബുദ്ധിയായിരുന്നു. എന്നാൽ മനസ്സിലാക്കാൻ അധികം സമയം വേണ്ടിവന്നില്ല. ഒടുവിൽ അദ്ദേഹം പറഞ്ഞു:—

"നില്ക്കണം! നില്ക്കണം! എന്താണു സംഭവിച്ചതു്? പറയൂ. അനീതയെ സീതാംശുഘോഷാലിനു കല്യാണം കഴിച്ചു കൊടുപ്പാൻ നിശ്ചയിച്ചു. ഇതാണോ സംഗതി? ഇന്നു അഗ്രതാംബൂലവും നടക്കും. ഇല്ലേ.? I am thrown completely overboard (എൻെറ കാൎയ്യം വെള്ളത്തിലായി.)

ചേട്ടൻ ഹുംകാരപൂൎവ്വം പറഞ്ഞു:—

"അതേ. ഇവർ ഇതൊന്നും അറിഞ്ഞിട്ടില്ലത്രേ."

പ്രഭ കരഞ്ഞുകൊണ്ടു പറഞ്ഞു:—"ലാലാജി! ഞാൻ എന്തുചെയ്യും? ജ്യേഷ്ഠനുണ്ടു്. അമ്മയുണ്ടു്. പെണ്ണിനു സ്വയം നിൎണ്ണയിക്കുന്നതിനുള്ള പ്രായവുമായി. അങ്ങനെ ഇരിക്കെ അവർ വാക്കിനെ ലംഘിച്ചാൽ എനിക്കാണോ കുററം?"

ചേട്ടൻ പറഞ്ഞു:—

"അവർ വഞ്ചകർ ആണു്; പാഷണ്ഡന്മാരാണു്— കള്ളന്മാരാണു്—ഇതാണു് ദോഷം. ഒരാൾക്കു വാക്കു കൊടുത്തിട്ടു് മറെറാരു സ്ഥലത്തു പതുക്കെ പതുക്കെ ആരും ആരും അറിയാതെ വല വീശിക്കൊണ്ടിരുന്നു. ഇനി എന്നെ നോക്കി ആളുകൾ ചിരിക്കും. അധിക്ഷേപിക്കും. ഇനി നാണിച്ചു ക്ലബ്ബിൽ ഞാൻ എങ്ങനെ എൻെറ മുഖം കാണിക്കും?

പ്രഭ അതെ പ്രലാപ സ്വരത്തിൽ പറയാൻ തുടങ്ങി:—

"ഇങ്ങനെ എങ്ങും സംഭവിക്കാറില്ലേ? ഇതിൽ നിങ്ങൾക്കു നാണിക്കാനുള്ള സംഗതി എന്തു്?"

ചേട്ടൻ പ്രതിവചിച്ചു:—

"എനിക്കു ലജ്ജിക്കാനുള്ള സംഗതിയോ ? അവരം നിങ്ങളുടെ സഹോദരിയാണെന്നുള്ളതു തന്നെ ഒരു കാരണം. രണ്ടാമതായി എൻെറ ശ്വശുരഗൃഹത്തിലുള്ളവരെല്ലാം വഞ്ചകന്മാരാണെന്നുള്ളതു്; മൂന്നാമതായി നിങ്ങൾക്കും ഇതിൽ ഒരു വലിയ പങ്കു് ഉണ്ടെന്നുള്ളതു്. പോരേ? ഇത്രയും കേട്ടപ്പോൾ വിജയൻ ജ്യേഷ്ഠൻെറ മുഖത്തേക്കു നോക്കിക്കൊണ്ടു് ചിരിച്ചു. എന്നാൽ അതേ സമയം തന്നെ പ്രണാമപൂർവ്വകം പ്രഭയുടെ ചരണധൂളി എടുത്തു മസ്തകത്തിൽ അണിഞ്ഞുകൊണ്ടു് പ്രസന്നവദനനായി അദ്ദേഹം പറഞ്ഞു:—

"ചേട്ടത്തി! ജ്യേഷ്ഠൻ എന്തൊക്കെ പറഞ്ഞാലും എനിക്കു കോപമോ ദുഃഖമോ ഇല്ല. നേരേമറിച്ചു് ഈ വിഷയത്തിൽ ചേട്ടത്തിക്കു് എത്രത്തോളം പങ്കുണ്ടോ അത്രയ്ക്കു് ഞാൻ ചേട്ടത്തിയോടു കൃതജ്ഞനായിരിക്കുന്നതുമാണു്."

അനന്തരം ജ്യേഷ്ഠൻെറ നേക്കു തിരിഞ്ഞിട്ടു പറഞ്ഞു:—

"ചേട്ടാ! അവിടുന്നു് ഇങ്ങനെ കോപിക്കുന്നതു വലിയ അന്യായമാണു്. ഇക്കാര്യത്തിൽ വാക്കു കൊടുക്കുന്നതിനു് അർത്ഥമൊന്നുമില്ല; മാറുന്നതിനു് അവസരം കിട്ടുമ്പോൾ മാറും. വിവാഹം കുട്ടിക്കളിയൊന്നുമല്ല. സീതാംശു ശീമയിൽ ചെന്നു് ഐ. സി. എസ്. പാസ്സായിട്ടു വന്നിരിക്കുന്നു. ഉച്ചശ്രേണിയിലുള്ള ആരം. അനിതയോ?

കാഴ്ചയിൽ സുന്ദരി ; ബി. ഏ. പാസ്സായിട്ടുമുണ്ട്. ഈ ഞാനോ ? ഇവിടെ വച്ച് ഒരു പരീക്ഷയ്ക്കും പാസ്സാകാൻ കഴിയാഞ്ഞിട്ട് ശീമയ്ക്കുപോയി. അവിടെയും ഏഴെട്ടു കൊല്ലം കഴിച്ചു കൂട്ടി. ഒരു ഡിഗ്രിയും സമ്പാദിക്കാൻ കഴിയാതെ തിരിച്ചു വന്നു് തടിവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നു. പദഗൌരവമുണ്ടോ ? സ്ഥാനമാനമുണ്ടോ ? ഇക്കാര്യത്തിൽ അനീതി അന്യായമൊന്നും ചെയ്തിട്ടില്ല ചേട്ടാ."

ജ്യേഷ്ഠൻ കോപപൂർവം പറഞ്ഞു:—

"ഒന്നല്ല ആയിരം കുറി അന്യായമാണെന്നു ഞാൻ പറയുന്നു. നിനക്ക് ദുഃഖമൊന്നുമില്ലെന്നാണോ നീ പറയുന്നതു് ?"

വിജയൻ പറഞ്ഞു:—

"ചേട്ടാ! അവിടുന്ന് ജ്യേഷ്ഠൻ! സർവഥാ പൂജ്യൻ—അവിടുത്തെ അടുക്കൽ ഞാൻ കള്ളം പറയുമോ ? എനിക്ക് എള്ളോളം ദുഃഖമില്ലെന്നു ഞാൻ അവിടുത്തെ പാദത്തെ തൊട്ടു സത്യം ചെയ്യാം. എൻെറ പുണ്യത്താലായിരിക്കയില്ല, ആരുടെ പുണ്യത്താലോ എനിക്കു നിശ്ചയമില്ല. എങ്ങനെ ആയാലും ഞാൻ രക്ഷപ്പെട്ടു എന്നു പറഞ്ഞാൽ മതിയല്ലോ. ചേട്ടത്തി! നിങ്ങൾ പോവുക. ഞാൻ കുട്ടിക്കൊണ്ടു പോകാം. ചേട്ടൻ മുഷിഞ്ഞു വീട്ടിൽ തന്നെ ഇരിക്കട്ടേ, നമുക്കു പോകാം. നിങ്ങളുടെ സഹോദരിയുടെ അഗ്രതാംബൂല സദ്യയ്ക്കു് വയറു നിറച്ചു ഊണു കഴിച്ചിട്ടു പോരാം."

പ്രഭ അദ്ദേഹത്തിൻെറ മുഖത്തേക്കു നോക്കിയിട്ടു പറഞ്ഞു:—

"ലാലാജി! നിങ്ങഠം എന്നെ കളിയാക്കുകയാണോ?"

"അല്ല ചേട്ടത്തി! കളിയാക്കുകയല്ല. ഇന്നു ഞാൻ നിങ്ങളുടെ ആശീർവാദത്തെ സൎവ്വാന്തഃകരണങ്ങളാലും കാംക്ഷിക്കുന്നു. നിങ്ങളുടെ വരദാനത്താൽ ഭാഗ്യലക്ഷ്മി മുഖം ഉയൎത്തി എൻെറ നേൎക്ക് ദൃഷ്ടി പതിപ്പിക്കട്ടെ. ഇനി താമസിക്കാൻ പാടില്ലാ. വേഗം വസ്ത്രം ധരിക്കൂ ഞാൻ ആഫീസ്‌വേഷം മാററട്ടെ."

ഇത്രയും പറഞ്ഞിട്ട് അദ്ദേഹം പോകാൻ ഭാവിച്ചു. അപ്പോഠം ജ്യേഷ്ഠൻ പറഞ്ഞു:—

"നിനക്ക് ക്ഷണമില്ലല്ലോ—പിന്നെ നീ എങ്ങനെ പോകും?"

വിജയൻ പെട്ടെന്നു നിന്നു; അനന്തരം പറഞ്ഞു:—

"അതു ശരിയാണ്. പക്ഷേ അവർ ലജ്ജിച്ചു പോയേക്കും. എനിക്കാണെങ്കിൽ ഇന്നത്തെ മനഃസ്ഥിതി ആലോചിച്ചാൽ ക്ഷണപത്രം കൂടാതെ എവിടെ പോകുന്നതിനും ഒരു സങ്കോചവുമില്ല. ഓടിച്ചെന്ന് 'അനീതെ നിങ്ങഠം എന്നെ വഞ്ചിച്ചില്ല. നിങ്ങളുടെപേരിൽ എനിക്കു കോപവുമില്ല. നിങ്ങഠം സുഖിതയായിരിക്കണമെന്നേ എനിക്കു പ്രാൎത്ഥനയുള്ളു' എന്നു പറഞ്ഞിട്ടു പോന്നാൽ നന്നായിരിക്കും. ചേട്ടാ! എൻെറ അപേക്ഷ കേട്ടാലും! മുഷിയാതെ ചേട്ടത്തിയേയും കൂട്ടിക്കൊണ്ടു വേഗം തിരിക്കുക. എനിക്കുവേണ്ടി നിങ്ങഠം രണ്ടുപേരും അനീതയെ ആശീൎവ്വദിച്ചിട്ടു പോന്നാലും."

ജ്യേഷ്ഠനും ജ്യേഷ്ഠത്തിയും ഒരുപോലെ ഹതബുദ്ധികളായിട്ട് അദ്ദേഹത്തിന്റെ നേക്ക് നോക്കിക്കൊണ്ടിരുന്നു. പെട്ടെന്നു രണ്ടുപേരുടേയും ദൃഷ്ടി അദ്ദേഹത്തിന്റെ മുഖത്തു പതിഞ്ഞു. അവിടെ തിരസ്കാരത്തിന്റെയോ ദുഃഖത്തിന്റേയോ യാതൊരു ചിഹ്നവും കണ്ടില്ല. നേരെമറിച്ച് ഏതോ സുനിശ്ചിതമായ വിപത്തിന്റെ കുടുക്കിൽനിന്നു രക്ഷപ്പെട്ടതു കൊണ്ടുണ്ടായ അകൃത്രിമമായ ആഹ്ലാദത്തിന്റെ പ്രഭ അവിടെ വ്യാപിച്ചിരിക്കുന്നതാണ് അവർ കണ്ടതു്. എന്തൊക്കെ ആയാലും പ്രഭ ആനീതയുടെ സഹോദരിയാണല്ലോ. അവൾ ഇതു് എങ്ങനെ സഹിക്കും? അപമാനത്താൽ താഡിതയായിട്ട് അവളുടെ ഹൃദയം ജ്വലിച്ചുതുടങ്ങി. വല്ലതുംപറഞ്ഞാൽ കൊള്ളാമെന്ന് അവൾക്കു തോന്നി; പക്ഷേ ഗളം നിരുദ്ധമായിപ്പോയി.

വിജയൻ പറഞ്ഞു:—

ചേച്ചീ! എല്ലാ കാര്യങ്ങളും പറയാൻ സമയമില്ല. ഇനി ഉണ്ടാകുമോ എന്നും അറിഞ്ഞില്ല. എന്നാൽ അങ്ങനെ ഒരുദിവസം ഉണ്ടായാൽ അന്നു് നിങ്ങൾ പറയും:—

"ലാലാജി! നിങ്ങൾ ഭാഗ്യവാനാണ്. ഞാൻ നിങ്ങളെ ആശീർവദിക്കുന്നു."

# VIII

ദിവസങ്ങൾ ഏതാനും കഴിഞ്ഞു. ആനീതയുടെ വിവാഹം നടന്നു. ജ്യേഷ്ഠനും ജ്യേഷ്ഠത്തിയും പോയിരുന്നു. വിജയൻ 'ആവൂ' എന്നു നിശ്വസിച്ചു. "ഇങ്ങനെ ഒരു വധുവിനെ വീട്ടിൽ കൊണ്ടുവരുന്നതു് അനുചിതമാണു്" എന്നു് അന്നു് അനുരാധ പറഞ്ഞിരുന്നതു് അദ്ദേഹത്തിനു് ഓർമ്മയിൽ ഉദിച്ചു. 'അച്ഛനും അമ്മയും ഇല്ലാത്ത ഒരു കുട്ടിക്കുവേണ്ടി മരത്തിൻെറ മൂട്ടു് ശരണംപ്രാപിക്കുന്നതിനു ഒരുക്കമുള്ള' ആ യുവതിയുടെ രൂപം അദ്ദേഹത്തിൻെറ മുമ്പിൽ പ്രസന്നഭാവേന നില്ക്കുംപോലെ അദ്ദേഹത്തിനു തോന്നി. നാഗരികാംഗനമാരെപ്പററി പ്രസ്താവിച്ചപ്പോൾ തൻെറ അമ്മ തൊഴുകൈ ഉയർത്തിയതും അദ്ദേഹം ഓർത്തു. പക്ഷേ, ത്രിലോചനൻെറ കാര്യം സ്മരിച്ചതിതോടുകൂടി അദ്ദേഹത്തിൻെറ ഹൃദയം തപിച്ചു--അല്ല--വേപിച്ചു. നാഗരികാംഗനമാരെപ്പോലെ ആ ഗ്രാമീണകന്യക വാക്കു മാറി പ്രവർത്തിക്കുമോ? ത്രിലോചനനോടു ചെയ്ത വാഗ്ദാനത്തെ അവൾ ലംഘിക്കുമോ? പക്ഷേ കുമാരനുണ്ടല്ലോ--അവൻ അറിയാതെ തന്നെ എല്ലാം ശരിയാക്കിക്കൊള്ളും. 'എന്നെ ആരും തടയാൻ സാധിക്കയില്ല' എന്നല്ലേ അന്നു് അവൾ പറഞ്ഞതു്. വീട്ടിലെ ദയനീയാവസ്ഥയും--പ്രത്യേകിച്ചു കുമാരൻെറ അനാഥത്വവും ഓർത്തു് അവളുടെ മാതൃഹൃദയം അലിയാതിരിക്കുമോ ?

ഈമാതിരി ചിന്തകൾ അദ്ദേഹത്തിൻ്റെ ഹൃദയത്തിൽ കടന്നുകൂടി. മാസം ഒന്നു കഴിയാറായി. ജ്യേഷ്ഠമാസത്തി

ലെ കൃഷ്ണത്രയോദശി സമീപിക്കുന്തോറും അദ്ദേഹത്തിന്റെ ഹൃദയം സന്താപസമുദ്രത്തിൽ മുഴുകി.

കഴിയുന്നത്ര വേഗത്തിൽ ജോലികൾ ഒക്കെ ഒതുക്കീട്ട് അദ്ദേഹം ഗണേശപുരത്തേക്കു തിരിച്ചു.

..............................................................................

..............................................................................

സായാഹ്നം! പതിവുപോലെ അനുരാധ കുട്ടികളെ ഇരുവശത്തും ഇരുത്തികൊണ്ടു് മഹാഭാരത കഥകൾ പറഞ്ഞുകൊടുക്കുന്നു. ഒരു വണ്ടി വന്നു ഗൃഹത്തിന്റെ മുൻവശത്തു നിന്നു. ഒരു യുവാവു് അതിൽ നിന്നിറങ്ങി നേരെ മുൻവശത്തുള്ള വാതുക്കൽ വന്നു തട്ടി "ആരും ഇല്ലേ?" എന്നു ചോദിച്ചു.

അനുരാധയ്ക്കു കണ്ഠസ്വരം കൊണ്ടു് ആൾ മനസ്സിലായി. സസംഭ്രമം എണീററിരുന്നിട്ടു് സന്തോഷനോടു വാതിൽ തുറന്നു കൊടുക്കാൻ പറഞ്ഞു. അനന്തരം കുമാരനോടു് 'അച്ഛനെ പ്രണമിച്ചിട്ടു വാ' എന്നു് ഉപദേശിച്ചിട്ടു്, അവൾ അടുക്കളയ്ക്കുള്ളിൽ മറഞ്ഞു. കുമാരൻ അച്ഛനെ പ്രണമിച്ചു.

"ഞാൻ വന്നതുകൊണ്ടു് നിങ്ങളുടെ കഥയ്ക്കു മുടക്കം വന്നു, ഇല്ലേ?" എന്നു് വിജയൻ ചോദിച്ചു. കുമാരൻ ഒന്നും മിണ്ടിയില്ല.

"നിന്റെ ചെറിയമ്മയ്ക്കു സുഖം തന്നെയോ?"

"അതേ! ഞങ്ങൾക്കെല്ലാവക്കും സുഖം തന്നെ".

അനന്തരം വിജയൻ അകത്തേക്കു കടന്നു് അടുക്കളയുടെ വാതുക്കൽ എത്തി,

"ഇപ്പോഠ ഈ അസമയത്തു്? ഒരു കത്തയക്കാമായിരുന്നില്ലേ ?" എന്നു് അകത്തുനിന്നു മൃദുസ്വരത്തിൽ ഒരു ചോദ്യം പുറപ്പെട്ടു.

"എഴുത്തിനെക്കാഠ വേഗത്തിൽ ആളിനല്ലേ എത്താൻ കഴിയുന്നതു് ?" എന്നു വിജയൻ മറുപടി പറഞ്ഞു.

"കല്യാണം കഴിഞ്ഞിരിക്കാം?"

"കല്യാണം കഴിഞ്ഞു" എന്നു മറുപടി.

"വധുവിനെ കൂട്ടിക്കൊണ്ടു വന്നോ" എന്നു ചോദ്യം.

"കൂട്ടിക്കൊണ്ടു പോയിരിക്കണം."

"ഞാൻ അവിടുത്തെ കാൎയ്യമാണു് ചോദിച്ചതു്?"

"ഞാനും അവിടുത്തെ കാൎയ്യം തന്നെയാണു് പറഞ്ഞതു്."

"അവിടുന്നു് കടംകഥ പറയുംപോലെ സംസാരിക്കുന്നല്ലോ."

"കടംകഥയല്ല. എനിക്കു നിശ്ചയിച്ചിരുന്ന കന്യക എന്നെക്കാഠ യോഗ്യതയുള്ള ഒരാളെ സ്വയം പരിഗ്രഹിച്ചു. ആവൂ! എന്നു ഞാൻ ഒന്നു നിശ്വസിക്കയും ചെയ്തു."

"ആ ബീ. ഏ. ക്കാരിയാണോ ?"

"അതേ."

"അപ്പോഠ എന്റെ കുമാരൻ രക്ഷപ്പെട്ടു."

"എന്നുതന്നെ എന്റെയും വിശ്വാസം."

"അവിടുന്നു് അല്പം ഇരിക്കണം. ഞാൻ വേഗത്തിൽ ല്ലഘുഭക്ഷണം തയ്യാറാക്കിക്കൊണ്ടു വരാം."

"അതിൻെറ ആവശ്യം ഒന്നുമില്ല. ഞാൻ മൂക്കുമുട്ടേ ആഹാരം കഴിച്ചുകൊണ്ടാണു് വീട്ടിൽനിന്നു പുറപ്പെട്ടതു്."

അനുരാധ അതൊന്നും വകവയ്ക്കാതെ വേഗം പാചക ജോലിയിൽ ഏർപ്പെട്ടു.

വിജയൻ തൻെറ ആഫീസുമുറിയിൽ ചെന്നു ചാരുകസാലയിൽ കിടന്നു. വിനോദനോടു ഓരോ കാര്യങ്ങളെപ്പററി ചോദിക്കുന്ന കൂട്ടത്തിൽ ത്രിലോചനൻെറ വിവാഹത്തെപ്പററിയും അന്വേഷിച്ചു.

"ത്രിലോചനനോ? അദ്ദേഹം പുത്രപൌത്രാദികളെയും, അവരുടെ വധുജനങ്ങളേയും വിട്ടുംവച്ചു് സ്വർധുവിനെത്തേടി സ്വർഗ്ഗത്തിലേക്കു പൊയ്ക്കളഞ്ഞു. നരകത്തിലേക്കായെയ്ക്കാനും മതി. ഖണ്ഡിച്ചു പറവാൻ നിവൃത്തിയില്ല."

"എന്തായിരുന്നു സുഖക്കേടു് ?"

"പെട്ടെന്നുണ്ടായ ഒരു ജ്വരം."

"അനുരാധ അറിഞ്ഞോ ?"

"അറിഞ്ഞു."

"അവർ എന്തുപറഞ്ഞു ?"

"എന്തു പറയാനാണു് ? പാവം കരഞ്ഞുപോയി."

ഇത്രയും ആയപ്പോഴേക്കു സന്തോഷൻ വാതുക്കൽ ആവിർഭവിച്ചിട്ടു "ചെറിയമ്മ വിളിക്കുന്നു" എന്നുപറഞ്ഞു.

വിജയൻ എണീററു് അകത്തേക്കു നടന്നു. അടുക്കളെ വരാന്തയിൽ എല്ലാം മുറയ്ക്കു സജ്ജമാക്കിയിരുന്നു. അദ്ദേഹം വരുന്നതു കണ്ടപ്പോൾ കുട്ടികൾ അവിടെനിന്നു കടന്നുകളഞ്ഞു.

വിജയൻ മധുരമധുരങ്ങളായിരുന്ന ഖാദ്യപദാൎത്ഥങ്ങളെ ആക്രമിച്ചു കൊണ്ടിരിക്കുന്നതിന്നിടയ്ക്കു് അകത്തുന്നിന്നു അവയെക്കാൾ സുമധുരമായ ഒരു ചോദ്യം പുറപ്പെട്ടു:—

"അവിടുന്നു് ഇന്നുതന്നെ തിരിച്ചുപോകുന്നോ? പരിവാരജനങ്ങളെ കാണുന്നതുകൊണ്ടു ചോദിക്കുന്നതാണു്."

"ദൈവാധീനം ജഗത്സൎവ്വം, എന്നേ പറയാൻ തരമുള്ളു"

"അവിടുത്തേക്കു ദൈവാധീനക്കുറവു് എന്താണു്?"

"അതു കണ്ടറിയേണ്ടിയിരിക്കുന്നു. അചിരേണ അറിയാമെന്നാണു് പ്രത്യാശ."

"കുമാരനെ കൊണ്ടുചെല്ലാഞ്ഞതുകൊണ്ടു് അമ്മ വല്ലതും പറഞ്ഞോ?"

"പറയാതിരിക്കുമോ? വക്കാണത്തിനു കോപ്പു കൂട്ടി പുറപ്പെട്ടിട്ടു് ഒടുവിൽ കുട്ടിയേയും അവിടെ വിട്ടുംവച്ചു പോന്നോ എന്നു് അവർ ചോദിച്ചു."

അനുരാധ ചിരിച്ചു ; അനന്തരം ചോദിച്ചു:—"അവിടുന്നു് എന്തു മറുപടി പറഞ്ഞു?"

"ഞാൻ എന്തു മറുപടി പറയാനാണു് ? എന്റെ കുററമല്ല—എല്ലാം കുമാരൻ വരുത്തിവച്ചതാണെന്നു പറഞ്ഞു് ഒഴിയാൻ നോക്കി. അവർ സംഭ്രമിച്ചപ്പോൾ ഞാൻ പറഞ്ഞു:—'സംഭ്രമിക്കേണ്ട കാൎയ്യമില്ല. അവൻ ഒരു ചെറിയമ്മയെ കണ്ടുപിടിച്ചു. ഇനി ഒന്നുകിൽ ഞാൻ താനേ തിരിച്ചു പോരണം—അല്ലെങ്കിൽ ഇരുപേരേയും കൊണ്ടു വരണം എന്ന മട്ടായിരിക്കുന്നു.' പക്ഷേ അതുകേട്ടപ്പോൾ, അവർ കുമാരനെ അനുമോദിക്കാതിരുന്നില്ല."

"കുമാരനെ കൂട്ടികൊണ്ടു പോവാനാണോ ഇപ്പോൾ വന്നതു് ?"

"അതേ. എന്നാൽ..."

അനുരാധ വിഷണ്ണയായി. അവൾ ഒന്നും മിണ്ടിയില്ല. ഒടുവിൽ ചോദിച്ചു:--

"എന്നാൽ എന്നു പറഞ്ഞു നിറുത്തികളഞ്ഞതെന്താണു്?"

"എല്ലാം എൻെറ ഭാഗ്യംപോലിരിക്കും എന്നു നേരത്തേ പറഞ്ഞതല്ലോ."

"അവിടുത്തേക്കു് എന്തുഭാഗ്യക്കുറവു് ? പക്ഷേ കുമാരൻ എന്തു പറയുന്നോ?"

"ആ വിഷയത്തിൽ എനിക്കു സന്ദേഹമേ ഇല്ല. അവൻ തീർച്ചയായും വരികയില്ല. എന്നാൽ........."

അനുരാധ സങ്കുചിതയായി; അവളുടെ ഹൃദയം തുടിച്ചു. അടുത്ത വാക്യത്തെ പ്രതീക്ഷിച്ചു കൊണ്ടു് അവൾ മൗനം പൂണ്ടു.

വിജയൻ തുടന്നു:—

"എന്നാൽ കുമാരൻതന്നെ അതിനു പ്രതിവിധി ഉണ്ടാക്കണം. അവൻ ഒരു ചെറിയമ്മയെ സ്വയം ഉണ്ടാക്കിവച്ചു. പേരിനുമാത്രം. ആ ചെറിയമ്മ തന്നെ സാക്ഷാൽ ചെറിയമ്മയുടെ സ്ഥാനത്തു........................"

വാക്യം പൂർത്തിയായില്ല. അതിനു മുമ്പായി അനുരാധ പറഞ്ഞു:—

"എന്താണു് അവിടുന്നു് ഇങ്ങനെ പറയുന്നതു്. ഞാൻ ഒരു ഗ്രാമീണകന്യക; രൂപമില്ല! പഠിപ്പില്ല! അവി

ട്ടുന്ന അന്നുപറഞ്ഞ മാതിരി മാർജ്ജിത രുചിയുമില്ല. അവിടുത്തെ ഗൃഹണീപദം അലംകരിക്കുന്നതിന് അഭ്യസ്ഥവിദ്യരായ എത്രയോ യുവതികൾ കാംക്ഷിച്ചുകൊണ്ടിരിക്കുന്നു?''

"അതായിരുന്നു എൻെറ പേടി. അതിപ്പോൾ നീങ്ങിയിരിക്കുന്നു. ഇനി അനുരാധയുടെ ഭർത്തൃപദം അലങ്കരിക്കുന്നതിനുള്ള യോഗ്യത എനിക്കുണ്ടാക്കിത്തരണേ എന്നൊരു പ്രാർത്ഥന മാത്രമേ എനിക്ക് ഈശ്വരനോടു ചെയ്യേണ്ടതായിട്ടുള്ളു."

അനുരാധ ഒന്നും മിണ്ടിയില്ല. അവളുടെ നേത്രങ്ങളിൽ അശ്രുക്കൾ നിറഞ്ഞു. അശ്രുകലുഷാർദ്രമായ സ്വരത്തിൽ അവൾ പറഞ്ഞു:—

"അവിടുത്തെ ഗൃഹിണീപദത്തിന് ഈയുള്ളവൾ ഒരിക്കലും യോഗ്യയല്ല; അതിനുള്ള ഭാഗ്യം ഈശ്വരൻ എനിക്കു നല്കീട്ടില്ല. അവിടുത്തേ അമ്മ ഇതു കേട്ടാൽ എന്തു പറയും?"

"എന്റെ അമ്മയോ! അവർ ഒരു ഗ്രാമീണകന്യകയായിരുന്നു. നാഗരിക വധുക്കളുടെ ശുശ്രൂഷാസുഖം അനുഭവിച്ച് അവർക്ക് ഏതാണ്ടു തൃപ്തിയായിരിക്കുന്നു. അവരുടെ പേരു കേട്ടാൽ തന്നെ അവർക്കു ഭയമാണിപ്പോൾ. ആ വിഷയത്തിൽ യാതൊരു ആശങ്കയ്ക്കും വഴിയില്ല. അനുരാധ എന്നും എൻെറ അനുരാധയായിരിക്കുമോ എന്നൊരു ചോദ്യത്തിനു മറുപടി ലഭിച്ചാൽ ഈ ജീവിതത്തിൻെറ സാഫല്യാ സാഫല്യങ്ങളെപ്പററി തീർച്ച പറവാൻ സാധിക്കും. എന്താണു മറുപടി?

“അവിടുത്തെ ചരണധൂളി മസ്തകത്തിൽ ധരിക്കാനുള്ള ഭാഗ്യത്തിൽ കവിഞ്ഞു് ഞാൻ യാതൊന്നും ഇച്ഛിച്ചിരുന്നില്ല, ഇച്ഛിക്കുന്നുമില്ല.”

..........................................................................

..........................................................................

ഇനിയുള്ള കഥ എന്തു പറയാനിരിക്കുന്നു? അചിരേണ വിജയൻെറ വൃദ്ധയായ മാതാവിനു സേവാപരായണയായ ഒരു പുത്രിയും കുമാരനു മാതൃസ്നേഹപരവശയായ ഒരു മാതാവും ലഭിച്ചു—വിജയനൊ? വായനക്കാർ തന്നെ ഊഹിച്ചുകൊള്ളുക.

165426
38354
O157:3M76:32
32H5
UNIVERSITY LIBRARY
20 JU
MADR
MUL
165426

573156